

വനയക്ഷിയുടെ നഖങ്ങൾ

# വനയക്ഷിയുടെ
# ബലിമൃഗങ്ങൾ

എം. എസ്സ്. ബുക്കഡിപ്പോ, കൊല്ലം.

(Malayalam)

# VANAYEKSHIYUDE BALIMRIGANGAL

By

**K. C.**

(N. Parameswaran)

Janu Vilas, Quilon-6.

Copyright reserved by

P. GOPALAKRISHNAN

Pallithottam.

First Impression March 1964.

Printed at Tilak Printers, Quilon.

Copies 1000

Distributors

**M. S. Book Depot, Quilon.**

Price Rs. **1.75**

# വനയക്ഷിയുടെ ബലിമൃഗങ്ങൾ

കെ. സി.

# മുഖവുര

"വനയക്ഷിയുടെ ബലിമൃഗങ്ങൾ" എന്റെ വനസ്മരണകളുടെ രണ്ടാമത്തെ സമാഹാരമാണു്. പത്രമാസികകളിൽ ഞാൻ പലപ്പോഴായി പ്രസിദ്ധീകരിച്ചിട്ടുള്ള ലേഖനങ്ങളുടെ രണ്ടു വാല്യംകൂടി പുസ്തകരൂപത്തിലാക്കുന്നുണ്ടെന്ന വാഗ്ദത്തം വർഷങ്ങൾക്കുമുമ്പ് എന്റെ ആദ്യസമാഹൃത ഗ്രന്ഥത്തിലൂടെ ഞാൻ സഹൃദയർക്ക് നൽകിയിരുന്നു. പ്രസ്തുത അഭിലാഷം സാക്ഷാല്ക്കരിക്കപ്പെട്ടതു് ഇപ്പോൾ മാത്രമാണെന്നു് ക്ഷമാപണപൂർവ്വം അറിയിച്ചുകൊള്ളട്ടെ. അതോടൊപ്പം ഒരു കാര്യംകൂടി. 'വനസ്മരണകൾ' എന്ന ആദ്യപുസ്തകം ടെക്സ്റ്റുബുക്കായി അംഗീകരിച്ച് നമ്മുടെ വിദ്യാർത്ഥിലോകത്തിന്റെ സജീവശ്രദ്ധയിൽ കൊണ്ടുവന്ന തിരു-കൊച്ചി ഗവണ്മെന്റിനോടും പിന്നീടുണ്ടായ കേരളാഗവണ്മെന്റിനോടും ഞാൻ അതീവകൃതജ്ഞനാണു്.

സരളവും രൂക്ഷവുമായ സൗന്ദര്യഭാവങ്ങൾ സമഞ്ജസമായി സമ്മേളിച്ചിട്ടുള്ള വനപ്രകൃതിയെക്കൊണ്ടു് അനുഗൃഹീതമായ നാടാണു നമ്മുടെ കേരളം. പക്ഷേ, ഈ അസാധാരണ സൗന്ദര്യമേഖലയിലേയ്ക്കു് കടന്നുചെന്നു കലാനുഭൂതികളാർജ്ജിക്കാൻ നമ്മുടെ സാഹിത്യകാരന്മാർ ഇനിയും തുനിഞ്ഞിട്ടില്ലെന്നതു് തികച്ചും, ഖേദകരമത്രേ. പുഷ്ടിപ്പെട്ടുവരുന്ന നമ്മുടെ സഞ്ചാരസാഹിത്യത്തിന്റെ അതിർത്തികൾ വനഭൂമിയിലേയ്ക്കു് വളരുന്നതായി കാണുന്നില്ല. ഉദ്യോഗസംബന്ധമായി, നമ്മുടെ കൊടുംകാടുകളിൽ മാറിമാറിവരുന്ന ഋതുക്കളെയും ശാന്തംമുതൽ ബീഭത്സംവരെയുള്ള രസങ്ങളാവിഷ്ക്കരിക്കുന്ന മൃഗങ്ങളേയും അവധാനിച്ചുകൊണ്ടു കഴിഞ്ഞുകൂടേണ്ട സാഹചര്യം എന്റെ ജീവിതത്തിന്റെ ഒരു വലിയ കാലയളവിൽ ഉണ്ടായി. അന്നത്തെ എന്റെ ചൂടേറിയ അനുഭവങ്ങളും ഉള്ളിൽതട്ടിയ അനുഭൂതികളുമാണു് ഈ ലേഖനപരമ്പരയ്ക്കു നിദാനം. പൂക്കളും പഴങ്ങളും ഡോളർ നേടുന്ന വിഭവവൈവിദ്ധ്യങ്ങളുമുള്ള നമ്മുടെ വനമേഖലയ്ക്കു് ഒരു രക്തയക്ഷിയുടെ ക്രൗര്യഭാവംകൂടിയുണ്ടെന്നു് അനുഭവങ്ങൾ എന്നെ പഠിപ്പിച്ചു

വനസ്മരണകളുടെ ഒരിംഗ്ലീഷ് തർജ്ജമ തയാറായിവരുന്നുണ്ടെന്നുള്ള വസ്തുതകൂടി സഹൃദയസുഹൃത്തുക്കളെ എനിക്കറിയിക്കാൻ സന്തോഷമുണ്ടു്. സമീപഭാവിയിൽ പ്രസിദ്ധീകരിക്കാൻപോകുന്ന ആ ഇംഗ്ലീഷ്പകർപ്പ് കേരളാരണ്യങ്ങളുടെ പ്രോജ്ജ്വലചൈതന്യത്തിലേക്ക് അന്യജനതകൾക്ക് ഒരു ചെറിയ ജനാലയായിരിക്കുമെന്നു ഞാൻ വിനയപൂർവ്വം കരുതുന്നു.

'വനയക്ഷിയുടെ ബലിമൃഗങ്ങൾ' ഇത്ര ഹൃദയഹാരിയാംവിധം അച്ചടിച്ചുതന്ന കൊല്ലം തിലക് പ്രിന്റേഴ്സ് അധികൃതരെ ഞാൻ കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു.

വിധേയൻ,

പള്ളിത്തോട്ടം, കൊല്ലം. കെ. സി.

5-2-1964

# അവതാരിക

ഒരു നല്ല സഹൃദയനെന്നും, സാഹിത്യമർമ്മജ്ഞനെന്നും സർവസമ്മതി സമാർജ്ജിച്ചിട്ടുള്ള ശ്രീ: കെ. സി. യുടെ 'വനയക്ഷിയുടെ ബലിമൃഗങ്ങൾ' എന്ന ഈ സമാഹാരഗ്രന്ഥം സഹൃദയസമക്ഷം അവതരിപ്പിക്കാൻ എനിക്കു് അനല്പമായ സന്തോഷമുണ്ടു്. ഈ ഗ്രന്ഥകർത്താവിൻെറ ആദ്യകൃതിയായ "വനസ്മരണകൾ" ക്കു് അവതാരികയെഴുതി, കെ. സി. എന്ന ഈ തൂലികാനാമധാരി കൊല്ലം പള്ളിത്തോട്ടത്തു് (റിററയ്ഡ്) റയിഞ്ചർ ശ്രീ: എൻ. പരമേശ്വരനാണെന്നു് പ്രഖ്യാപനംചെയ്തതു് ഒരു വ്യാഴവട്ടത്തിനു മുമ്പു് എൻെറ പിതാവായ ശ്രീ: സി. വി. കുഞ്ഞുരാമൻ ആയിരുന്നു. ആ പരിതഃസ്ഥിതിക്കു് ഈ രണ്ടാമത്തെ പ്രസിദ്ധീകരണത്തിനു് അവതാരിക എഴുതാൻ ശ്രീ: പരമേശ്വരൻ എന്നെ പിടികൂടിയതിൽ എനിക്കു് ഒരു അഭിമാനകൃതാർത്ഥതതന്നെ തോന്നുന്നുണ്ടു്.

ഏതാണ്ടു് ഇരുപത്തഞ്ചുകൊല്ലം മുമ്പാണു്, ഞങ്ങളിൽ ചിലരുടെ നിർബന്ധം സഹിക്കവയ്യാതെ, അന്നു് ശ്രീ: സി. വി. കുഞ്ഞുരാമൻെറ പത്രാധിപത്യത്തിൽ പ്രസിദ്ധപ്പെട്ടുത്തിക്കൊണ്ടിരുന്ന 'കൗമുദി' 'നവജീവൻ' എന്നീ വാരികകളിൽ ഈ വനസ്മരണകൾ എഴുതാൻ ശ്രീ: കെ. സി. ആരംഭിച്ചതു്. "ചെങ്ങറത്തോട്ടത്തിലെ കൊലയാന" എന്ന പേരിൽ പ്രസിദ്ധപ്പെട്ടുത്തിയ ആദ്യത്തെ സ്മരണതന്നെ രസവേദികളായ വായനക്കാരുടെ സവിശേഷമായ ശ്രദ്ധയ്ക്കു പാത്രമാകയും,

ലേഖനകർത്താവിന്ന് നിരവധി അഭിനന്ദനക്കത്തുകൾ സിദ്ധി ക്കയും ചെയ്തു. ആ അഭിനന്ദനങ്ങളുടെ കൂട്ടത്തിൽ ആ സ്മരണ യിലെ ഒരു പാത്രമായ റീജൻറ് മഹാറാണിതിരുമനസ്സിലെ ഭർത്താവു് വലിയകോയിത്തമ്പുരാൻതിരുമനസ്സിലെ ഒരു കത്തും ഉണ്ടായിരുന്നതായി ഞാൻ ഓർമ്മിക്കുന്നു. അന്നുമുതൽ അത്യുജ്ജ്വലങ്ങളായ ഒട്ടുവളരെ സ്മരണകൾ പല പത്രഗ്രന്ഥ ങ്ങളിലും പ്രസിദ്ധപ്പെടുത്തി, ശ്രീ: പരമേശ്വരൻ സ്ഥിര മായ ഒരു ആരാധകവലയത്തെ സൃഷ്ടിച്ചിട്ടുണ്ടു്.

പത്തുമുപ്പതുകൊല്ലത്തെ ന്യക്കാർജീവിതത്തിനിടയിൽ, തിരുവിതാംകൂറിലെ വനങ്ങളും മലകളും വനജീവിതങ്ങളു മായി വളരെ അടുത്തു പരിചയപ്പെടുന്നതിനു് ശ്രീ: പരമേ ശ്വരനു് സാധിച്ചിട്ടുണ്ടു്. ഈ സാമീപ്യസമ്പർക്കങ്ങളും, അനുഭവങ്ങളും, സൂക്ഷ്മഗ്രാഹിയും ഭാവനാസമ്പന്നനുമായ ഈ അനുഗൃഹീതകലാമർമ്മജ്ഞനു് ഉളവാക്കിയ അത്ഭുതാനന്ദ ങ്ങൾ എത്രമാത്രമായിരുന്നു എന്നുള്ളതിൻെറ മനോജ്ഞനിദ ർശനങ്ങളായി ഈ സ്മരണകൾ എന്നും ശോഭിക്കുമെന്നുള്ളതു നിർവിവാദമാകുന്നു.

ശ്രീ: പരമേശ്വരൻെറ വർണ്ണനാപടുതയും കഥാകഥന ചാതുരിയും സർവവിദിതമാണു്. നമ്മുടെ വനങ്ങളെയും വനജന്തുക്കളെയും സംബന്ധിക്കുന്ന 'മൂലകഥകൾ' മലയാള സാഹിത്യത്തിൽ അതിവിരളമാണു്. അതിനാൽ, അചുംബി തമായ ഒരു കാവ്യാധ്വാവിൽക്കൂടിയാണു് ഈ സ്മരണകളുടെ കർത്താവു് ഒരു വീരസാഹസികനെപ്പോലെ സഞ്ചരിക്കാൻ മുതിർന്നതെന്നുള്ളതിൽ സന്ദേഹമില്ല. ആ സഞ്ചാരം വിപൽ ക്കരമായിരുന്നെങ്കിലും, വിജയപര്യവസായിയായിത്തീരാൻ സരസ്വതീദേവിയുടെ വരപ്രസാദം ശ്രീ: പരമേശ്വരനു വേണ്ടുവോളം സംസിദ്ധമായിട്ടുണ്ടു്.

ശ്രീ: പരമേശ്വരൻെറ ആദ്യകൃതിയായ "വനസ്മരണ കളിൽ" സാഹിത്യക്ഷേത്രത്തിൽ ആദ്യമായി കടന്നുചെല്ലുന്ന ഒരു സാഹിതീഭക്തൻെറ അധീരതയും, സങ്കോചവും ചില ദിക്കുകളിലെല്ലാം പ്രകടമാണെന്നു തോന്നാം. പക്ഷേ, അവയൊന്നും കഥകളുടെ ഹൃദയാവർജ്ജകത്വത്തെയോ,

രസാനുഭൂതിയെയോ അപഹരിക്കാൻ പര്യാപ്തമല്ല. "വനയക്ഷിയുടെ ബലിമൃഗങ്ങൾ" എന്ന ഈ നൂതനപ്രസിദ്ധീകരണത്തെ സംബന്ധിച്ചാകട്ടെ, പയററിത്തെളിഞ്ഞ ഒരു സാഹിത്യനായകൻെറ തൂലികയുടെ തെളിവും മിഴിവുമുററ വിലാസചേഷ്ടകളാണ് സർവത്ര ദൃശ്യമാകുന്നത്. കലാകുശലതയും, പ്രയോഗചാതുരിയും വദ്ധിച്ച്, അയത്നലളിതമായി കഥ മുന്നോട്ടു പറഞ്ഞുകൊണ്ടുപോകുന്നതിനുള്ള കൗശലം ശ്രീ: പരമേശ്വരൻ സ്വായത്തമാക്കിയിരിക്കുന്നു.

"വനയക്ഷിയുടെ ബലിമൃഗങ്ങൾ" എന്ന ഈ സമാഹാരത്തിലെ ഏതു കഥയും വായിച്ചുനോക്കു; സരോജിനിയുടെ പ്രസവമോ, പത്മിനിയുടെ പ്രണയമോ, ചോരകുടിക്കുന്ന കാട്ടുപുല്ലോ, കൊമ്പൻെറ കാരാഗൃഹമോ, ഏതെങ്കിലും. ഗ്രന്ഥകത്താവിൻെറ ഭാവനാവിലാസവും കലാവിദഗ്ദ്ധതയും കൊച്ചുസംഭവങ്ങൾക്കു ചുററും അത്ഭുതപ്രപഞ്ചങ്ങൾ ഐന്ദ്രജാലികൻെറ പിഞ്ഛികാചഞ്ചലനംകൊണ്ടെന്നപോലെ നിമിഷത്തിൽ സൃഷ്ടിക്കുന്നതു കണ്ട് നാം ആശ്ചര്യപ്പെട്ടുപോകും. മധുരവചഃപ്രസരംകൊണ്ട് ആശയങ്ങളെ മോഹനങ്ങളും അവിസ്മരണീയങ്ങളും ആക്കുന്നതിനുള്ള അനുഗൃഹീതവരലബ്ധിയും നമുക്കു ബോദ്ധ്യമാകും. ആരുടെയും അവതരണമോ, പ്രശംസയോ, അവലംബമോ ഒന്നും കൂടാതെതന്നെ ശ്രീ: പരമേശ്വരനു് സാഹിത്യക്ഷേത്രത്തിൽ പൂജ്യമായ ഒരു സ്ഥാനം, സ്ഥിരപ്രതിഷ്ഠ, ലഭിച്ചുകഴിഞ്ഞതിൽ ഞാൻ അദ്ദേഹത്തെ ഹാദ്ദമായി അനുമോദിക്കുന്നു. കാവ്യത്തിൻെറ പരമപ്രയോജനം യശസ്സും അത്ഥവുമാണെന്നു് പറയുന്നതു ശരിയാണെങ്കിൽ, അദ്ദേഹത്തിൻെറ "വനസ്മരണകൾ" രണ്ടും അദ്ദേഹത്തിനു നേടിക്കൊടുത്തിട്ടുണ്ട്. ഈ "വനയക്ഷിയുടെ ബലിമൃഗങ്ങൾ" "വനസ്മരണകളെ" അതിശയിക്കുന്ന യശസ്സും അത്ഥവും അദ്ദേഹത്തിനു് ആർജ്ജിച്ചുകൊടുക്കട്ടെ എന്നു് ഞാൻ ആശംസിക്കുന്നു.

പക്ഷേ, ശ്രീ: പരമേശ്വരനെ സംബന്ധിച്ചിടത്തോളം ഒന്നു പറയാതിരിക്കാൻ സാധ്യമാകുന്നില്ല. അദ്ദേഹത്തിലെ സാഹിത്യകാരൻ, അസൂയാർഹനായ ഒരു സമുദായസ്നേഹിയേയും രാജ്യസ്നേഹിയേയും ആവരണംചെയ്തുകളഞ്ഞിരിക്കുന്നു.

സമുദായനന്മയേയും രാജ്യനന്മയേയും ലക്ഷ്യമാക്കി അദ്ദേഹം വിവിധ വൃത്താന്തപത്രഗ്രന്ഥങ്ങളിൽ എഴുതിയിട്ടുള്ള ലേഖനങ്ങൾക്കും നടത്തിയിട്ടുള്ള സമരങ്ങൾക്കും അററമില്ല. ഒരു ആർഭാടവും, പ്രശസ്തിയിൽ കാംക്ഷയും കൂടാതെ അതിസമർത്ഥമായി അദ്ദേഹം അനുഷ്ഠിച്ചിട്ടുള്ള സേവനങ്ങൾക്കു് ഘടദീപത്തിൻെറ ഗതി സംഭവിച്ചുപോയെങ്കിൽ, അതിനു് അദ്ദേഹത്തിൻെറ സർക്കാർസർവീസിൻെറ പരാധീനതയെ പഴിക്കേണ്ട കാര്യമേയുള്ളു. രാഷ്ട്രീയനേതാക്കന്മാരുടേയും സമുദായനേതാക്കന്മാരുടേയും ഇടയിൽ ശ്രീ: പരമേശ്വരനു ബഹുമാന്യമായ ഒരു സ്ഥാനം എന്നും ഉണ്ടായിരുന്നു എന്നു് കഴിഞ്ഞ അമ്പതുകൊല്ലമായി, അവിച്ഛിന്നമായി, സുദൃഢമായ സൗഹൃദം അദ്ദേഹവുമായി പുലർത്തിപ്പോരുന്ന എനിക്കു് ശപഥം ചെയ്യാൻ കഴിയും. എത്രയോ കാലമായി അദ്ദേഹം കൊല്ലം പട്ടണത്തിലെ ഒരു വിശിഷ്ടവ്യക്തിയായിട്ടല്ല, വിശിഷ്ട സ്ഥാപനമായാണു് പ്രശോഭിക്കുന്നതു്.

ഈ സാഹിത്യസേവനങ്ങളും സമുദായസ്നേഹങ്ങളുമൊക്കെ, മററുള്ളവരെ ക്ലീബരാക്കാൻ പര്യാപ്തമായ ഒരു മഹാരോഗത്തിൻെറ ദംഷ്ട്രകൾക്കിടയിൽക്കിടന്നു ഞെരിയവേയാണു് അദ്ദേഹം നിർവഹിച്ചതെന്നോർമ്മിക്കുമ്പോൾ ആശ്ചര്യം തോന്നും. ആ 'വ്യസനിത്വ' ത്തിനുമിടയിൽ നമ്മെ ചിരിപ്പിക്കുന്നതിനും, രസിപ്പിക്കുന്നതിനും, ആഹ്ലാദിപ്പിക്കുന്നതിനും, ആശ്ചര്യപ്പെടുത്തുന്നതിനും വേണ്ട മുതൽക്കൂട്ടുകൾ നേടിവച്ച ആ ആത്മസുഹൃത്തിനു് എൻെറ കൂപ്പുകൈ!

മയ്യനാട്ട്, 5—2—64

കെ. ദാമോദരൻ.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| 1. | സരോജനിയുടെ പ്രസവം | 9 |
| 2. | ചോരകുടിക്കുന്ന കാട്ടുപുല്ല് | 15 |
| 3. | പത്മിനിയുടെ പ്രണയം | 23 |
| 4. | കൊമ്പൻെറ കാരാഗൃഹം | 31 |
| 5. | കീവറീതിൻെറ കാലക്കേട്ട് | 35 |
| 6. | കിണ്ടംപിണഞ്ഞ ജംബുകശ്രേഷ്ഠൻ | 45 |
| 7. | സാഹസികമായ ഒരു തസ്കരവേട്ട | 51 |
| 8. | ആ വൃകോദരൻ രക്ഷപ്പെട്ടില്ല | 63 |
| 9. | കാമിനിമൂലം | 71 |
| 10. | പറക്കുണ്ടാമണ്ടികളുടെ പുത്തി-വെരിഗുഷ്ഠ് | 79 |
| 11. | ഡാക്ടരുടെ നോ ഹോപ്പ് കേട്ടപ്പോൾ | 87 |
| 12. | കടുവായുടെ കാൽചുവടുകളിലൂടെ | 97 |
| 13. | ഒരു ഒററയാൻെറ ലീലാവിലാസങ്ങൾ | 105 |
| 14. | ചുടുരക്തത്തിൽ വിരചിച്ച-ഒരു റെയിൽവേപാത | 115 |

# സരോജനിയുടെ പ്രസവം

ഉന്മേഷം ഉത്തേജിപ്പിക്കുന്ന ഉഷസ്സിൻെറ ദേശീയ പതാകയായ വെള്ളിനക്ഷത്രം ഒരു വനകുസുമം വിടൎന്നതുപോലെ കാന്തിയും ശോഭയും വഹിച്ചുകൊണ്ടു് പൂൎവ്വദിക്കിൽ പ്രത്യക്ഷപ്പെട്ടു. ഗിരിശിഖരങ്ങളിൽ നിന്നു് അപ്പോൾ ഊതി അടിക്കുവാനാരംഭിച്ച സുഖസന്ദായകമായ കുളിർകാററു് പ്രകൃതിയുടെ വികൃതി എന്നോണം സരോജനിയുടെ പ്രസവം പ്രതീക്ഷിച്ചു് ഉറക്കമിളച്ചിരുന്ന വേണ്ടുംജനങ്ങളെ ഗാഢനിദ്രയിൽ ലയിപ്പിച്ചുകളഞ്ഞു. ശാസ്താപ്രതിഷ്ഠകൊണ്ടു് വഞ്ചിരാജ്യത്തിൻെറ പ്രതിരോധകൎമ്മം പ്രശസ്തമായി നിർവഹിച്ചുപോരുന്ന പുണ്യഭൂമിയായ കുളത്തൂപ്പുഴയിൽവച്ചു് 1124 കൎക്കടകം 9-ാംതീയതി ഏഴരനാഴിക വെളുപ്പുള്ളപ്പോൾ സരോജനി ഒരു പെൺകുഞ്ഞിനെ പ്രസവിച്ചു. ആരുമാരും അറിയാതെ, ആരുടേയും പരിചരണംകൂടാതെ, ഉൽക്കണ്ഠാജനകമായ ആ ദശാസന്ധി അവൾ തരണം ചെയ്തു. ഒരു അമ്പാട്ടി പെൺകുഞ്ഞു്! മാതാവിൻെറ ഗർഭപാത്രത്തിൽ നിന്നും ഭൂമിദേവിയുടെ കൈത്തലത്തിൽ പതിച്ച ആ ഓമന ശിശു നീങ്ങിനീങ്ങി പച്ചപ്പടപ്പിൽ പ്രവേശിച്ചു. വഞ്ചന നിറഞ്ഞ മനുഷ്യലോകത്തെ നോക്കി അതു് ഹൃദയം നീറി വിങ്ങിവിങ്ങി നിലവിളിച്ചു. ആ ദയനീയരോദനം സരോജനിയുടെ പ്രസവം പ്രതീക്ഷിച്ചു് ഉറക്കംവരിച്ചുപോയ കൃത്യവിലോപന്മാരെ അവരുടെ സുഖനിദ്രയിൽനിന്നും ഞെട്ടിയുണൎത്തി. ആ കരച്ചിൽ ഒരു കുഞ്ഞാനയുടേതായിരുന്നു

എന്നു് അവക്കു് ആദ്യം മനസ്സിലായില്ല. ആനക്കൂടിനു വെളിയിൽ വെട്ടിത്തെളിച്ച പറമ്പിൽ തളച്ചിരുന്ന സരോജനിയെ തട്ടിക്കൊണ്ടുപോകുവാൻ, അടുത്തുള്ള വനത്തിൽ നിന്നു്, സ്വജനങ്ങളിൽ ആരോ എത്തിയിരിക്കുന്നതായി കരുതി ഉറക്കത്തിൽനിന്നും ചാടിയുണൎന്ന പാപ്പാന്മാരും, ഫാറസ്റ്റു് ഉദ്യോഗസ്ഥന്മാരും കൂട്ടത്തോടെ നിലവിളിച്ചു വിളക്കുകൾ കൊളുത്തി. അപ്പോൾ കാണാം ആ പെൺകുഞ്ഞു് പച്ചപ്പടപ്പിൽനിന്നും വിളക്കുകൾ കണ്ട സ്ഥലത്തേക്കു കരഞ്ഞുകൊണ്ടു് തത്തിത്തത്തി ഓടിവരുന്നു! എന്തൊരത്ഭുതം!! എന്തൊരാനന്ദം!!! അതുവരെ ബന്ധനത്തിലും, അന്ധകാരത്തിലും കഴിഞ്ഞുകൂടിയ ആ ജീവിക്കു പ്രകാശം അത്യാകൎഷകമായി തോന്നിയിരിക്കണം; സ്വാതന്ത്ര്യം ഹൃദയവേദ്യമായും അനുഭവപ്പെട്ടിരിക്കണം. പെററതള്ളയുടെ സ്തനങ്ങളിൽ മുത്തി അമ്മിഞ്ഞി നുണച്ചിറക്കുന്നതിനുള്ള ആഗ്രഹത്തേക്കാൾ ഇരുളിൽനിന്നു വെളിച്ചത്തേയ്ക്കും, പാരതന്ത്ര്യത്തിൽനിന്നു സ്വാതന്ത്ര്യത്തിലേക്കും ഉള്ള ജന്മസിദ്ധമായ ആവേശമാണു് ആ കൊച്ചുകുഞ്ഞിനു് മുന്നേറിനിന്നതു്. സ്വജീവനേക്കാൾ അറിവും സ്വാതന്ത്ര്യവും പ്രിയതരങ്ങളായി അതു കണ്ടു. അവിടെ ഉണ്ടായിരുന്ന മനുഷ്യർ ലജ്ജയോടുകൂടി അതു നോക്കിനിന്നു രസിച്ചു.

സരോജനിയാകട്ടെ പ്രസവാനന്തരക്ലേശങ്ങൾ എല്ലാം വിസ്മരിച്ചു് ഏതോ ഉൽക്കടമായ ചിന്താഭാരത്തോടും അമൎഷത്തോടുംകൂടി നാലുദിക്കിലേയ്ക്കും അവളുടെ ജലംനിറഞ്ഞ നയനങ്ങൾ ജ്വലിപ്പിച്ചുകൊണ്ടിരുന്നു. എന്തായിരുന്നിരിക്കണം അവളുടെ അപ്പോഴത്തെ ചിന്താഗതി? വനാന്തരത്തിൽ സ്വതന്ത്രമായി സ്വജനങ്ങളുടെ സാന്നിദ്ധ്യത്തിൽ അവളുടെ പ്രസവം നടക്കേണ്ട.വിധം നടന്നില്ലെന്നുള്ളതായിരിക്കുമോ? അതല്ല, അവളുടെ പ്രേമത്തിൻെറ ആദ്യഫലത്തെ അണച്ചുനിൎത്തി ശത്രുക്കളിൽനിന്നും സംരക്ഷിക്കുവാൻ കടമ

പ്പെട്ട പ്രിയതമൻ അഥവാ "കുഞ്ഞിൻെറ അച്ഛൻ" അവിടെ വന്നുചേരാത്തതിലുള്ള അസഹിഷ്ണത ആയിരിക്കുമോ? ജീവനും തനുവും പോലെ, പൂവും മണവും പോലെ അഭേദ്യമായി സുഖദുഃഖങ്ങളിൽ ഒന്നുപോലെ ആജീവനാന്തം പങ്കുകൊള്ളുവാൻ ബാദ്ധ്യതപ്പെട്ട അവരുടെ ദാമ്പത്യബന്ധം ഇങ്ങനെ പുരുഷനു് അവകാശവും, സ്ത്രീക്കു ബാദ്ധ്യതയുമായി മാത്രം അവസാനിച്ചിരിക്കുന്ന അവളുടെ ജീവിതനാടകത്തിലെ ശോകാത്മകത്വം ഓർത്തു് അവൾ കണ്ണുനീർ വാർക്കുകയാണു്. കഴിഞ്ഞകൊല്ലം മാഘമാസം 24-ാംതീയതി അർദ്ധരാത്രിസമയം മണക്കാവുപച്ചയിൽവച്ചു് അവൾ അവനെ പിരിഞ്ഞു. പിരിഞ്ഞതല്ല; അന്നത്തെ തിരുവിതാംകൂർ ഗവമ്മെൻറിൻെറ ധനദാഹം അവളെ അവനിൽനിന്നും അപഹരിച്ചെടുത്തു. ഹൃദയഭേദകമായ ആ രംഗം അവൾ ഓക്കുന്നുണ്ടായിരിക്കും. ഗവമ്മെൻറിനു് ഏതു് അക്രമവും പ്രവത്തിക്കാം. ഏതു് അപഹരണവും നടത്താം: ആ വിധത്തിൽ നിയമം തിരുത്തേണ്ട സമയമേ വേണ്ടു.

കുളത്തൂപ്പുഴനിന്നും പതിനാറുനാഴിക കിഴക്കുള്ള ചങ്കിലിക്കടുത്താണു് മണക്കാവുപച്ച. അവിടെയും അതിനടുത്തുള്ള ഓന്തുപച്ച, മൂലക്കയം മുതലായ ഘോരാരണ്യപ്രദേശങ്ങളിലുമായി കഴിഞ്ഞകൊല്ലം പുതവച്ചിരുന്ന അമ്പതോളം ആനക്കുഴികളിലൊന്നിൽ ചന്ദ്രികാധവളമായ അന്നത്തെ നിശീഥിനിയെ ഒരു കാർമേഘഖണ്ഡം നിശ്ശേഷം ഗ്രസിച്ചിരുന്ന സന്ദർഭത്തിൽ, നിർഭാഗ്യവതിയായ ആ പുഷ്ക്കരിണി നിരപായം നിപതിച്ചു. കരയ്ക്കുകയറി രക്ഷപ്പെടാൻ അവൾ പഠിച്ചപണി പതിനെട്ടും പയററിനോക്കി എങ്കിലും ആ ഇടയ്ക്കു് കോന്നിയിൽനിന്നും ആനപിടിത്തത്തിൽ അതിസമത്ഥനായ ഒരു ഫാറസ്ററരെ പ്രത്യേകം വരുത്തിയിരുന്നതിനാൽ അവളുടെ പരിശ്രമങ്ങൾ വിഫലങ്ങളായി ഭവിച്ചു. അവളോടൊപ്പം സഞ്ചരിച്ചിരുന്ന അവ

ളുടെ പ്രിയതമൻ അല്പനേരത്തെ ബഹളത്തിനുശേഷം അവളെയും ഉപേക്ഷിച്ച് ഓടിമറഞ്ഞു. ഭാര്യ, ഭർത്താവിൻെറ ചുടലയിൽചാടി മരിക്കണമെന്നല്ലാതെ ഭർത്താവു ഭാര്യയുടെ ചുടലയിൽ ചാടുന്ന പതിവ് ആർഷഭാരതത്തിൻെറ പാരമ്പര്യത്തിൽ പണ്ടേ ഇല്ലാത്തതുതന്നെ. സ്ത്രീകളുടെ നിർബന്ധംകൊണ്ടായാലും പുരുഷൻെറ കീഴടക്കംകൊണ്ടായാലും ആ പഴയ സതിസമ്പ്രദായം ഇംഗ്ലീഷുകാരൻെറ ഭരണത്തോടുകൂടി ഇവിടെ ഇല്ലാതെയായി. ഇന്നു് അവൻ പോയിക്കഴിഞ്ഞു. ഭാരതം സ്വാതന്ത്ര്യവുമായി. പഴയ പാരമ്പര്യങ്ങൾ തിരിച്ചുവരാതെ പെണ്ണുങ്ങൾ നോക്കിക്കൊള്ളുകയേ വേണ്ടു. അതവിടെ നിൽക്കട്ടെ. കോന്നിയിൽനിന്നും ആ ഫാറസ്റ്റർ വരുന്നതിനുമുമ്പ് കുളത്തുപ്പുഴക്കുഴികളിൽ വീണ ആനകൾ എല്ലാം കയറിപ്പോരുകയാണുണ്ടായതെങ്കിലും പ്രായാധിക്യം കൊണ്ടു കയററിവിട്ടു എന്നായിരുന്നു അധികൃതറിപ്പോർട്ടുകൾ എന്നു പറയപ്പെടുന്നു. ഏതായാലും കുളത്തുപ്പുഴ റെയിഞ്ചിലെ കഴിഞ്ഞകൊല്ലത്തെ ആനപിടിത്തം വിജയകരമായിരുന്നു എന്നു പറയുവാൻ നിവൃത്തിയില്ല. ആകെ രണ്ടാനകളെയാണു ലഭിച്ചതു്. ഇവിടെ പണ്ടും ആനപിടിത്തമുണ്ടായിരുന്നതാണു്. ഇരുപതിനായിരത്തിനുമേൽ ചിലവുചെയ്തു് ഇപ്പോൾ പണിയിച്ചിരിക്കുന്ന ആനക്കൂടിനു മുമ്പു് അവിടെ ആറു് ആനകൾക്കു കിടക്കത്തക്കവിധം ഒരു കൂട്ടം ഉണ്ടായിരുന്നു. ഇന്നത്തെക്കൂട്ട് എട്ടാനകൾക്കു കിടക്കാവുന്ന പരിഷ്കരിച്ച പതിപ്പാണു്. നല്ല സ്വർണ്ണക്കുഴലായതുകൊണ്ടുമാത്രം വായന നന്നായിരിക്കണമെന്നില്ലല്ലോ. കുഴലുകാരനു വായിക്കുവാനുള്ള സാമർത്ഥ്യവും ഉണ്ടായിരിക്കണം. കുളത്തുപ്പുഴറെയിഞ്ചിൽ ആനക്കൂടിരിക്കുന്നിടവും ആനകളെ പിടിക്കുന്നതിനുള്ള കുഴികൾ എടുക്കുന്ന സ്ഥലങ്ങളും തമ്മിൽ അനേകം നാഴിക ദൂരമുള്ളതുകൊണ്ടു് ആനപിടിത്തം വിജയകരമാവാൻ മാർഗ്ഗമി

ല്ലെന്നു ചിലർ പറയുന്നുണ്ടു്. ചങ്കിലിയിലും മററുമുള്ള കുഴികളിൽ വീഴുന്ന ആനകളെ വടം ഏല്പിച്ചു്, കുഴികയററി, താപ്പാനകളും പാപ്പാന്മാരുംകൂടി ഇടംവലം നിന്നു് പത്തു പതിനഞ്ചു നാഴിക വലിച്ചുനടത്തി മടത്തുറക്കൊണ്ടുവന്നു് ഒരുരാത്രി തളച്ചു്, അടുത്തദിവസം അവിടെനിന്നു വീണ്ടും നടത്തി പിന്നെയും എട്ടുപത്തു നാഴിക അകലെയുള്ള കുളത്തുപ്പുഴ കൂട്ടിൽ കൊണ്ടടയ്ക്കുന്നതിനു പകരം മടത്തുറയിൽ ഒരു കൂട്ടുണ്ടായിരിക്കുന്നതാണു നല്ലതെന്നാണു് അവരുടെ അഭിപ്രായം. അധികാരവും ചുമതലയും ഉള്ളവക്കു് ആ ഭാഗം വിട്ടുകൊണ്ടു് ഞാൻ കഥ തുടരാം.

ആർഷഭാരതത്തിലെ സ്ത്രീത്വത്തിൻെറ ഉത്തമമാതൃകയും, പ്രതിഭാവിലാസത്തോടുകൂടിയ ആംഗ്ലേയഭാഷാകവയിത്രിയും, സ്വതന്ത്രഭാരതത്തിലെ ഒന്നാമത്തെ വനിതാഗവർണ്ണരും ആയിരുന്ന ശ്രീമതി സരോജനീദേവിയുടെ ദേഹവിയോഗത്തെക്കുറിച്ചുള്ള വ്യസനവാർത്തയും ഉന്നതമായ കുളത്തുപ്പുഴ മലകളുടെ സാനുപ്രദേശങ്ങളിൽ കാടിളക്കി വിഹരിച്ചിരുന്ന നവോഢയായ ഒരു പുഷ്കരിണി മണക്കാവുപച്ചയിലെ ആനക്കുഴിയിൽ വീണുകിടക്കുന്നു എന്നുള്ള സന്തോഷവർത്തമാനവും കുളത്തുപ്പുഴ റെയിഞ്ചാഫീസിൽ ഇരിക്കുന്ന "റെയിഞ്ചരെജമാൻ" ഒരേസമയത്താണു ശ്രവിച്ചതു്. അതുകൊണ്ടു കുഴിയിൽവീണ ആനയ്ക്കു് "സരോജനീദേവി" എന്നു നാമകരണംചെയ്ത ആ സക്കാരുദ്യോഗസ്ഥൻെറ ഔചിത്യബോധം അഭിനന്ദനാർഹംതന്നെയാണു്. അന്നു് സരോജനിക്കു് അഞ്ചോ ആറോ മാസം ഗർഭം ഉണ്ടായിരുന്നു. വയസ്സു് ഇരുപത്തിരണ്ടിൽ കൂടിയിരുന്നില്ല. സാധാരണയായി പന്ത്രണ്ടാംമാസത്തിലാണു് ആന പ്രസവിക്കാറുള്ളതെന്നു് ഒരു കൂട്ടരും, അതല്ല 12 മുതൽ 18 മാസത്തിനകമാണെന്നു് മറെറാരു കൂട്ടരും പറഞ്ഞുവരുന്നുണ്ടു്. ഇതിലേതാണു ശരി എന്നു് എനിക്കും നല്ല നിശ്ചയം പോരാ. അതുപോലെ

എത്രാമത്തെ വയസ്സിലാണു് ആന പുഷ്പിണി ആകുന്നതെന്നും അറിഞ്ഞുകൂടാ. ഏതായാലും സരോജനി ആദ്യമായിട്ടാണു് പ്രസവിച്ചിരിക്കുന്നതെന്നു് അഭിപ്രായവ്യത്യാസം കൂടാതെ എല്ലാവരും സമ്മതിച്ചു. സരോജനിയുടെ കുട്ടി ലക്ഷണമൊത്തതായിരുന്നതുകൊണ്ടു് അതിനു ലക്ഷ്മി എന്നു പേർ വിളിച്ചു.

നേരം വെളുത്തതിനു ശേഷമേ ലക്ഷ്മി തള്ളയുടെ അടുക്കൽ ചെന്നു് പാൽക്കുടം അന്വേഷിക്കുവാൻ തുടങ്ങിയുള്ളു. പക്ഷേ, തള്ള ഒഴിഞ്ഞുമാറിക്കളയുന്നതായിട്ടാണു കണ്ടതു്. കുഞ്ഞിനെ അണച്ചുനിൎത്തുന്നതിനാകട്ടെ, പാലു കൊടുക്കാനാകട്ടെ കൗതുകം പ്രകടിപ്പിക്കാതെ സരോജനി വിഷാദഭാവത്തിൽ ഒരു വിരസയായി കഴിഞ്ഞുകൂടി. പാലും അവൾക്കു നന്നേ കുറവായിരുന്നു. സ്നേഹിച്ചാൽ അതിനനുസരണമായി ദുഃഖിക്കേണ്ടിവരുമെന്നു പഠിച്ചുകഴിഞ്ഞ സരോജനി ഉദാസീനമായിട്ടായിരുന്നു അവളുടെ ആദ്യസന്താനമായ ലക്ഷ്മിയെ ശുശ്രൂഷിക്കുവാൻ തുടങ്ങിയതു്. എങ്കിലും കുഞ്ഞു് വെയിലത്തു കിടന്നുറങ്ങുമ്പോൾ അടുത്തുകിടപ്പുള്ള ഈറയിലകളും മററും പെറുക്കിയെടുത്തു് അതിൻെറ പുറത്തു വിരിച്ചു് ചൂടിൽ നിന്നും രക്ഷിച്ചിരുന്നു. ഉണൎന്നുകഴിയുമ്പോൾ അതെല്ലാം എടുത്തു മാററുകയും ചെയ്തിരുന്നു. അതിൽ കവിഞ്ഞ മാതൃലാളനകൾ ഒന്നുംതന്നെ ആ കുഞ്ഞിനു ലഭിച്ചില്ല. ജനിച്ചതിൻെറ നാലാംപക്കം അതു് ഈ ലോകത്തോടു യാത്ര പറഞ്ഞു പിരിഞ്ഞു. തള്ളയുടെ കണ്ണുകളിൽനിന്നും കുറെ ജലം കുടുകുടാ ഒഴുകി തറയിൽ വീണു. അത്രമാത്രം. അവളുടെ വിരസത ഈശ്വരദത്തമായി അവൾക്കു ലഭിച്ച ഒരു അനുഗ്രഹമായിരുന്നു. എന്തിനു് ആ കുഞ്ഞു് കരയുന്നതിനുമാത്രം ജനിക്കുകയും, ജീവിക്കുകയും, മരിക്കുകയും ചെയ്തു?

# ചോരകുടിക്കുന്ന കാട്ടുപുല്ല്

പ്രാരംഭം കിട്ടുവാനുള്ള പ്രയാസംകൊണ്ടു പല സ്മരണകൾ ഇനിയും പ്രകാശം കാണാതെ കിടക്കുകയാണ്. ഏതിനും ഒരു നല്ല ആരംഭം ആവശ്യമാണല്ലോ. അതുണ്ടായാൽ പിന്നത്തെ പ്രതിബന്ധങ്ങൾ ഒന്നും അത്ര സാരമുള്ളതല്ല. ഇന്നത്തെ ട്രാൻസ്പോർട്ടുബസ്സുകളുടെ പുറപ്പാടു തന്നെ നിങ്ങൾ കാണാറില്ലെ? ഇത്രയ്ക്കു തടിച്ചുകൂടുന്ന ജനങ്ങൾചേന്ന് അതിനെ ഉന്തിത്തള്ളി ഒന്നു് "സാർട്ടാക്കി" കൊടുത്താൽ ശേഷം കാര്യങ്ങൾ ഡ്റൈവർ നോക്കിക്കൊള്ളും. പിന്നീടതു് ഓടിച്ചുവിട്ട നിങ്ങൾക്കു വേണ്ടിപ്പോലും ഒരുനിമിഷം നിന്നുതരികില്ല. അത്ര ഊജ്ജിതമാണ്. നിങ്ങൾക്കതിൽ യാത്രചെയ്തേ മതിയാവൂ എന്നുണ്ടെങ്കിൽ അതിനെ ഓടിച്ചിട്ടു് പിടിച്ചു്, തുങ്ങിനിന്നു് എങ്ങനെയെങ്കിലും അതിൻെറ നാലുകെട്ടിനുള്ളിൽ വീണുകൊള്ളണം. ഈ സംരംഭത്തിൽ ഇപ്പോൾ സ്ത്രീകളും അഹമഹമികയാ പുരുഷന്മാരൊപ്പം പങ്കെടുക്കാറുണ്ടു്. നിഷേധിക്കപ്പെട്ടിരുന്ന ഒരു സ്വാതന്ത്ര്യം അവർ ഈ ജനാധിപത്യയുഗത്തിൽ പിടിച്ചുപററി എന്നേ ഉള്ളൂ. അതു മന്ത്രിഭരണത്തിൻെറ ഒരു വിജയമായി കരുതുന്നതിലും തെററില്ല. പെൻഷൻപ്രായം കഴിഞ്ഞ ഒരു പെൺപിള അവരുടെ തടിച്ചുടഞ്ഞ നിതംബവും തുള്ളിച്ചുകൊണ്ടു് ഒരു ട്രാൻസ്പോർട്ടുബസ്സിനെ അരമൈൽ ദൂരത്തോളം ഓടിച്ചിട്ടു പിടിക്കുന്ന വിനോദകരമായ ഒരു കാഴ്ച ഇന്നലെയും ഞാൻ കണ്ടതാണ്.

ഇനി കഥാഭാഗത്തിലേയ്ക്കു പ്രവേശിക്കാം. ഈ പ്രാവശ്യം ഞാൻ പറയുവാൻ തുടങ്ങുന്നതു് ഒരു കാട്ടുപുല്ലിൻെറ കാര്യമാണു്. അതു് എന്നെ എത്രത്തോളം പരവശനാക്കിത്തീർത്തു എന്നു് പിറകെ നിങ്ങൾക്കു കാണാം. കടുവായേയും, കാട്ടാനയേയും മാത്രമല്ല കടുത്ത കാർക്കോടകനെപ്പോലും ഞാൻ കാട്ടിനുള്ളിൽവച്ചു കണ്ടിട്ടുണ്ടു്. അപൂർവ്വം ചില സന്ദർഭങ്ങളിൽ അവരുമായി ഞാൻ സന്ധിച്ചിട്ടുമുണ്ടു്. എന്നാൽ അവക്കാക്കും എന്നെ പിടിച്ചുനിർത്തുവാൻ സാധിച്ചിട്ടില്ല. എൻെറ ഓട്ടത്തിൻെറ "സ്പീഡും" ചാട്ടത്തിൻെറ "ഹൈററും" അവർ പരീക്ഷിച്ചിട്ടുണ്ടാവാം. പക്ഷേ, എന്നെ അടിപ്പെടുത്തുവാൻ അവക്കു കഴിഞ്ഞിരുന്നില്ല. കേവലം നിസ്സാരനായ ഒരു കാട്ടുപുല്ലിനു് അതു സാധിച്ചു. എന്നെ വരിഞ്ഞുകെട്ടി വരയ്ക്കുള്ളിൽ നിർത്താൻ സാധിച്ച ഒരു കഥ ലജ്ജയോടുകൂടിയാണെങ്കിലും ഭയത്തോടുകൂടി ഞാൻ പറഞ്ഞുകൊള്ളട്ടെ. നാണിച്ചു് ഇത്രയുംകാലം ഇക്കഥ ഞാൻ പറയാതിരുന്നതാണു്. നാം എല്ലാം നമ്മുടെ പ്രതാപങ്ങളെ പ്രശംസിച്ചു പ്രസംഗിക്കുകയല്ലാതെ നമുക്കു പററുന്ന അമളികളെക്കുറിച്ചും അപമാനങ്ങളെക്കുറിച്ചും മിണ്ടാറില്ലല്ലോ.

പത്തിരുപതു കൊല്ലങ്ങൾക്കുമുമ്പു് ഒരു ദിവസം ഞാൻ എൻെറ ഔദ്യോഗികകൃത്യം അനുസരിച്ചു് അതിരാവിലെ വനത്തിലേയ്ക്കു പോകുകയായിരുന്നു. ചാലിയക്കര–അച്ചൻകോവിൽ റിസർവ്വുവനങ്ങളുടെ പൊതുബൗണ്ടറി (Common Boundary) പരിശോധിക്കുക എന്നുള്ളതായിരുന്നു എൻെറ അന്നത്തെ യാത്രോദ്ദേശം. അതിനു് ഒരാഴ്ചയ്ക്കു മുമ്പു് രണ്ടു ഗാർഡന്മാരേയും പത്തിരുപതു മലമ്പണ്ടാരങ്ങളേയും വേണ്ട വെട്ടുകത്തി, മൺവെട്ടി, പിക്കാസ്സു് തുടങ്ങിയ പണിയായുധങ്ങളോടുകൂടി ബൗണ്ടറിവെട്ടുജോലിക്കായി ഞാൻ നിയോഗിച്ചിരുന്നു. അവരുടെ ജോലി എത്രത്തോളം പുരോഗമിച്ചു എന്നു് അവരെ അറിയിക്കാതെ എനിക്കു

പരിശോധിക്കണമെന്നും ഞാൻ ആഗ്രഹിച്ചു. അങ്ങനെ ഏകനായി ഞാൻ ചാലിയക്കരത്തോട്ടത്തിൻെറ കിഴക്കെ അതിർത്തിയിൽ എത്തി ഒരു പാറക്കെട്ടിൽക്കൂടി കയറി വനത്തിനുള്ളിൽ പ്രവേശിച്ചു. ആ പാറപ്പുറത്തെവിടെയോ ഒരു സർവ്വേക്കല്ലിൻെറ സ്ഥാനം അടയാളപ്പെടുത്തിട്ടുള്ള ഭൂപടവും എൻെറ കൈവശം ഉണ്ടായിരുന്നു. പക്ഷേ, ഞാൻ അയച്ചിരുന്ന ആളുകൾ അവിടം തെളിച്ചുകഴിഞ്ഞിരുന്നതിനാൽ ആ സർവ്വേക്കല്ലു കണ്ടുപിടിക്കുവാൻ എനിക്ക് അശേഷം പ്രയാസം ഉണ്ടായില്ല. ആ ഉയന്ന പാറക്കെട്ടിൻെറ അടിവാരത്തിൽ എത്തുന്ന മൗനമോഹിനിയായ മാമ്പഴത്തുറയാറു് കരിമ്പാറക്കൂററൻെറ നിർജ്ജീവാവസ്ഥയെ ഓർത്തു പൊട്ടിച്ചിരിച്ചുകൊണ്ടാണു് അവിടം കടന്നുപോകുന്നതു്. കാട്ടുജാതിക്കാർ കുടിലയായ ഈ കാട്ടാറിനെ പല കള്ളപ്പേരുകൾ ചൊല്ലി വിളിക്കാറുണ്ടു്. ഈ പേരുകളുടെ കലാരസികത്വം പ്രസ്തുത കാട്ടാറുവഴി പവിത്രമായ മാമ്പഴത്തുറക്ഷേത്രം മുതൽ തൂക്കുപാലംകൊണ്ടു പ്രസിദ്ധമായ പുനലൂർവരെയുള്ള പത്തുമുപ്പതു മൈൽ ദൂരം സഞ്ചരിക്കുന്നവക്കേ ആസ്വാദിക്കാൻ സാധിക്കു. ഇതിൻെറ കരകളിൽ അവിടവിടെ വളന്നു് ഇരുളടഞ്ഞു കിടക്കുന്ന ഈററിക്കാടുകളും, ചാമുണ്ഡിയെപ്പോലെ ക്രുദ്ധിച്ചു നിൽക്കുന്ന ചൂരക്കെട്ടുകളും, കിഴക്കാൻതൂക്കായ മലംചരിവുകളിൽ പൂത്തുകുലച്ചു മണംപാറി നിൽക്കുന്ന വനരാജികളും, ചൂളംവിളിക്കുന്ന മുളംകാടുകളും, ഭംഗിയും ഭയവും വളത്തുന്ന കാഴ്ചകൾതന്നെയാണു്. ഇതുകളെ എല്ലാം തരണംചെയ്തു് ആടിപ്പാടി ഓടിമറയുന്ന ആ തടിനിയുടെ തരംഗലീലകളെക്കുറിച്ചു് എന്തു പറയാനാണു്?

പാറപ്പുറത്തുനിന്നുകൊണ്ടു ഞാൻ ബൗണ്ടറി കണ്ടറിഞ്ഞു് അതുവഴി ഒന്നരമൈൽ ദൂരത്തോളം സഞ്ചരിച്ചു, ഒരു മലയുടെ താഴ്വയിലേക്കിറങ്ങി ഒരു നീരൊഴുക്കുചാലും കടന്നു്

മറെറാരു മലയുടെ മുകളിലേയ്ക്കു് ആ ബൗണ്ടറി പിന്നെയും നീണ്ടുപോകുന്നതായി ഞാൻ കണ്ടു. എൻെറ ജോലിക്കാർ 20 അടി വീതിയിൽ വൃത്തിയായി അവിടം തെളിച്ചു കഴിഞ്ഞിരുന്നതിനാൽ എനിക്കു സഞ്ചാരത്തിനു വലിയ വിഷമം ഒന്നും ഉണ്ടായില്ല. നിബിഡമായി നിന്നിരുന്ന ഈറക്കാടുകൾ വകുന്നു് രണ്ടു റിസർവുകളുടേയും ഇടയിൽ കൂടി മലമുകളിലേയ്ക്കു തെളിച്ചിരുന്ന ആ "കാമൻ ബൗണ്ടറി" മലർമങ്കയുടെ ശിരോമദ്ധ്യേ നീണ്ടു വിലസുന്ന രജതരേഖ പോലെ രമ്യമായി കാണപ്പെട്ടു. അതിൻെറ ആസ്വാദനത്തിൽ അപഹൃതചിത്തനായി ഞാൻ നില്ക്കുമ്പോൾ എൻെറ ശ്രദ്ധ ബലാൽ മറെറാരു വഴിയിലേയ്ക്കു് ആകർഷിക്കപ്പെട്ടു. അടുത്തെവിടെയോ ഉഗ്രമായ ഒരു ഗജസമരം നടക്കുന്നുണ്ടെന്നു മനസ്സിലായി. ആനകളുടെ തേററകൾ തമ്മിലുള്ള നിരന്തര സംഘട്ടനത്തിൻെറ നിർഘോഷം എൻെറ കർണ്ണപുടങ്ങളിൽ വന്നുപതിച്ചു. ഞാൻ അമ്പരന്നു ചുററുപാടും കണ്ണുകൾ ഓടിച്ചു. ഏതുവഴിക്കാണു് അവററകൾ വന്നു ചാടുന്നതെന്നറിയാതെ പരിഭ്രമിച്ചു. അങ്ങനെ അസ്വസ്ഥനായി നിൽക്കുമ്പോൾ അകലെ ആ നീരൊഴുക്കുചാലിൽ അലച്ചുയോടുകൂടി ഒരു കൊമ്പൻ പൃഷ്ഠവുംകുത്തി വീഴുന്നതും അവൻെറ നീണ്ടുകൂർത്ത തേററകൾ പ്രതിയോഗിയായ മറെറാരു കൊമ്പൻെറ നേർക്കു് നീട്ടിയിരിക്കുന്നതും ഞാൻ കണ്ടു, അല്പം അകലെയായതുകൊണ്ടു് തെല്ലൊരു ആശ്വാസം ഉണ്ടായി.

വനങ്ങളിൽ ചിലപ്പോഴൊക്കെ ആനകൾ തമ്മിൽ ഉണ്ടാകാറുള്ള സമരം നിങ്ങളിൽ അധികംപേരും കണ്ടിരിക്കാൻ ഇടയില്ല. അതു് അപകടംപിടിച്ച ഒരു കാഴ്ചതന്നെയാണു്. കൂട്ടത്തിൽചേരാതെ വേർപിരിഞ്ഞു നടക്കുന്ന ഒററയാനെക്കുറിച്ചു് നിങ്ങൾ കേട്ടിരിക്കും. അവൻ തരം

നോക്കി ആനപ്പുററത്തിൽ പ്രവേശിച്ച് അതിൽനിന്നും ഒരു ആനക്കുട്ടിയെ തട്ടിയെടുക്കും. അതിനെ ശിഷ്യനായി കൊണ്ടുനടന്ന് വളർത്തുകയാണ് പിന്നീട് അവൻെറ ജോലി. ശിഷ്യൻ വളൎന്നുവരുംതോറും അവൻെറ ശക്തിയെ പരീക്ഷിക്കുന്ന പലതും അവൻ ഗുരുവിനോടുതന്നെ കാണിച്ചുതുടങ്ങും. അങ്ങനെ ആദ്യമാദ്യം സ്നേഹപൂൎവ്വം നടത്താറുള്ള ആ പരീക്ഷണങ്ങൾ അവസാനം അവർ തമ്മിലുള്ള വാശിയിലും വൈരാഗ്യത്തിലും കലാശിച്ച് രണ്ടിലൊരാൾ മരണപ്പെടുന്നതുവരെയുള്ള ഒരു നീണ്ട സമരമായി പൎയ്യവസാനിക്കുന്നു. എട്ടും പത്തും ദിവസം അഹോരാത്രം നീണ്ടുനില്ക്കുന്ന ഉഗ്രസമരമായി ഇതു രൂപാന്തരപ്പെട്ടപ്പോൾ അതിൻെറ രൗദ്രസ്വഭാവം ഒന്നു കാണേണ്ടതുതന്നെയാണ്. തേററകൾകൊണ്ടുള്ള കുത്തും, വെട്ടും, ഉന്തും, തള്ളും, ഒരു പൊടിപൂരംതന്നെ. ഇടിമുഴക്കംപോലുള്ള ശബ്ദം ഇടവിടാതെ ആ മലമുഴുക്കെ മാറെറാലിക്കൊള്ളുന്നുണ്ടാവും. മിക്കപ്പൊഴും ഗുരുവിൻെറ മരണത്തോടുകൂടി ആ സമരം അങ്ങനെ ദുഃഖപൎയ്യവസായിയായിത്തീരുന്നു.

അല്പം അകലെയാണെങ്കിലും തെളിഞ്ഞുകിടക്കുന്ന ആ ബൗണ്ടറിയിൽ ഏകനായി അങ്ങനെ നിൽക്കുന്നതു തികച്ചും ആപൽക്കരമാണെന്നുകണ്ട് ഞാൻ അടുത്തു നില്പുണ്ടായിരുന്ന ഒരു വൃക്ഷത്തിൻെറ മറവിൽ ഒളിക്കാൻ ഭാവിച്ചു. പെട്ടെന്ന് എൻെറ വലത്തെ കണംകാലിൽ ചുളുചുളാ കുത്തുന്ന ഒരു ദുസ്സഹവേദന ആരംഭിച്ചു. വൈദ്യുതവേഗത്തിൽ അതു ശരീരം മുഴുക്കെ വ്യാപിക്കുന്നതുപോലെ തോന്നി. ഒരു ചുവടുവച്ചു; പിന്നീടൊരു ചുവടുകൂടി വയ്ക്കുവാൻ ഞാൻ തീരെ അശക്തനായിത്തീൎന്നു. ഉയൎത്തിയ കാൽ അങ്ങനെതന്നെ വച്ചുകൊണ്ട് ഞാൻ അടുത്തുനിന്നിരുന്ന ഒരു ചെറുവൃക്ഷത്തിൽ കടന്നു പിടികൂടി. എൻെറ

കാലു് അല്പംകൂടി അനക്കിയാൽ അപ്പോൾ എൻെറ പ്രാണൻ പൊയ്പോകുമെന്നു് ഞാൻ ഭയപ്പെട്ടു. എൻെറ ശിവനേ! ഇങ്ങനെയുമുണ്ടോ ഒരു വേദന! "മണ്ണിൻെറ മക്കൾ" ഇയ്യിടെ നിങ്ങളോട്ട വയറിൻെറ വിളിയെ കുറിച്ചും മാംസത്തിൻെറ വിളിയെക്കുറിച്ചും പ്രസംഗിക്കാറുണ്ടല്ലോ? എന്നാൽ എനിക്കു പററിയതു് എൻെറ എല്ലാ അവയവങ്ങളും ഒന്നുചേർന്നുള്ള ഒരു കൂട്ടനിലവിളി ആയിരുന്നു. ഞാൻ തികച്ചും "അരാഷ്ട്രീയ"നായിത്തീർന്നു. എന്തെന്നാൽ ആ സമയം നിങ്ങളെക്കുറിച്ചോ ഈ രാജ്യത്തെക്കുറിച്ചോ യാതൊരു ചിന്തയും എനിക്കുണ്ടായില്ല. ഞാൻ എന്നെപ്പോലും മറന്നുകഴിഞ്ഞിരുന്നു. ഞാൻ അറിയാതെ എൻെറ ദൃഷ്ടികൾ എങ്ങനെയൊ എൻെറ കാലിൽ പതിച്ചു. ഞാൻ അറിയാതെ എങ്ങനെയോ എൻെറ വലംകൈ അവിടെ ഓടിയെത്തി. എൻെറ കാലിലെ രോമങ്ങളെ ചുററിപ്പിടികൂടിയ ഒരു പുൽച്ചെടിയുടെനേക്കു് അതു പാഞ്ഞു. അയ്യോ! ഇങ്ങനേയുമുണ്ടോ ഒരു പിടിപാടു്! ആ പുൽച്ചെടി ഒന്നനങ്ങിയാൽ മതി, മുറുക്കിവലിച്ചു നിർത്തിയിരിക്കുന്ന എൻെറ രോമങ്ങളെ ഒന്നുകൂടി പിരിമുറുക്കി എന്നെ വേദനിപ്പിക്കാൻ. എൻെറ ശരീരത്തിൽ ഉണ്ടാവുന്ന എത്ര നിസ്സാരമായ അനക്കവും, ചുരുക്കിപ്പറഞ്ഞാൽ ശ്വാസോച്ഛ്വാസംചെയ്യുന്നതുപോലും—കാലിലുള്ള എൻെറ രോമങ്ങളെ പിടിച്ചുമുറുക്കി പിഴുതെടുക്കാൻ ആ പുൽച്ചെടിയെ സഹായിക്കുന്നതായി കാണപ്പെട്ടു. ഇങ്ങനെ ഒരുവശത്തു കലിതുള്ളി നിൽക്കുന്ന കാട്ടാനകൾ ഓടിവന്നേയ്ക്കുമെന്നുള്ള പ്രാണഭീതി; മറുവശത്തു് അതിഭയങ്കരനായ ഒരു കാട്ടുപുല്ലിൻെറ രക്തദാഹം കണ്ടുള്ള പ്രാണവേദന. എൻെറ അപ്പോഴത്തെ അവസ്ഥയെക്കുറിച്ചു് ഇപ്പോൾ പറഞ്ഞാലൊന്നുമാവുല്ല. അതു മററാക്കും വരാതിരിക്കട്ടെ എന്നുള്ള പ്രാത്ഥനയേ ഇപ്പോൾ ഉള്ളൂ. വരുന്നതുവരട്ടെ എന്നു വിചാരിച്ചു് കണ്ണും പൂട്ടി.

പല്ലും കടിച്ചുപിടിച്ചുകൊണ്ടു് ആ പുൽച്ചെടിയെ ഞാൻ പറിച്ചെടുത്തുകളഞ്ഞു. അതു പററിപ്പിടിച്ചിരുന്ന സ്ഥലത്തെ മുഴുക്കെ രോമങ്ങളും പിഴുതെടുത്തുകൊണ്ടല്ലാതെ അതു വേർപെട്ടില്ല. രോമകൂപങ്ങളിൽനിന്നും രക്തം ഒലിക്കുവാൻ തുടങ്ങി. ഒരുമണിക്കൂറോളംസമയം പ്രജ്ഞയില്ലാതെ ഞാൻ അവിടെത്തന്നെ ഇരുന്നുപോയി.

ഞാൻ സ്വബോധവാനായിത്തീന്നപ്പോൾ അകലെ എവിടെയോ കേൾക്കാം പിന്നെയും ആ ഗജവീരന്മാരുടെ സംഘട്ടനനിർഘോഷം. ഏതായാലും എൻെറ അന്നത്തെ, യാത്ര ശുഭമല്ലെന്നുകണ്ടു് ഞാൻ മടങ്ങിപ്പോന്നു. ക്ലേശിച്ചു വിഷമിച്ചു ഞാൻ തിരിച്ചു ചാലിയക്കരത്തോട്ടത്തിൽ എത്തിയപ്പോൾ അവിടെ ഞാൻ അയച്ചിരുന്ന ഗാർഡന്മാരും മലംപണ്ടാരങ്ങളും അണ്ടികളഞ്ഞ അണ്ണാനെപ്പോലെ നിൽക്കുന്നതു കണ്ടു. തലേദിവസം രാത്രി അവരുടെ പണിയായുധങ്ങൾ മുഴുക്കെ കാട്ടാനകൾ ചവിട്ടി പപ്പടകമാക്കിയിരുന്നതിനാൽ ജോലിക്കു തരമാകാതെ അവർ മടങ്ങിവന്നിരിക്കുകയാണു്. രണ്ടുമൂന്നു ദിവസങ്ങൾകൂടി കഴിഞ്ഞപ്പോൾ കോട്ടക്കയത്തിനടുത്തു് ഒരു കൊമ്പനാന കുത്തും വെട്ടുമേററു ചത്തുകിടക്കുന്നതായി എനിക്കു് അറിവു ലഭിച്ചു.

രക്തഭോജികളായ പുൽച്ചെടികളുടെ വിവരംകൂടി അല്പം പറഞ്ഞുകൊണ്ടു് ഈ കഥ അവസാനിപ്പിക്കാം. കാട്ടിനുള്ളിൽ ചിലേടത്തു് ഒരുതരം അപൂർവ്വജാതി പുല്ലുകൾ വളരുന്നുണ്ടു്. അതുകൾക്കു് ഒന്നുമുതൽ രണ്ടടിവരെ ഉയരം വരും. അതിൻെറ പൂക്കൾ ചെമ്പിച്ച രോമങ്ങൾചേന്നു ചടപിടിച്ചതുപോലെ തൂങ്ങിക്കിടക്കും. ജീവനുള്ള പ്രാണികൾ അടുത്തുകൂടി കടന്നുപോകുമ്പോൾ അവകളെ ചുററിപ്പിടിച്ചു് രക്തം ഊററിക്കുടിച്ചിട്ടാണു് ഇത്തരം പുൽച്ചെടികൾ

ജീവസന്ധാരണം ചെയ്യാറുള്ളതു്. ഇങ്ങനെയുള്ള ഒരു പുൽച്ചെടിയാണു് എന്നെയും പിടികൂടിയതെന്നു പറയേണ്ടതില്ലല്ലോ. ഇവററയെ "രാക്ഷസപ്പുല്ലു്" എന്നു വിളിക്കുന്നതിൽ യാതൊരു അതിശയോക്തിയും ഇല്ലതന്നെ. എൻെറ പത്തുമുപ്പതുകൊല്ലത്തെ വനസഞ്ചാരത്തിനിടയിൽ ഒരിക്കൽ മാത്രമേ ഈ രാക്ഷസൻെറ വായിൽ അകപ്പെടാൻ നിർഭാഗ്യമുണ്ടായിട്ടുള്ളു. രക്തദാഹികളായ മനുഷ്യർ ഉള്ളതുപോലെ ചോരകുടിയന്മാരായ പുല്ലുകളുമുണ്ടത്രെ.

# "പത്മിനിയുടെ പ്രണയം"

ഇപ്പോൾ ആനപിടിത്തത്തിൻെറ കാലമാണു്. എന്നു വച്ചാൽ സക്കാർവനങ്ങളിൽ കുഴികൾ പുതവച്ച് ആനകളെ പിടിക്കുന്ന കാലം. മലയാററൂർ, കോന്നി, കുളത്തൂപ്പുഴ മുതലായ വനപ്രദേശങ്ങളിൽ പതിവുപോലെ ഇക്കൊല്ലവും ആനക്കുഴികൾ പുതവച്ചിട്ടുണ്ടു്. എങ്ങനെയാണു് എവിടെയാണു് കുഴികൾ എടുക്കേണ്ടതെന്നും പുതവയ്ക്കേണ്ടതെന്നും മററുമുള്ള വിവരങ്ങൾ നിങ്ങൾക്കറിവുള്ളതാണല്ലോ. ആനപിടിത്തത്തിൽ ഏപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥന്മാർ ഇപ്പോൾ കണ്ണിൽ എണ്ണയുമൊഴിച്ചു കാത്തിരിക്കേണ്ട കാലമാണു്. എപ്പോഴാണു കുഴികളിൽ ആന വീഴുന്നതെന്നു് ഒരു നിശ്ചയവുമില്ല. വീണുകഴിഞ്ഞാൽ ഉടനേതന്നെ ഇട്ടുകെട്ടി, വടം ഏല്പിച്ച് കരയ്ക്കുകയററി ക്കൂട്ടിൽ അടച്ചില്ലെങ്കിൽ ആനയെ കിട്ടിയില്ലെന്നു വരും. അതുകൊണ്ടു് കുഴിവാച്ചറന്മാർ കാട്ടിനുള്ളിൽ ഒളിച്ചും പാത്തും പുതവച്ചിട്ടുള്ള ഓരോ കുഴിയും ദിവസേന പരിശോധിക്കേണ്ടതായിട്ടുണ്ടു്. അപായംപിടിച്ച ഒരു പണിയാണെങ്കിലും സക്കാരിനു മുതൽ വരുത്തുന്ന ഉന്മേഷവും ഉത്സാഹവുമുള്ള ഒരു കാര്യമാണു്. ചിലപ്പോൾ കുഴികളിൽ ആനയ്ക്കു പകരം പുലിയും, കട്ടവായും, കരടിയും, കാട്ടുപോത്തും വീണെന്നുവരാം. അവററകളെ സൗകര്യംപോലെ പിടിച്ചെടുക്കുകയോ, കയററിവിടുകയോ, വെടിവച്ചു കൊല്ലുകയോ ചെയ്യാറുണ്ടു്.

പണ്ടു വിവേകമുള്ളവരാരോ മനുഷ്യരെ നാലുതരം മത്സ്യത്തോട്ട് ഉപമിച്ചിട്ടുള്ളതായി ഓർക്കുന്നു. വലയ്ക്കുള്ളിൽ അകപ്പെടുന്ന മത്സ്യത്തിൽ ഒരുവിഭാഗം ഇനി ഒരു ഗതിയുമില്ലെന്നുകരുതി കണ്ണുമടച്ചു കിടന്നുകളയുന്നു. മറെറാരു വിഭാഗം രക്ഷപ്പെടാൻ ഒന്നുരണ്ടു ചാട്ടം ചാടി നോക്കിയതിനു ശേഷം തളൎന്നു നിരാശപ്പെട്ടു വിധിക്കു വിധേയമായി ശയിക്കുന്നു. ഇനി ഒരുവിഭാഗം ബുദ്ധിജീവികൾ സൗകര്യം കിട്ടുമ്പോൾ ചാടിപ്പോകാമെന്നു ചിന്തിച്ച് കറങ്ങിക്കറങ്ങി കഴിയുന്നു. നാലാമതു് ഒരു കൂട്ടരുണ്ടു്. അവർ അടങ്ങിയൊതുങ്ങി അലസരായിക്കഴിയുന്ന ജാതിയല്ല. വലയ്ക്കുള്ളിൽനിന്നും ജീവൻ കളഞ്ഞും ചാടി രക്ഷപ്പെടണമെന്നുള്ള ദൃഢവ്രതക്കാരാണു്. അവർ അവിശ്രമം പരിശ്രമിച്ചു വിജയം വരിക്കുന്നു. ആനകളുടെ സ്വഭാവവും ഇതിനു വ്യത്യസ്തമല്ല. ഊററമുള്ള തേററകൾകൊണ്ടും തുമ്പിക്കൈകൊണ്ടും നടകൾകൊണ്ടും കുഴികൾ ഇടിച്ചുനിരത്തി വാച്ചർമാർ വന്നെത്തുന്നതിനുമുമ്പ് കുഴികയറിപ്പോകുന്ന ഗജവീരന്മാരും അവരിലുണ്ടു്. വാച്ചർമാർ വന്നതിനുശേഷവും പൗരുഷവും പരാക്രമവും കാണിച്ച് അവരെ വിരട്ടി കാടും മലയും തകൎത്തു് ഓടിപ്പോകുന്ന രണശൂരന്മാരും ഇല്ലാതില്ല. പക്ഷേ, അതൊന്നും ആനപിടിത്തത്തിൽ ഏൎപ്പെട്ടിരിക്കുന്ന തന്ത്രശാലികളായ ഉദ്യോഗസ്ഥന്മാർ വെളിക്കു മിണ്ടാറില്ലെന്നേ ഉള്ളു. മനുഷ്യൻ സാധാരണ അവനവന്റെ കുററങ്ങളേയും കുറവുകളേയും കുറിച്ചു മിണ്ടാറില്ല. എന്നു മാത്രമല്ല, അത്തരക്കാർ മററുള്ളവരുടെ കുറവുകളെ വ്യവസായശാലകളിലെ കുഴൽനാദത്തേക്കാൾ ഉച്ചത്തിൽ ലോകരെ കൂവി അറിയിക്കുകയും ചെയ്യും. കൈമുറിയൻ വിരൽമുറിയനെ കുററം പറഞ്ഞതുപോലുള്ള രസകരമായ ഒരു സംഭവം ഈ അടുത്തകാലത്തുണ്ടായി. ഉപകഥകളിലേക്കു ഞാൻ നിങ്ങളെ വലിച്ചിഴച്ചു കൊണ്ടുപോകുകയാണു്. സാരമില്ല; അല്പം ക്ഷമിക്കണം. ഒരു സൎക്കാരുദ്യോഗസ്ഥൻ

അയാൾക്കു ന്യായമായി ലഭിക്കേണ്ട പ്രമോഷൻ അയാളെക്കാൾ സർവീസും, പ്രാപ്തിയും കുറഞ്ഞ മററൊരാൾക്കു നൽകിയതിനെക്കുറിച്ചു ഡിപ്പാർട്ടുമെൻറുമേലദ്ധ്യക്ഷനോട്ട് പരാതിപ്പെട്ടു. നിങ്ങൾ ശരീരസുഖമില്ലാത്തവനായതുകൊണ്ടാണ്ട് പ്രമോഷൻ തരാഞ്ഞതെന്ന് അയാൾക്കു മറുപടിയും ലഭിച്ചു. പരാതിപ്പെട്ട ഉദ്യോഗസ്ഥൻ മേലോട്ടുനോക്കുവാൻ നിവൃത്തിയില്ലാത്ത ഒരു വാതരോഗി! മറുപടികൊടുത്ത മേലദ്ധ്യക്ഷൻ മേല്പോട്ടല്ലാതെ മററാരിടത്തേക്കും പിടലിതിരിക്കുവാൻ പാടില്ലാത്ത കടുത്ത വാതരോഗി!! ഭംഗിയായില്ലേ? ഇങ്ങനെ പോകുന്നു ജനകീയഭരണകാലത്തും മനുഷ്യസ്വഭാവം!!!

ആനപിടിത്തത്തിനായി അയ്യപ്പനും പത്മിനിയും കോന്നിയിൽനിന്നും കുളത്തൂപ്പുഴ വന്നിട്ട് മാസം രണ്ടു കഴിഞ്ഞിരിക്കുന്നു. അയ്യപ്പൻ പേരുകേട്ട ഒരു പഴയ താപ്പാനയാണ്ട്. പത്മിനി താപ്പാനയായിട്ട് അധികകാലമായിട്ടില്ല. അവളെ കാട്ടിൽനിന്നും പിടിച്ചു പഴക്കിയിട്ട് കഷ്ടിച്ചു് നാലുകൊല്ലമേ ആകുന്നൊള്ളു. പക്ഷേ, ഇതിനകം ഒരു നല്ല താപ്പാനയായിത്തീരത്തക്കവിധം അവൾ പുഷ്ടിയും, പ്രാപ്തിയും, പ്രാഗത്ഭ്യവും നേടിക്കഴിഞ്ഞു. കോന്നിയിൽ വച്ചായിരുന്നു അതിനുള്ള പരിശീലനം അവൾക്കു നൽകപ്പെട്ടതു്. പരിശീലനകാലത്തു് അവൾ ഒരു അവിവേകം പ്രവത്തിച്ചു. അവളെ സംബന്ധിച്ചിടത്തോളം അതൊരു അവിവേകമായിരുന്നു എന്നു പറഞ്ഞുകൂടാ. അന്ന് അവളെ കാട്ടിൽ തളച്ചിരുന്നപ്പോൾ പാപ്പാൻെറ അറിവും അനുമതിയും കൂടാതെ ഒരു കാട്ടാനക്കൊമ്പനുമായിച്ചേന്ന് അവൾ ഗർഭവതിയായിത്തീന്നു. ആദ്യമായിട്ടാണ്ട് അവൾക്കതു സംഭവിച്ചതു്, സ്വതന്ത്രയായി കാട്ടിൽ വിഹരിച്ചിരുന്ന കാലത്തു് ഒരു കാമുകനുമായി അവൾ പ്രണയത്തിലേർപ്പെട്ടിരുന്ന വേളയിൽ ആയിരുന്നിരിക്കണം ദുരാഗ്രഹിയായ മനു

ഷ്യൻ അവളെ വേർപെടുത്തിയതു്. പക്ഷേ, അവരുടെ പ്രണയത്തെ അപഹരിക്കുവാൻ അവനു കഴിഞ്ഞില്ല. ഏതായാലും അനന്തരകാലത്തു് അവർ ഒന്നുചേന്നു് ആ മനുഷ്യന്റെ മുഖത്തു കരിതേച്ചു. പത്മിനിയുടെ പേരിൽ അച്ചടക്കനടപടി എടുക്കുവാൻ പാപ്പാൻ മുതിന്നു എങ്കിലും സക്കാരിലേക്കു ലാഭം വരുത്തുന്ന ഒരു പ്രവൃത്തിയാണു് അവൾ ചെയ്തതെന്നുള്ള ന്യായത്തിൽ അവളെ ശിക്ഷിക്കുവാൻ ഉദ്യോഗസ്ഥന്മാർ അനുവദിച്ചില്ല. അങ്ങനെയാണെങ്കിൽ ആതുരശുശ്രൂഷയ്ക്കായി പരിശീലനം നടത്തുന്ന സ്ത്രീനഴ്സുകൾ (Nurse) വിവാഹം കഴിക്കാൻ പാടില്ലെന്നു സക്കാർ പറയുന്നതിന്റെ ഔചിത്യം എന്താണെന്നു പാപ്പാൻ ചോദിച്ചു. അവന്റെ സൂക്ഷ്മക്കുറവുകൊണ്ടല്ലേ പത്മിനിക്കതു സംഭവിച്ചതെന്നു് അവരും ചോദ്യമായി. ഒടുവിൽ 'കാത്തിടാ ലതകൾ കാലമെത്തിയാൽ' എന്നുള്ള കവിവചനം ഇരുകൂട്ടരേയും മാനസാന്തരപ്പെടുത്തി.

പത്മിനിയുടെ പ്രസവം കഴിഞ്ഞിട്ടു് ഇപ്പോൾ രണ്ടു കൊല്ലം കഴിഞ്ഞിരിക്കുന്നു. അവൾ പൂർവ്വാധികം പ്രസരിപ്പോടുകൂടി നിൽക്കുകയാണു്. ഇക്കഴിഞ്ഞ ധനു ആരംഭത്തിൽ അവളെ കുളത്തൂപ്പുഴയിൽ കൊണ്ടുവന്നു. റെയിഞ്ചാഫീസിൽനിന്നും ഉദ്ദേശം നാലുനാഴിക തെക്കുകിഴക്കായി സ്ഥിതിചെയ്യുന്ന ചോഴിയക്കോട്ട വനത്തിലാണു് അവളെയും അയ്യപ്പനെയും നിറുത്തിയിരിക്കുന്നതു്. അവിടെ നിന്നും പിന്നെയും എട്ടുപത്തുനാഴിക ദൂരത്തിലാണു് പുതിയ ആനക്കുഴികൾ പുതവച്ചിരിക്കുന്നതു്.

മകരവാവു കഴിഞ്ഞിട്ടു നാലഞ്ചുദിവസമായി. തുലാവഷം ഇക്കൊല്ലം ഇല്ലാതിരുന്നതിനാൽ വനങ്ങൾക്കു വറൾച്ച നേരത്തെ ആരംഭിച്ചുകഴിഞ്ഞു. അകലെ ഉയന്നുകാണുന്ന ചില പുൽമേടുകളിൽ കൃഷിക്കാരാരോ കൊള്ളിവയ്പും നട

ത്തിയിരിക്കുന്നു. അശോകം, കുളമാവു്, പെരുമരം തുടങ്ങിയ വനവൃക്ഷങ്ങൾ പൂത്തു കുലച്ചുനില്ക്കുന്നു. വണ്ണശോഭകല ത്തിയും, പുതുമണം പരത്തിയും, ആ വനവിഭാഗം മനുഷ്യ രുടെ കണ്ണിനും കരളിനും ഒന്നുപോലെ ആനന്ദം നൽകു ന്നുണ്ടു്. സൂര്യൻ പശ്ചിമദിക്കിലേക്കു് ഒട്ടധികം ചാഞ്ഞിറ ങ്ങിയതിനാൽ ചൂടിൻെറ തീക്ഷ്ണതയ്ക്കു വേണ്ടത്ര കുറവു വന്നിരുന്നു. സഹ്യൻെറ ഉന്നതകൊട്ടുമുടികളിൽ നിന്നും പുറപ്പെട്ട ശീതക്കാററു് ഇളംവെയിലിൽപെട്ടു് സുഖസന്ദാ യകമായ കുളിർമയോടെ അവിടെങ്ങും വീശിത്തുടങ്ങി. ആകപ്പാടെ മാദകമായ ഒരന്തരീക്ഷം.

പത്മിനിയുടെ കാലിൽ ബലമുള്ള ചങ്ങല ബന്ധിച്ചു് അടുത്തൊരു കമ്പകവൃക്ഷത്തിൽ നീട്ടി തളച്ചിരിക്കുകയാണു്. സമീപമായി മറെറാരു സ്ഥാനത്തു് അതേവിധം അയ്യപ്പനും നില്പുണ്ടു്. രണ്ടുപേരും കുളിയുംകഴിഞ്ഞു് ഈന്തപ്പനയുടെ തണ്ടുകളും ഓലകളും തുമ്പിക്കരംനീട്ടി, വലിച്ചെടുത്തു് ചുഴററിയടിച്ചു ശുദ്ധിവരുത്തി ഉരിച്ചും ഒടിച്ചും വായിലേ ക്കിട്ടു് അങ്ങനെ കറുമുറാ ചവച്ചുകൊണ്ടുനില്ക്കുന്നു. താളം മുറിയാതുള്ള ചെവിയാട്ടംകൊണ്ടു് അവിടെ മുരണ്ടുപറക്കുന്ന ഭൃംഗങ്ങളെ ആട്ടിപ്പായിക്കുന്നുണ്ടു്. പാപ്പാന്മാരും അവരുടെ സിൽബന്തികളും ചേന്നു് അല്പം അകലെയുള്ള അവരുടെ സങ്കേതസ്ഥലത്തിരുന്നു് ചീട്ടുകളിയും ആരംഭിച്ചു. ഈ തക്കംനോക്കി പത്മിനിയുടെ ആ പഴയ കാമുകൻ അടുത്തുള്ള കാട്ടിൽ എത്തിയിരിക്കുകയാണു്. "സ്വാമിയാംരവിയെ നോക്കിനിൽക്കും താമര"പോലെ പത്മിനി അവളുടെ നയന ങ്ങളെ ആ ദിക്കിലേക്കു പായിച്ചു. തുമ്പിക്കരം ഉയത്തി മണംപിടിച്ചു. ചെവിയാട്ടം നിത്തി ശ്രദ്ധിച്ചു. കാണേ ണ്ടവനെ അവൾ കണ്ടു. വൃക്ഷങ്ങൾക്കിടയിൽക്കൂടി അവൾ അവളുടെ കാമുകനെ ദശിച്ചു. ചന്ദ്രോദയത്തിലെ നീർത്തടാ കംപോലെ അവളുടെ ഹൃദയസരസ്സിൽ വേലിയേററമുണ്ടായി.

അവൾ ഇളകിവശായി. കോരിത്തരിപ്പുമൂലം അവൾക്കു നില ഉറയ്ക്കുന്നില്ല. എന്തിനു പറയുന്നു; അവൾ ചങ്ങല വലിച്ചുപൊട്ടിച്ച് പ്രാണനാഥൻെറ മുമ്പിൽ ഓടിച്ചെല്ലുകതന്നെ ചെയ്തു. ഇതെല്ലാം കണ്ടുനിന്നിരുന്ന അയ്യപ്പൻ സഹികെട്ട് "സൈറൺ" മുഴക്കി. ചങ്ങല ബന്ധിക്കുവാൻ അവൻ പണിപ്പെട്ടു. പക്ഷേ, സാധിച്ചില്ല. ഇതിനകം പാപ്പാന്മാരും അവിടെയുണ്ടായിരുന്ന മററാളുകളും ഓടിയെത്തി. പത്മിനിയെ കാണാനില്ല. ചങ്ങല മുറിഞ്ഞു് ഒരു കഷണം അവിടെ കിടപ്പുണ്ടു്. സംഭ്രമജനകമായ ഒരു രംഗം. പത്മിനിയുടെ പാപ്പാൻ വിഷമിച്ചു. വിവരം ഉടൻതന്നെ റെയിഞ്ചരെ അറിയിക്കുവാൻ ഒരാളെ അയച്ചിട്ട് ശേഷമുള്ളവരെല്ലാം പത്മിനിയുടെ പിറകെ ഓടി. അരമണിക്കൂറിനകം അവർ അവളെയും അവളുടെ കാമുകനെയും കണ്ടെത്തി. പക്ഷേ, ഭീമാകാരനായ പത്മിനിയുടെ കാമുകൻ ആളുകളെ ഒന്നും അടുക്കാൻ സമ്മതിച്ചില്ലെന്നു മാത്രമല്ല അവരെ വിരട്ടിയോടിക്കുവാനും മുതിന്നു. പത്മിനിയുടെ പാപ്പാൻ ദയനീയമായി അവളെ പേരുചൊല്ലി വിളിച്ചു. 'മക്കളെ പത്മിനി' എന്നു് സ്നേഹാർദ്രമായി വിളിച്ചു. അവളും ഹൃദയമുള്ളവളല്ലെ? ഒന്നു ശ്രദ്ധിക്കും; പക്ഷേ, കാമുകനെ വിട്ടുവരത്തക്കവിധം വികാരം നശിച്ചിരുന്നില്ല. അവൻ അവളെ തിരക്കി ബഹുകാതം ദൂരം സഞ്ചരിച്ചുവന്നിരിക്കുകയാണു്. അതിൻെറ അർത്ഥം അവൾക്കും അറിയാം. അവർ രണ്ടുപേരും ഒന്നിച്ചു യാത്രതുടന്നു. അവർ ആ പച്ചക്കാട്ടും കടന്നു് തൂക്കായ ഒരു മലയിലേക്കു് പ്രവേശിച്ചു. ആളുകൾ പിന്തുടന്നു. കയററം കയറുവാൻ കാമുകൻ വിഷമിക്കുന്നു എന്നു കണ്ടപ്പോൾ അവൾ പിറകിൽനിന്നു തലകൊണ്ടു് അവനെതാങ്ങി സഹായിച്ചു. സന്ധ്യയാകാറായി. പത്തമ്പതുപേരുമായി റെയിഞ്ചർ ഒരു ലോറിയിൽ ആ മലയുടെ അടിവാരത്തിൽ വന്നു

ചേന്നു. ഓടിയും ചാടിയും അവരും മലമുകളിലേക്കു കയറുവാൻ തുടങ്ങി. അപ്പോഴേയ്ക്കു സൂര്യൻ അസ്തമിച്ചു. ഇരുട്ടു വന്നു. വെൺമതിക്കല പശ്ചിമചക്രവാളത്തിൻെറ പത്തു നാഴിക ഉയരെ വെള്ളിപൂശിയ കടത്തുവഞ്ചിപോലെ പ്രത്യക്ഷപ്പെട്ടു. അവസാനം അന്നത്തെ ചന്ദ്രോത്സവത്തിലേക്കു പത്മിനിയേയും അവളുടെ പ്രിയതമനേയും ഉഴിഞ്ഞു വിട്ടുവാൻ അവരെല്ലാം നിർബന്ധിതരായി. നിർഭാഗ്യവാനായ റെയിഞ്ചരും അദ്ദേഹത്തിൻെറ ആളുകളും അന്നു മടങ്ങേണ്ടതായി വന്നു. അടുത്ത പ്രഭാതംമുതൽ അവർ വീണ്ടും കാടു മുഴക്കെ അരിക്കുവാൻ തുടങ്ങി. നാലഞ്ചുദിവസത്തെ നിരന്തരമായ ശ്രമംകൊണ്ടും പത്മിനിയെ കണ്ടുകിട്ടിയില്ല. വിഷമത്തിലായിത്തീൎന്ന റെയിഞ്ചർ വനാന്തർഭാഗത്തുള്ള ചങ്കിലിബംഗ്ലാവിൽ താമസിച്ചുകൊണ്ടു് മേലാവിൽനിന്നു വരാവുന്ന ചോദ്യാവലികൾക്കു് ഉത്തരം കണ്ടുപിടിക്കുവാൻ തുടങ്ങി. ഉദ്യോഗം പണയപ്പെട്ടുവാൻ വലിയ കാരണങ്ങൾ ഒന്നും ആവശ്യമില്ലാത്ത ഒരു കാലം. പോരെങ്കിൽ സാരമായ കുററങ്ങൾക്കു പിരിച്ചുവിടേണ്ടതായിവരുന്ന ഒരു ക്രിസ്ത്യാനി ഉദ്യോഗസ്ഥനുസമം അഞ്ചു് അക്രൈസ്തവഉദ്യോഗസ്ഥന്മാരെയും സൎവ്വീസിൽനിന്നും ഏതുവിധവും പറഞ്ഞയയ്ക്കേണ്ടതായി വന്നിരിക്കുന്നു എന്നു് സമുദായവാദികൾ സങ്കടപ്പെട്ടുന്ന കാലം. ആ സാധുവായ ഹിന്ദുറെയിഞ്ചർ നാട്ടിലുള്ള ഭഗവാന്മാൎക്കും, ഭഗവതികൾക്കും വേണ്ട നേൎച്ചകൾ എല്ലാം നടത്തി. അവസാനം ഫാത്തിമമാതാവിനു മെഴുകുതിരി കത്തിച്ചു. എന്തിനു്, ആറാംദിവസം പകൽ രണ്ടുമണിയോടുകൂടി പത്മിനി അവളുടെ പഴയ സങ്കേതമായ ചോഴിയക്കാട്ടിൽ ഏകാകിനിയായി വന്നുചേന്നു. ആദ്യം കണ്ടവരൊക്കെ അവളെ ഒരു കാട്ടാനയായി കരുതി. അവളുടെ കാലിൽ കിടന്നിരുന്ന മുറിഞ്ഞ ചങ്ങല കണ്ടപ്പോൾ അവരുടെ തെററിദ്ധാരണ നീങ്ങി. വിവരം പത്മിനിയുടെ

പാപ്പാൻ അറിഞ്ഞു് ഓടിവന്നു. 'മക്കളെ പത്മിനി' എന്നു് അയാൾ വിളിച്ചു. വിളികേട്ട് അനുസരണയുള്ള മകളെ പ്പോലെ അവൾ ഓടിവന്നു. പാപ്പാൻ പിന്നീടൊന്നും അവളോടു പറഞ്ഞില്ല. മററൊരു ചങ്ങല കൊണ്ടുവന്നു് അവളെ ബന്ധിച്ചതിനുശേഷം ചങ്കിലിബംഗ്ലാവിൽ തലപുകഞ്ഞിരുന്നു് ആലോചിക്കുന്ന റെയിഞ്ചറെ വിവരം അറിയിച്ചു. ഏതാണ്ടു് ആ സമയത്തു് ലക്ഷണമൊത്ത ഒരു ആനക്കൊമ്പൻ മണക്കാട്ടുപച്ചയിലെ ആനക്കുഴിയിൽ വീണു കിടക്കുന്നതായുള്ള വൎത്തമാനവും അദ്ദേഹത്തിനു ലഭിച്ചു. അപരാധബോധത്തോടുകൂടി ഇന്നും പത്മിനി കുളത്തുപ്പുഴയിൽ നില്ക്കുന്നു. ഗർഭഭാരം ചുമക്കുന്നുണ്ടോ എന്തോ?

# കൊമ്പന്റെ കാരാഗൃഹം

മണക്കാവുപച്ചയിലെ കുഴിയിൽ വീണ ആനക്കൊമ്പൻ ആരായിരിക്കുമെന്നാണു് നിങ്ങളുടെ ഊഹം? ആരായിരുന്നാൽ കൊള്ളാമെന്നാണു് നിങ്ങളുടെ മോഹം? എന്തു ചെയ്യാം; മനുഷ്യന്റെ ഊഹംപോലെയും മോഹംപോലെയും അല്ലല്ലോ കാര്യങ്ങൾ പലപ്പോഴും അവസാനിക്കാറുള്ളതു്. പ്രകൃതിക്കുപോലും അത്തരം ചില വികൃതിത്തരങ്ങൾ ഉണ്ടു്. ദൈവത്തിന്റെ മഹത്വം നിലനിൽക്കുന്നതും അതുകൊണ്ടുതന്നെയാണു്. മണക്കാവുപച്ചയിലെ കുഴിയിൽ വീണ "പുമാൻ" പത്മിനിയുടെ "പ്രണയരാവണൻ" ആയിരുന്നില്ല. അവൻ ബുദ്ധിയുള്ളവനാണു്. മനുഷ്യന്റെ മുഖത്തു കരിതേയ്ക്കുവാൻ പഠിച്ചവനാണു്. ബുദ്ധിയുള്ളവനെ ദൈവം ഒരിക്കലും വഞ്ചിക്കാറില്ല; നിരാശപ്പെടുത്താറുമില്ല. അവനെ ചിലപ്പോൾ പരീക്ഷണവിധേയനാക്കുമായിരിക്കാം. അതു് അവന്റെ ബുദ്ധിയുടെ ആഴം അളക്കുവാനാണു്. പതുങ്ങാതെ, പതറാതെ നേർവഴിക്കു ബുദ്ധി ഉപയോഗിച്ചുനോക്കൂ. ഈ ബ്രഹ്മാണ്ഡകടാഹത്തെ കറക്കുന്ന കൈപിടിപോലും ദൈവം അവനെ ഏല്പിച്ചു വിശ്രമിച്ചേക്കും. പരീക്ഷകൾ പാടില്ലെന്നുള്ള ഇന്നത്തെ വിദ്യാർത്ഥികളുടെ സന്ധിയില്ലാത്ത സമരം ഒന്നും ദൈവംതമ്പുരാന്റെ മുമ്പിൽ സാദ്ധ്യമല്ല. മനുഷ്യരെ എന്നും ഭരിച്ചുകൊണ്ടിരിക്കണമെന്നും മററും ദൈവത്തിനു് ദുർമ്മോഹമില്ല. അവനു യോഗ്യത തികയുന്ന നിമിഷത്തിൽ അവനെ ഭരണം ഏല്പിക്കാൻ മൂപ്പർ തയ്യാറാണു്.

പത്മിനിയുടെ കാമുകൻ കുഴിയിൽ വീണുകണ്ടാൽ കൊള്ളാമെന്നു നിങ്ങൾ മോഹിച്ചതു് ഒട്ടും ഭംഗിയായില്ല. അവൻ പ്രണയസമ്പന്നനല്ലേ? കാരിരുമ്പുകൊണ്ടുള്ള കനത്ത കാൽചങ്ങല പൊട്ടിച്ചെറിയുവാൻതക്ക പ്രണയം അവൻ പത്മിനിക്കു പകർന്നുകൊടുത്തവനല്ലെ? നിങ്ങൾക്കെന്തിനു് അവനോട്ട് അസൂയ തോന്നണം? നിങ്ങളുടെ അസൂയയല്ലേ അവനെ ആ പട്ടംകുഴിയിൽ കണ്ടാൽ കൊള്ളാമെന്നു മോഹിപ്പിച്ചതു്? അയ്യേ! മോശം!! അതിനു ദൈവം കൂട്ടില്ല!!!

കുത്തു നീണ്ടുവളഞ്ഞ തേററകളുമായി ആ ഉഗ്രക്കൊമ്പൻ അയ്യപ്പൻ അവിടെ നിൽക്കുന്നുണ്ടായിരുന്നല്ലോ. പേരു കേട്ട താപ്പാനയല്ലെ? അവൻ പഠിച്ചപണി പതിനെട്ടും പയററിനോക്കി; അവൻെറ കാൽചങ്ങല ഒന്നു പൊട്ടിക്കുവാൻ. സാധിച്ചോ? പ്രണയം! ആ ത്രൈ്യക്ഷരിയുടെ മാന്ത്രികശക്തിയിൽ നിങ്ങൾ അസൂയപ്പെട്ടന്നതുകൊണ്ടു് യാതൊരു പ്രയോജനവുമില്ല. പ്രണയം! അതു നേർവഴിക്കു് ഒഴകിത്തുടങ്ങിയാൽ അപ്രതിഹതമായ അതിൻെറ പ്രവാഹത്തെ തടയുവാൻ ആരാലും സാദ്ധ്യമല്ല. നിങ്ങൾതന്നെ ഒരു ആത്മപരിശോധന നടത്തി നോക്കണം. പ്രണയത്തിനുവേണ്ടി ചങ്ങല പൊട്ടിച്ചോടാത്തവർ നിങ്ങളിൽ എത്ര പേരുണ്ടാവും? എത്ര മാതാപിതാക്കന്മാരെയും മാതുലന്മാരെയും നിങ്ങൾ അതിനുവേണ്ടി തള്ളിക്കളഞ്ഞിരിക്കും. എത്ര യുവതീയുവാക്കന്മാരുടെ ആത്മഹത്യക്കു് അതു വഴിതെളിച്ചിരിക്കും. അഹോ! പ്രണയം!! അതു കണ്ണകിയുടെ കാൽച്ചിലമ്പു പോലെ സ്നേഹത്തിൻെറ കൂടപ്പിറപ്പാണു്. സ്നേഹവും, പ്രണയവും, അനുരാഗവും എല്ലാം സത്യമുള്ള വകകൾതന്നെ. സത്യം ദൈവം!!

ഇനി മണക്കാവുപച്ചയിലെ കുഴിയിൽ വീണവൻ ആരാണെന്നാണു നിങ്ങൾക്കറിയേണ്ടതു്. പറയാം. അവ

നെപ്പോലെ ലക്ഷണമൊത്ത ഒരു ആനക്കൊമ്പൻ ഈ അടുത്തകാലത്തൊന്നും നമ്മുടെ സക്കാരിനു കിട്ടിയിട്ടില്ല. ഇളം പ്രായം; കൗമാരത്തിലേയ്ക്കു കാലൂന്നിയതേ ഉള്ളു; വേണ്ട പ്രസരിപ്പ്; യോഗ്യമായ നട; അന്തസ്സായ തലയെടുപ്പ്. വിക്രമനായ അവൻ പാരതന്ത്ര്യം അശേഷം ഇഷ്ടപ്പെടുന്നില്ല. സ്വാതന്ത്ര്യനാകാനുള്ള അവന്റെ പോരാട്ടം ഇന്നും അവസാനിച്ചിട്ടില്ല. അവനെ കാണണമെന്നുള്ളവർ ഇന്നു കുളത്തുപ്പുഴ ആനക്കൂട്ടവരെ പോയാൽ മതി. ബന്ധനസ്ഥനായി അവൻ ആനക്കൂട്ടിലെ എഴിയടിച്ച മുറികളിൽ ഒന്നിൽ ആനക്കാരന്റെ ഇടംവലം വയ്യിക്കലിൽ പ്രതിഷേധിച്ചുനില്ക്കുന്നു. അവന്റെ ഓരോ അവയവവും സ്വാതന്ത്ര്യസമരത്തിൽ ഏറ്റപ്പെട്ടിരിക്കുകയാണു്. കമ്പകംകൊണ്ടു ബലമായി പണിതിട്ടുള്ള ആനക്കൂട്ടിലെ ഓരോ എഴിയും അവൻ തലകൊണ്ടു് ഇടിച്ചുനോക്കുന്നുണ്ടു്. തുമ്പിക്കരംകൊണ്ടു തള്ളിനോക്കുന്നുണ്ടു്. ഉറുവടിയായി ചെയ്തിരിക്കുന്ന ആനക്കൂട്ടുണ്ടോ അനങ്ങാൻപോകുന്നു. മുൻകാലുകൾകൊണ്ടു് അവൻ തറയിൽ മെതിച്ചുനോക്കുന്നു. അവിടെയും രക്ഷയില്ല. തലകൊണ്ടും, കാലുകൾകൊണ്ടും, തുമ്പിക്കരംകൊണ്ടും അവൻ നിരന്തരം ആനക്കൂട്ടിൽ ഇടിക്കുകയും, മെതിക്കുകയും ചെയ്തതിന്റെ ഫലമായി അവന്റെ ശരീരത്തിലെ ആ ഭാഗങ്ങൾ മുഴവൻ പഴുത്തു കുടുന്നുനില്ക്കുന്നു. അതുമൂലം അവനിപ്പോൾ കടുത്ത വേദന അനുഭവിക്കുകയാണു്. എന്നിട്ടും പരാക്രമം അവസാനിച്ചിട്ടില്ല. ഇപ്പോൾ അവൻ ഒരു പുതിയ വേലയിൽ ഏറ്റപ്പെട്ടിരിക്കുന്നു. നാലുവശവും എഴിയുള്ള മുറിക്കുള്ളിൽ തിരിഞ്ഞുനിന്നു് മുൻകാലുകൾ രണ്ടും തറയിൽ നീട്ടി ഉറപ്പിച്ചു് പുറംകാലുകൾ ഒന്നൊന്നായി ഉയർത്തി എഴികൾ ഓരോന്നും ചവുട്ടിക്കയറി തലകുനിച്ചു തുമ്പിക്കൈ വെളിയിലേക്കു നീട്ടി എഴിയെ ചുററിപ്പിടിച്ചു് അതിനെ ഒടിക്കുവാൻ നോക്കുകയാണു്. പണി പററിയാൽ കൊള്ളാം.

ആളുകൾ അവനെ ഈ നിലയിൽ കാണാൻ ചെല്ലുന്നതു് അവനു തീരെ ഇഷ്ടമില്ല. അവൻ അവരുടെനേക്കു തുററു കയും, തുമിക്കുകയും മററും ചെയ്യും. ബന്ധനസ്ഥനായിക്കി ടക്കുമ്പോൾ മാത്രമേ അവനു് ഈവക ശല്യമുള്ളു. ആൾ വലിയ അഭിമാനിയാണു്. താപ്പാനകൾ ചേൎന്നു് അവനെ വെളിയിലേക്കിറക്കി നടത്തിക്കൊണ്ടുപോകുമ്പോൾ അവൻ വലിയ ശല്യങ്ങൾ ഒന്നും ചെയ്യാറില്ല. രാജ്യഭ്രഷ്ടനായ രാജാ വിനെയും, നേതൃത്വം നശിച്ച നേതാവിനെയും, പെൻഷൻ പററിയ സൎക്കാരുദ്യോഗസ്ഥനെയും ആ നിലയിൽ മററുള്ള വർ കാണുവാൻ ചെല്ലുന്നതു സുഖപ്രദമായ ഒരു കാൎയ്യമല്ല. കുനിന്മേൽ കുരുവെന്നതുപോലെ അതു് അവൎക്കു് അസഹനീ യമായിരിക്കുകയേ ഉള്ളു.

# കീവറീതിൻെറ കാലക്കേട്

പൂർവ്വചക്രവാളത്തിൽ ഹരിനീലതൃണങ്ങൾകൊണ്ടു നിർമ്മിച്ച അതിമനോഹരമായ ഒരു വേലിയുടെ നിർമ്മലനിഴൽ തെക്കുവടക്കു നീണ്ടുകിടക്കുന്നതായി നിങ്ങൾ കാണുന്നില്ലേ? നിമ്നോന്നതമായ ആ വിചിത്രനിഴലിൽ നിമിഷംപ്രതി മാറിമാറി വന്നുകൊണ്ടിരിക്കുന്ന അലങ്കാരവിശേഷങ്ങളും നിങ്ങൾ കണ്ടിരിക്കും. അതു നോക്കി നിങ്ങളിൽ ചിലർ കഥകൾ രചിക്കുയും കവിതകൾ നിർമ്മിക്കുയും ചെയ്യുന്നുണ്ടാവാം. സഹസ്രകിരണൻെറ ഉദയാസ്തമനവേളകളിൽ എന്തെന്തു മായാരൂപങ്ങൾ അവിടെ ആവിഷ്കരിക്കപ്പെടാതിരിക്കുന്നില്ല? അത്ഭുതം! അത്ഭുതം!! അതൊരു നിഴലുമല്ല; മായയുമല്ല. കേരളത്തെ മലയാളമാക്കിത്തീർക്കുന്ന ഗംഭീരനായ സഹ്യാദ്രിയാണതു്. അവിടുന്നു് ഉടലെടുക്കാത്ത ഇതിഹാസപുരാണങ്ങൾ ഒന്നും മലയാളികൾക്കില്ല; നിശ്ചയം!

മാനം തുളച്ചുനിൽക്കുന്ന ഗിരിശൃംഗങ്ങളെക്കുറിച്ചും അവിടെ അധിവസിക്കുന്ന ജീവജാലങ്ങളെക്കുറിച്ചും ഞാൻ പലപ്പോഴും നിങ്ങളോടു പറഞ്ഞിട്ടുണ്ടു്. എങ്കിലും ഞാൻ കണ്ടാസ്വദിച്ച സുന്ദരവസ്തുക്കളുടെയും സുഖജീവികളുടെയും ഏകദേശരൂപമെങ്കിലും നിങ്ങളുടെ മനസ്സിൽ പതിക്കുവാൻ സാധിച്ചിട്ടില്ലെന്നുതന്നെയാണു് ഇന്നും എനിക്കുള്ള വിശ്വാസം. കൊടുമുടികളിൽനിന്നു താഴോട്ടു നോക്കുമ്പോൾ പാതാളംപോലെ പരന്നു പച്ചപിടിച്ചു കിടക്കുന്ന മലയാളക്കരയിലെ സകല വസ്തുക്കളെയും അതിൻെറ ഒരായിരം മടങ്ങു

ചെറുതായിക്കാണിക്കുന്ന സഹ്യൻെറ ഔന്നത്യം അസൂയാഹം തന്നെയാണ്. അവിടത്തെ പച്ചക്കാടുകളും, പുൽമേടുകളും, മലഞ്ചെരിവുകളും, കുല്യകളും, നികുഞ്ജങ്ങളും, നീർത്തടാകങ്ങളും, ജലനിപാതസ്ഥാനങ്ങളും വർണ്ണനാതീതമത്രേ. അതുകൾക്ക് ഉപമ കണ്ടുപിടിക്കാൻ ഒരുമ്പെടുന്നതുപോലും തികഞ്ഞ വിഡ്ഢിത്തമായിരിക്കും.

കാട്ടിൽ അധിവസിക്കുന്ന ക്രൂരജന്തുക്കളെ ഭയന്നിട്ടായിരിക്കും നിങ്ങൾ അങ്ങോട്ടു പോകുവാൻ മടിക്കുന്നതു്. കടുവാ, കരടി, കാട്ടാന, കാട്ടുപോത്തു് തുടങ്ങിയ ഉഗ്രമൃഗങ്ങൾ അവിടെയുണ്ടെങ്കിലും, കേഴ, പുള്ളിമാൻ, മ്ലാവു്, വരആടു് തുടങ്ങിയ നിരുപദ്രവികളായ ശാന്തജീവികളും അവരോടൊപ്പം സഞ്ചരിച്ചു ജീവിക്കുന്നുണ്ടു്. അരയൻ, ഊരാളി, വേട്ടുവൻ, കാണി, മുതുവാൻ, മലവേടൻ, മലമ്പണ്ടാരം തുടങ്ങിയ മനുഷ്യജീവികളും അവിടെ സൈ്വരമായും സുഭിക്ഷമായും വസിക്കുന്നുണ്ടെന്നുള്ള കാര്യവും നാം വിസ്മരിച്ചുകളയുന്നു. അവക്കു് അവിടെ നിയമസഭയില്ല. അവരുടെ സ്വാതന്ത്ര്യത്തിനും രക്ഷയ്ക്കും പൗരാവകാശത്തിനുംവേണ്ടി ഒരു ബിൽപോലും അവർ ഇതുവരെ പാസ്സാക്കിയിട്ടില്ല. നാമാകട്ടെ നിയമസഭാമന്ദിരത്തിൽ അലവൻസും പററി അഹോരാത്രമിരുന്നു് ബില്ലുകൾ ഒന്നൊന്നായി പാസാക്കി മറിച്ചിട്ടും ദാരിദ്ര്യംകൊണ്ടുള്ള നമ്മുടെ കഷ്ടപ്പാടിനും, ജാതിയുടെയും മതത്തിൻെറയും പേരിൽ പരസ്പരം നടത്തുന്ന കത്തിക്കുത്തിനും കഴുത്തറുപ്പിനും ഒരു പരിഹാരം കണ്ടെത്തുവാൻ ഇതുവരെ സാധിച്ചിട്ടില്ല. ഒന്നിനൊന്നു് അതു് വദ്ധിച്ചുവരുന്നതല്ലാതെ ഒരു കുറവും കാണുന്നില്ല. പൊറുതികേടു് ഇനി ഇതിനപ്പുറം ഉണ്ടാവാനില്ലെന്നുള്ള നിലവരെ എത്തിക്കഴിഞ്ഞിരിക്കുന്നു. ഗുണമല്ലാതെ ദോഷം ചെയ്യാൻ അറിയാൻ പാടില്ലാത്ത സഹ്യാദ്രിയെപ്പോലും അതിരുകടന്നു് ആക്രമിക്കുവാൻ ആരംഭിച്ചിരിക്കുകയാണു്.

ഞാൻ പറയാൻ തുടങ്ങുന്ന കഥ ഇനിയും ആരംഭിച്ചു കഴിഞ്ഞിട്ടില്ല. എനിക്കുവേണ്ടി നിങ്ങൾ അല്പംകൂടി ക്ഷമിക്കണം. ഭക്ഷ്യോല്പാദനസംരംഭത്തിൻെറ പേരിൽ ഇന്നു നമ്മുടെ വനങ്ങളെ നിർദ്ദയം വെട്ടിയഴിക്കുന്ന പരമദയനീയമായ കാഴ്ച കണ്ടാൽ "മനുഷ്യാ! നീ എന്താണു ചെയ്യുന്നതെന്നു നീ അറിയുന്നില്ല" എന്നു പറഞ്ഞുപോകും. പണ്ടു കൊല്ലത്തുനിന്നോ, തിരുവനന്തപുരത്തുനിന്നോ കിഴക്കൻദിക്കുകളിലേയ്ക്കു് സഞ്ചരിച്ചിരുന്നവർക്ക് തരുലതാനിർമ്മിതമായ ഒരു തുരപ്പിൽക്കൂടി കടന്നുപോകുന്ന പ്രതീതിയാണ് അനുഭവപ്പെട്ടിരുന്നതു്. ഇന്നാകട്ടെ അതു എരിപൊരിക്കൊള്ളുന്ന സഹാറായിൽക്കൂടിയുള്ള ഒരു യാത്രയായിട്ടേ തോന്നുകയുള്ളു. വടക്കൻപ്രദേശങ്ങളിലെ കഥ പറയാനുമില്ല. മൂന്നാർറോഡിൽക്കൂടി ഈ അടുത്തകാലത്തുണ്ടായ ഒരു സഞ്ചാരകഥയെക്കുറിച്ചു പറയാം.

കോതമംഗലം ഫാറസ്റ്റ്റെയിഞ്ചാഫീസിൽ നിന്നും 12 മൈൽ ദൂരം കിഴക്കോട്ടു സഞ്ചരിച്ചാൽ നേര്യമംഗലം പാലത്തിൽ എത്താം. തിരുവിതാംകൂറിലെ ഏററവും വലിയ നദിയായ പെരിയാററിനു കുറുകെ പുതുതായി പണികഴിപ്പിക്കപ്പെട്ടിരിക്കുന്ന ആ നീണ്ട പാലം ഇവിടുത്തെ പബ്ലിക് വർക്കു് ഡിപ്പാർട്ടുമെൻറിൻെറ കീർത്തിയെ അനശ്വരമാക്കിത്തീർക്കുന്ന ഒന്നുതന്നെയാണ്. അവിടെനിന്ന് മൂന്നാർറോഡു വഴി ഒരു 12 മൈൽകൂടി സഞ്ചരിച്ചാൽ ചെന്നുചേരുന്ന വനപ്രദേശമാണു വാളറ. മൂന്നാർറോഡിൻെറ ഇരുവശവും പത്തു ചങ്ങല വീതിയിൽ വെട്ടിത്തെളിച്ച് അവിടുത്തെ വനം മുഴുക്കെ തടിയും, വിറകും, കരിയുമായി ലോറിക്കണക്കിനു പൊയ്ക്കൊണ്ടിരിക്കുന്നു. ഈ സ്ഥലങ്ങൾക്കു് സമുദ്രനിരപ്പിൽനിന്നും 2000 അടിയോളം ഉയരം വരും. അംബരചുംബികളായി നിൽക്കുന്ന കാരാഞ്ഞിലി, വെള്ളപ്പയിൻ, അകിൽ, പുന്നപ്പാമരം തുടങ്ങിയ വിലകൂടിയ വൃക്ഷങ്ങളാണ് അവിടെ

ധാരാളമായിട്ടുള്ളതു്. "വാളറ ഗ്രീൻ ബെൽററു്" (Valara Green Belt) എന്നറിയപ്പെടുന്ന സുപ്രസിദ്ധമായ 150 ഏക്കർ വനം ഒഴിച്ചു റോഡരുകിലുള്ള ശേഷം വനങ്ങളെ ഇതിനകം കത്തിവച്ചുകഴിഞ്ഞിരിക്കുന്നു. എത്രതന്നെ "ജനകീയമന്ത്രിമാരും" ഉണ്ടായിട്ടും ഗ്രീൻബെൽററുകൂടി കോടാലി വയ്ക്കാനുള്ള അനുവാദം സ്വതേ ഒരു മനഃശാസ്ത്രവിദഗ്ദ്ധനായ ചീഫ് കൺസർവേററർ നൽകാതിരിക്കുകയാണു്, അദ്ദേഹത്തിൻെറ ധർമ്മബോധം തീരെ നശിച്ചിട്ടില്ലെന്നു നമുക്കു വിശ്വസിക്കാം. വാളറവനത്തിൻെറ കുറുകെ കൂടിയാണു റോഡു പോകുന്നതു്. റോഡിനു സമാന്തരമായി പെരിയാറിൻെറ പോഷകനദിയായ ദേവിയാറു് പാറക്കെട്ടുകളിൽ തട്ടിയും മുട്ടിയും നരച്ചുപതച്ചു ശബ്ദകോലാഹലമായി ഒഴുകുന്നു. നേര്യമംഗലം പാലത്തിനു് ഏകദേശം ഒരുമൈൽ കിഴക്കുവച്ചാണു് ദേവിയാറു് പെരിയാററിൽ ലയിക്കുന്നതു്. കഴിഞ്ഞ ലോകമഹായുദ്ധകാലത്തു് വാളറ തുടങ്ങിയ നേര്യമംഗലം റെയിഞ്ചിലെ വനങ്ങളിൽനിന്നും അന്നത്തെ ഇന്ത്യാ ഗവണ്മെൻറിനുവേണ്ടി കാരാഞ്ഞിലി വെട്ടിയിറക്കി ഒരു കോടീശ്വരനായിത്തീർന്ന ശ്രീ: ജാൺകുരുവിള ഇന്നു് ററാററാ, ബെർളാ, ഡാൽമിയാ മുതലായ വടക്കേഇന്ത്യൻ വൈശ്രവണന്മാരുമായി ചേർന്നു് അവരുടെ ധനതൃഷ്ണ ആൻഡമാൻ ദ്വീപിലെ തടികളുടെ നേക്കു തിരിച്ചുവിട്ടിരിക്കുന്നതു നമ്മുടെ മഹാഭാഗ്യമെന്നേ പറയേണ്ടു. വിലമതിക്കാൻ പാടില്ലാത്ത എത്രയെത്ര വനങ്ങളാണു ജനകീയം വന്നതിനുശേഷം നഷ്ടപ്പെട്ടിട്ടുള്ളതെന്നു തിട്ടപ്പെടുത്തി "കടിച്ച വിഷം തീരിച്ചെടുപ്പിക്കേണ്ട" കാലം വളരെവേഗം സമാഗതമാവാതിരിക്കയില്ലെന്നു നമുക്കു സമാശ്വസിക്കാം.

ഗ്രീൻബെൽററിനു കിഴക്കുവശത്തുള്ള വെട്ടിത്തെളിച്ച കൃഷിസ്ഥലത്തു് കഴിഞ്ഞ മകരത്തിൽ ഒരു സംഭവമുണ്ടായി, നെല്ലു വിളഞ്ഞുകിടക്കുന്ന കാലം. രാവും പകലും കൃഷിക്കാർ

മരത്തിൻെറ മുകളിൽ കെട്ടിയിരിക്കുന്ന മച്ചാനിൽ ഇരുന്നു വിളവു സൂക്ഷിക്കുന്നു. കിളിയും കുരങ്ങും വേണ്ട ശല്യം ചെയ്യുന്നുണ്ടു്, ഇടയ്ക്കിടയ്ക്കു് ആനശല്യവും ഇല്ലാതില്ല. പാവപ്പെട്ട മൃഗങ്ങൾ എന്തുചെയ്യും? അവക്കു് സഞ്ചരിക്കാൻ കാട്ടിൽ സ്ഥലമില്ലെന്നു വന്നിരിക്കുന്നു. അവർ സഞ്ചരിച്ചിരുന്നിടമൊക്കെ ഇപ്പോൾ നെല്ലും കപ്പയും വിളയുന്ന കേദാരമാണു്. പഴയ ഓമ്മ വച്ചുകൊണ്ടു് അവർ അവിടെയെല്ലാം സന്ദശിച്ചുപോകും. ആഹാരത്തിനു നിവൃത്തിയില്ലാതെ മനുഷ്യർ അവിടെ എത്തിയിരിക്കുന്നു. അവക്കു മൃഗങ്ങളെ ഓടിക്കാതിരിക്കാൻ നിവ്വാഹമുണ്ടോ? ഇക്കൂട്ടത്തിൽ കൃഷിചെയ്തു കരിഞ്ചന്തയിൽവിററു ചക്രമുണ്ടാക്കുവാൻ തറവാട്ടും വിററു കാട്ടിൽ കയറിയിരിക്കുന്ന കൂട്ടരും ഉണ്ടു്. ഒരു കൂട്ടക്കും പരസ്പരം പൊരുത്തപ്പെട്ടു പോകാവുന്ന കാൎയ്യമല്ല. മരണവും ജീവിതവുമായുള്ള മത്സരത്തിൽ മരിക്കേണ്ടവൻ മരിക്കും, ജീവിക്കേണ്ടവൻ ജീവിക്കും. അത്രേ ഉള്ളു.

കഴിഞ്ഞ മകരത്തിൽ നടന്ന സംഭവമെന്നല്ലേ പറഞ്ഞതു്. പത്തുനാഴിക പ്രകാശിച്ചതിനുശേഷം ശശാങ്കൻ അണയാറായി. കൃഷിക്കാരൻ കീവറീതു് ഉറങ്ങാതെ ഒരു തോക്കുമായി ദൈവംതമ്പുരാനെയും വിളിച്ചു് മച്ചാനിൽ ഇരിക്കുന്നു. അയാൾ ഹനുമാനെപ്പോലെ അല്പം ഉൾവളവോട്ടുകൂടിയ ഒരു മദ്ധ്യവയസ്കനാണു്. മാനിറം. ചിരിച്ച മുഖം. കൃശശരീരം. സത്യവും, സ്വൎഗ്ഗരാജ്യവും, മഹത്വവും, ദൈവംതമ്പുരാനും അയാൾ എപ്പൊഴും എല്ലാററിനും ഉരുവിടുന്ന പദങ്ങളാണു്. കോഴഞ്ചേരിച്ചന്തയുടെ സമീപം അയാൾക്കു പൂവ്വസ്വത്തായി കിട്ടിയ അഞ്ചുസെൻറു സ്ഥലവും വിററു് ആ പണവുംകൊണ്ടു കാട്ടിലെ കൃഷിക്കായി വന്നിരിക്കുകയാണു്. കൊണ്ടുവന്ന പണം മിക്കവാറും അവസാനിച്ചു. അയാൾ അങ്ങനെ പലതും ചിന്തിച്ചു ദൈവംതമ്പുരാനെയും വിളിച്ചിരിക്കുമ്പോൾ പെൺകുട്ടികളുടെ കോലടിയൊച്ചപോലെ

ഒരു ശബ്ദവിശേഷം അയാളുടെ ശ്രവണപുടങ്ങളിൽ പതിഞ്ഞു. അയാൾ അമ്പരന്നു ചുററും പററും നോക്കി. ശബ്ദം ഒന്നിനൊന്നു് അടുത്തുവരുന്നതായി അനുഭവപ്പെട്ടു. സ്വൎഗ്ഗരാജ്യം വരികയാണോ? ദൈവംതമ്പുരാനെ! ഇതെന്നതാ!! അയാൾ അത്ഭുതപ്പെട്ടു. വീണ്ടും സൂക്ഷിച്ചുനോക്കി. ഒന്നും കാൺമാനില്ല ശബ്ദം അയാളുടെ നേരെ മുമ്പിലെത്തി. കീവറീതു ഞെട്ടി. വിളിച്ചുകൂവാൻ ആഗ്രഹിച്ചു. എങ്കിലും തോക്കുള്ളതുകൊണ്ടു് അനങ്ങിയില്ല. അല്പം അകലെ അയാളുടെ മുമ്പിൽ കുലച്ചുനിന്നിരുന്ന നെല്ലുകൾ ചാഞ്ഞുമറിയാൻ തുടങ്ങി അതോടുകൂടി ഒന്നുരണ്ടു ജന്തുക്കൾ അവിടെ പ്രത്യക്ഷപ്പെട്ടു. വരുന്നതുവരട്ടെ എന്നു വിചാരിച്ചു് അവിടം ലക്ഷ്യമാക്കി കീവറീതു തോക്കിലെ നിറ ഒഴിച്ചു. വെടി പൊട്ടിയതോടുകൂടി ആ ശബ്ദവിശേഷം നിലച്ചു. അതിനു പകരം അവിടെ ഒരു ശരവഷം ഉണ്ടായി. ചീറിപ്പാഞ്ഞുകൊണ്ടു് ഒന്നുരണ്ടു ശരങ്ങൾ അയാൾ ഇരുന്ന മച്ചാനിൽ വന്നുപതിച്ചു. എല്ലാം നിശ്ശബ്ദം. അയാൾ കണ്ണുമടച്ചു കിടന്നുകളഞ്ഞു. അല്പം കഴിഞ്ഞു് കീവറീതു് എഴുന്നേററിരുന്നു് ആ അമ്പുകൾ എടുത്തു പരിശോധിച്ചു. മുള്ളൻ പന്നിയുടെ നീളമുള്ള മുള്ളുകൾ ആയിരുന്നു അതു്. "ദൈവംതമ്പുരാൻ സത്യമുള്ളവൻ" കീവറീതു് ഉറക്കെ പറഞ്ഞു. മുള്ളുകൾ അയാളുടെ ദേഹത്തു കൊണ്ടതുമില്ല അയാൾ വച്ച വെടി പന്നികൾക്കു് ഏററതുമില്ല. അങ്ങനെ ആ രംഗം അവസാനിച്ചു.

ഇത്തരുണത്തിൽ മുള്ളൻപന്നിയെക്കുറിച്ചു സ്വല്പം പറഞ്ഞുകൊള്ളട്ടെ. മുള്ളൻപന്നികൾ അവരുടെ മുള്ളുകൾ വിടുത്തിയടയ്ക്കുന്ന ശബ്ദമായിരുന്നു കീവറീതു കേട്ടതു്. ശത്രുക്കളിൽനിന്നും ഉപദ്രവം നേരിടുമ്പോൾ ഈ ജന്തുക്കൾ അവരെ ആവരണം ചെയ്തിരിക്കുന്ന മുള്ളുകൾ വിടുത്തി തെറിപ്പിക്കുക പതിവാണു്. ഒന്നരയടിയോളം നീളം

വരുന്ന നാരായംപോലെ കൂത്തുമുള്ളുകൾ അമ്പുപായുന്ന തുപോലെ പറന്നുചെന്നു് പ്രതിയോഗികളിൽ തറയ്ക്കും. മുള്ളൻപന്നികൾക്കു രണ്ടുരണ്ടര അടിവരെ ഉയരം കാണും. അതിൻെറ മുള്ളുകൾ വിടുത്തി നിൽക്കുമ്പോൾ ഇരട്ടി വലിപ്പം ഉണ്ടാവും. ഭൂമി തുളച്ചുണ്ടാക്കുന്ന മാളങ്ങളിലാണു് ഇവററകളുടെ താമസം. സഞ്ചാരം അധികവും രാത്രികാലങ്ങളിലാണു്. ഒരു ബാലനു കുത്തിയിരുന്നു പോകത്തക്കവിധം മാളത്തിനു വിസ്താരം ഉണ്ടെങ്കിലും അതിനുള്ളിൽ മുള്ളും വിടുത്തി ഇരിക്കുന്ന മുള്ളൻപന്നിയെ പിടിക്കുവാൻ തുടങ്ങുന്നതു പന്തിയല്ല. മരണഹേതുകമായ മുറിവുകളും മനുഷ്യക്കു് ഇവററകളിൽനിന്നും ഉണ്ടാകാറുണ്ടു്.

അതങ്ങനെ നിൽക്കട്ടെ. വീണ്ടും കഥ തുടരാം. കീവറീതിൻെറ കുഴപ്പം അതുകൊണ്ടും അവസാനിച്ചില്ല. നേരം വെളുത്തപ്പോൾ അടുത്തുള്ള കൃഷിസ്ഥലത്തു് ഒരു ആന ചരിഞ്ഞതായി കാണപ്പെട്ടു. കൃഷിക്കാരെല്ലാം ഭയംകൊണ്ടു് വിറച്ചുതുടങ്ങി. ആന മരിച്ചുകിടന്നിരുന്നിടം ചെറിയാൻ ഗോപാലകൃഷ്ണൻെറ കൃഷിസ്ഥലമായിരുന്നു. ആ പേരു് നിങ്ങൾക്കു പുതുമയായി തോന്നുന്നുണ്ടാവാം. ചെറിയാനായ ക്രിസ്ത്യാനി ഈ അടുത്തകാലത്തു ഹിന്ദുവായിത്തീർന്നു. അങ്ങനെയാണു് അദ്ദേഹം ചെറിയാൻ ഗോപാലകൃഷ്ണനായതു്. അയാളുടെ മതപരിവർത്തനം കനകത്തിനു വേണ്ടിയോ കാമിനിക്കു വേണ്ടിയോ ആയിരുന്നില്ല. കാമൻെറ പ്രസംഗംകേട്ടു് മാനസാന്തരമുണ്ടായി സനാതന ഹിന്ദുവായിത്തീർന്നതാണു്. തലേദിവസം രാത്രി കീവറീതിൻെറ കൃഷിസ്ഥലത്തു വെടിശബ്ദം കേട്ടതുകൊണ്ടു് അതുമായി ആനയുടെ മരണത്തിനു ബന്ധമുണ്ടെന്നു ബുദ്ധിമാനായ ആ പുതുഹിന്ദു വാദിച്ചു. അങ്ങനെ ആനയുടെ കൊലക്കുററം കീവറീതിൻെറ തലയിൽ വച്ചുകെട്ടുവാൻ ശ്രമിച്ചു. അപ്പോഴേയ്ക്കും കഴുകനെപ്പോലെ റെയിഞ്ചരും,

ഫാറസ്റ്ററും, ഗാർഡുകളും അവിടെ എത്തിക്കഴിഞ്ഞു. കീവറീതിന്റെയും അതുപോലുള്ള ചിലരുടെയും ദേഹത്തു തൊട്ടുള്ള അന്വേഷണം ഫാറസ്റ്ററുകാർ നടത്തി. കൃഷിക്കാരിൽ അധികവും ഉന്നതന്മാരായ രാഷ്ട്രീയയാതനക്കാരുടേയും, നേതാക്കന്മാരുടേയും ബന്ധക്കാരും സ്വന്തക്കാരും ആയിരുന്നു. അവക്കാർക്കും വലിയ ഉപദ്രവം ഉണ്ടായില്ല. എങ്കിലും അവിടെ അന്ന് ഒരു ഒൻപതാംഉത്സവംതന്നെ നടന്നു. കീവറീതു ദൈവംതമ്പുരാന്റെ പേരുചൊല്ലി കുറെ നെഞ്ചിലിടിയും നിലവിളിയും നടത്തി. ഫാറസ്റ്ററുകാരല്ലെ, അവർ ഇതെത്ര കണ്ടതാ? കീവറീതിനേയും ചെറിയാൻ ഗോപാലകൃഷ്ണനേയും അവർ അറസ്റ്റുചെയ്തു നിർത്തി. റെയിഞ്ചരുടെ കത്തനുസരിച്ച് മൃഗഡാക്ടരും വന്നുചേർന്നു. ആനയുടെ പോസ്റ്റുമാർട്ടംപരിശോധന ആരംഭിച്ചു. ആന ഒരു വശത്തേയ്ക്കു ചരിഞ്ഞു കിടന്നിരുന്നു. അതിന്റെ ഒരു കാൽ കവച്ചു മേലോട്ട് ഉയർത്തിയ നിലയിൽ നിന്നിരുന്നു. ശരീരത്തിൽ വെടിയുടെ പാട്ടുകളോ മുറിവുകളോ ഉണ്ടായിരുന്നില്ല. അവൾ ഒരു മുഴുത്ത പിടിആന ആയിരുന്നു. അവളുടെ ഗർഭപാത്രം അല്പം വീർത്തു വിലസിയിരുന്നു. അതിദാരുണമായ ഒരു സംഭവമായിരുന്നു അവിടെ നടന്നതെന്നു ഡാക്ടർക്ക് മനസ്സിലായി. അത്തരം ശോകാത്മകമായ സംഭവങ്ങൾ ഭാരതത്തിലെ ഗ്രാമങ്ങളുടെ ഒരു പ്രത്യേക ശാപമായും അദ്ദേഹം ഗണിച്ചിരുന്നു. ആന പൂർണ്ണഗർഭിണി ആയിരുന്നു എന്നും വയററിൽ കിടന്ന കുട്ടിയുടെ ഒരു കാൽമാത്രം പിശകായി പിറന്നതുകൊണ്ടുണ്ടായ അത്യാഹിതമാണെന്നും ഡാക്ടർ പറഞ്ഞപ്പോൾ "ദൈവംതമ്പുരാൻ മഹത്വമുള്ളവൻ" എന്നു് അടുത്തുനിന്നിരുന്ന കീവറീതു വിളിച്ചുപറഞ്ഞു. ഡാക്ടർ ചിരിച്ചു. അദ്ദേഹത്തെ ചിരിപ്പിക്കുന്നോടാ! എന്നു ചോദിച്ചുകൊണ്ടു് അവിടെ നിന്നിരുന്ന ഗാർഡുകളിൽ ഒരുവൻ

കീവറീതിൻെറ വയററിൽ ഒരു കുത്തുകൊട്ടത്തു. അതിനു ശേഷം ഡാക്ടർ ആനയുടെ വയറുകീറി പരിശോധിച്ചു. കുട്ടിയും ചത്തുകിടന്നിരുന്നു. അവസാനം കുഴി എടുപ്പിച്ചു തള്ളയേയും കുട്ടിയേയും മൂടിച്ചതിനുശേഷം റെയിഞ്ചരും മററും സ്ഥലം വിട്ടു. എത്രയെത്ര ദുർമ്മരണങ്ങൾ ആണു് ഇങ്ങനെ കാട്ടിൽ എന്നല്ല നാട്ടിൽപ്പോലും ദിനംപ്രതി നടന്നു കൊണ്ടിരിക്കുന്നതു്. ഗാന്ധിജിയുടെ ഗ്രാമപ്പഞ്ചായത്തുവരുമ്പോഴെങ്കിലും ഒരു മാററം ഉണ്ടാകാതിരിക്കുമോ?

കീവറീതിൻെറ കാലക്കേട്ട് എന്നിട്ടും അവസാനിച്ചില്ല. രണ്ടുമൂന്നു ദിവസങ്ങൾ കഴിഞ്ഞപ്പോൾ കുഴിച്ചുമൂടിയിരുന്നതെല്ലാം നായും നരിയുംകൂടി വെളിയിലേയ്ക്കു് വലിച്ചിട്ടു. അവിടമെങ്ങും ദുർഗന്ധം പരന്നു. നാററംപിടിച്ച കാററു് കൂട്ടതലായും കീവറീതിൻെറ സ്ഥലത്തേക്കാണു വ്യാപിച്ചിരുന്നതു്. എല്ലാവക്കും ഒരു മനംതികട്ട്. കീവറീതിനു് ആഹാരം കഴിക്കുവാൻപോലും നിവൃത്തിയില്ലെന്നായി. നാലാംദിവസം അയാൾ ആഹാരപ്പൊതിയും കൈയിലെടുത്തു് അടുത്തുള്ള ദേവിയാറിൻെറ കരയ്ക്കുപോയിരുന്നു് നാററം കൂടാതെ ഭക്ഷണവും കഴിച്ചുവരാമെന്നു നിശ്ചയിച്ചു. കുറെ ചോറും, ചിനിവേകിച്ചതും, നാലഞ്ചു് കാന്താരി മുളകും, സ്വല്പം ഉപ്പുപരലും, ഒരുതുണ്ടു് ഉണക്കക്കരുവാട്ടു് ചുട്ടതുമായി അയാൾ ആററുവക്കിലേയ്ക്കു പോയി. നേരം സന്ധ്യയോടടുത്തു. പാറപ്പുറത്തു് ആഹാരപ്പൊതിയും വച്ചിട്ടു് അയാൾ ആററിൽ ഇറങ്ങി. കുനിഞ്ഞുനിന്നു കൈകൊണ്ടു് സാധാരണ വെള്ളത്തിൽ പുറപ്പെടുവിക്കാറുള്ള വിശേഷശബ്ദം ഒന്നുരണ്ടാവത്തിച്ചു. പെട്ടെന്നു് എന്തോ ഒന്നു് അടുത്തുള്ള ഈററക്കാട്ടിൽനിന്നും കീവറീതിൻെറ തലയ്ക്കുമീതേക്കൂടി ആററിലുള്ള പാറപ്പുറത്തേയ്ക്കു് എടുത്തുചാടി. അയാൾ നിലവിളിച്ചുകൊണ്ടു് വെള്ളത്തിൽ വീണു. ഉഗ്രനായ ഒരു നെടുവരിയൻ കടുവാ അങ്ങനെ കുഞ്ചുവാലും കിള

ത്തിപ്പിടിച്ച് പാറകൾ ഒന്നൊന്നായി ചാടി ആററിന്റെ മറുകരയിലുള്ള ഈററക്കാട്ടിലേയ്ക്കു മറഞ്ഞു. എന്തുകൊണ്ട് ആ വ്യാഘ്രം കീവറീതിനെ പിടികൂടിയില്ലെന്നുള്ളതു് ഇന്നും ഒരു കടംകഥതന്നെയാണ്. ചീഞ്ഞു നാററംവച്ച ആന മാംസം ഭക്ഷിക്കുവാൻ വന്ന കടുവായുണ്ടോ പച്ചയായുള്ള മനുഷ്യമാംസം ഇഷ്ടപ്പെടുന്നു?

ഏതായാലും ആഹാരപ്പൊതിപോലും എടുക്കാതെ കീവറീതു വിറച്ചുകൊണ്ട് ഓടി രക്ഷപ്പെട്ടു. ഒരാഴ്ച മലമ്പനി പിടിച്ചു വിറയ്ക്കുക ആയിരുന്നു. അതുകഴിഞ്ഞു കൊയ്ത്തായി. 200 പറ നെല്ലാണു കീവറീതിനു കിട്ടിയതു്. സ്പെഷ്യൽപാർവത്യാരും വന്നിട്ടുണ്ട്. തറവാട്ടുവിററ വകയിലും, ആനയുടേയും കടുവായുടേയും വായിൽനിന്നും പിടിച്ചുപറിച്ച വകയിലും ആകെ കിട്ടിയ മുതലാണതു്. കുത്തകപ്പാട്ടം അടയ്ക്കണം, ചിലവു നടക്കണം, അടുത്ത കൃഷി ചെയ്യണം. "ദൈവംതമ്പുരാൻ വന്നാലും ഈ നെല്ലു് ഒന്നേമുക്കാൽ പുത്തനു കീവറീതു കൊടുക്കത്തില്ല. നെല്ലു വേണോ കീവറീതിനു പറയ്ക്കു് അഞ്ചു രൂപ കിട്ടണം. ബ്ലാക്കാണെങ്കിൽ ബ്ലാക്കുതന്നെ."

# കിണ്ടംപിണഞ്ഞ ജംബുകശ്രേഷ്ഠൻ

സ്ത്രീജനങ്ങളെ അബലകളായി മുദ്രണംചെയ്തു് അവരുടെമേൽ അനവധി അസ്വാതന്ത്ര്യങ്ങൾ കെട്ടിവച്ചിട്ടുള്ള മനുഷ്യൻ മൃഗങ്ങൾക്കു ബുദ്ധിയില്ലായ്മയും, വിവേകമില്ലായ്മയും കല്പിക്കുന്നതിൽ അത്ഭുതപ്പെട്ടുവാനില്ല. ബുദ്ധിസാമർത്ഥ്യത്തിൽ ഊളൻെറ അപദാനങ്ങളെക്കുറിച്ച് പല വിചിത്രകഥകളും നാം കേട്ടിട്ടുണ്ടു്. അങ്ങനെയുള്ള ജംബുകശ്രേഷ്ഠനു് ഒരു ജലജന്തുവിൽനിന്നും കിണ്ടംപിണഞ്ഞ രസകരമായ ഒരു കാഴ്ച എൻെറ വനയാത്രയിൽ എനിക്കു കണ്ടെത്തുവാൻ സാധിച്ചു. അച്ചൻകോവിൽ എസ്റ്റേററിൽനിന്നും അച്ചൻകോവിൽ ക്ഷേത്രത്തിലേക്കു് ഏഴു മൈൽ നീളമുള്ള ഒരു കാട്ടുപാതയുണ്ടു്. ഉഗ്രമായ അനേകം മലകളെ ചുററിവളഞ്ഞാണതു പോകുന്നതു്. അതുവഴി യാത്രചെയ്യുന്ന ഒരാൾക്കു് ഇവിടുത്തെ ഘോരവനങ്ങളുടെ വിശ്വരൂപം കാണുവാൻ മിക്കവാറും സാധിക്കും. ഏഴെട്ടു കൊല്ലങ്ങൾക്കു മുമ്പു് മാഘമാസാരംഭത്തിലെ ഒരു ഞായറാഴ്ച ദിവസം ഞാനും എൻെറ ഒരു ഷിക്കാരിസ്നേഹിതനുംകൂടി തോട്ടത്തിൽനിന്നും ക്ഷേത്രത്തിലേക്കു തിരിച്ചു. എൻെറ കൈയിൽ ഏകദേശം എന്നോളം നീളം വരുന്ന ഒരു മുഴുത്ത ചൂരൽവടിയും അതിൻെറ ഒരററത്തു് ഒരു കുന്തവും, എൻെറ സ്നേഹിതൻെറ കൈയിൽ ഒരു നല്ല ഇനം ഡബിൾ

ബാറൽ ഇംഗ്ലീഷുതോക്കും ഉണ്ടായിരുന്നു. ഏതാണ്ട് ഈ കാലഘട്ടത്തോടു സമീപിച്ചായിരുന്നു തോട്ടത്തിൽ തേയില വറുപ്പുജോലി ചെയ്തുകൊണ്ടിരുന്നതായ വെണ്ണിയോട്ടുകാരൻ ഒരു ക്രിസ്ത്യാനി ഒരു കരിഞ്ചാത്തിഉരഗത്തിൻെറ വിഷജ്വാല ഏററു ദുർമ്മൃതിയടഞ്ഞതു്. അവൻ ഒരുദിവസം കാലത്തു് തോട്ടത്തിൽ ജീർണ്ണിച്ചുപൊളിഞ്ഞു കിടന്നതായ ഒരു കെട്ടിടത്തിൽ കയറിച്ചെന്നു. അപ്പോൾ അതിനകത്തു് കുട്ടവച്ചു മൂടിയതുപോലെ ഒരു കരിഞ്ചാത്തിപ്പാമ്പു് വളഞ്ഞു വട്ടമിട്ടിരിക്കുന്നതായി കണ്ടു. ഏകദേശം ഒന്നരയടി വ്യാസമുണ്ടായിരുന്നതായ അതിൻെറ വൃത്താകൃതിയിലുള്ള ഫണം വിടുർത്തി വിരിച്ചിരിക്കുന്നതായി കണ്ടു് അവൻ അമ്പരന്നു. പെട്ടെന്നു വെളിയിലോട്ടിറങ്ങി ഒരു നീളമുള്ള ഇരുമ്പു കമ്പി കരസ്ഥമാക്കി അവൻെറ സർവ്വശക്തിയും ഉപയോഗിച്ചു് മൂർഖൻെറ തലനോക്കി ഒരു താഡനം ഏല്പിച്ചു. ഭാഗ്യവശാൽ അടി കുറിക്കു പററിയതിനാൽ ഭയങ്കരനായ ഉരഗത്തിനു് തല ഉയർത്തുവാൻ സാധിക്കാതെ പരാക്രമം കാണിച്ചിട്ടു മൃതിയടഞ്ഞു. പക്ഷേ, അതേസമയം അവൻ ക്രുദ്ധനായി ഫൂൽക്കാരം ചെയ്തപ്പോൾ ഉണ്ടായ വിഷജ്വാല ഏററു് അവൻെറ ശത്രുവും നിർദ്ദയമാംവിധം ശരീരം മുഴവനും നീരുബാധിച്ചു പ്രാണവികാരത്തോടുകൂടി അരമണിക്കൂറിനുള്ളിൽ ഇഹലോകവാസം വെടിഞ്ഞു. കരിഞ്ചാത്തിക്കു് ഏകദേശം 16 അടി നീളവും 12 ഇഞ്ചു വണ്ണവും ഉണ്ടായിരുന്നു. അതിൻെറ പുറം നല്ല കറുപ്പും ഓരോ ചാൺ ദൂരംവിട്ടു് അത്രയും അകലത്തിൽ പവൻ നിരത്തിയതുപോലുള്ള സുവർണ്ണവൃത്തങ്ങളോടുകൂടിയതും ആയിരുന്നു. ഇത്തരം വിഷജന്തുക്കളെ അച്ചൻകോവിൽമലകളിൽ സുലഭമായി കാണുവാൻ കഴിയും. കരിഞ്ചാത്തിയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ ഇനിയൊരിക്കൽ പ്രസ്താവിക്കാം. ഞങ്ങൾ തോട്ടത്തിൽനിന്നു തിരിച്ചു രണ്ടാമൈൽ

ദൂരം സഞ്ചരിച്ചപ്പോൾ "കട്ടക്കാത്തേരി" എന്ന മലയുടെ അടിവാരത്തിൽ എത്തിക്കഴിഞ്ഞു. കട്ടക്കാവൃക്ഷം ധാരാളം ആ മലയിൽ ഉള്ളതുകൊണ്ടാണ് നാമകരണപടുക്കളായ മലയരയന്മാർ ആ പേര് ആ മലയ്ക്കു നൽകിയിരിക്കുന്നത്, ഏകദേശം 2000 അടി ഉയരമുള്ള കട്ടക്കാത്തേരിയുടെ അടിവാരത്തുകൂടി അച്ചൻകോവിൽ ആററിലേക്ക് ഒഴുകുന്നതായ ഒരു അരുവിയുണ്ട്. പ്രസ്തുത അരുവി ഈ ഭാഗത്ത് ഒരു ചെറിയ തടാകംപോലെ പരന്ന് ഒഴുകുകയും ഉണക്കുകാലം വർദ്ധിക്കുംതോറും തടാകം ശുഷ്കിച്ച് അവിടവിടെ വരമ്പുകാൽപോലെ മണൽതിട്ടകൾ ഉയർന്നുവരികയും പതിവാണ്. ഒരിക്കലും വററാത്തതായ ഒരു വലിയ കയവും അവിടെ ഉണ്ട്. നയനാഭിരാമമായ ഈ സ്ഥലഭാഗഭംഗി ഞാൻ കണ്ടാനന്ദിച്ചതുപോലെ എഴുതി നിങ്ങളെ രസിപ്പിക്കുവാൻ എൻെറ പേനയ്ക്കു ശക്തിയില്ലാത്തതിൽ ഞാൻ ലജ്ജിക്കുകയാണോ വ്യസനിക്കുകയാണോ വേണ്ടതെന്നു വിധിച്ചുകൊള്ളുക. നിബിഡമായ പച്ചിലകളോടുകൂടിയ അവന്ധ്യവൃക്ഷങ്ങളാൽ ആവരണംചെയ്യപ്പെട്ട രണ്ടു മഹാമേരുക്കൾ. അതിനിടയ്ക്ക് വേളിമണൽപ്പരപ്പിൽ അവിടവിടെ ഇടമുറിഞ്ഞുകാണുന്നതുപോലുള്ള ചെറിയ ചെറിയ ജലാശയങ്ങൾ വർണ്ണശോഭയുള്ള കുസുമസഞ്ചയങ്ങളെ വഹിച്ചുകൊണ്ട് അതുകളിൽ വളർന്നു നിൽപുള്ള ശ്യാമളകോമളമായ തൃണവർഗ്ഗങ്ങൾ മനോഹരമായ ചൂരൽക്കാടുകളാലും കാട്ടടയ്ക്കാത്തരുക്കളാലും മിക്കവാറും വളയപ്പെട്ട സരസ്സ്, അതിൽനിന്നും പുനർജന്മം എടുത്ത് നിശ്ശബ്ദമായി നിർഗ്ഗമിക്കുന്ന അരുവി. അതിൻെറ ഇരുകരയിലുമുള്ള പച്ചക്കാട്ടിൽനിന്നും ഇടയ്ക്കിടയ്ക്കു പുറപ്പെട്ടുകൊണ്ടിരിക്കുന്ന കാട്ടുകോഴികളുടെ കാഹളധ്വനി. കയത്തിൽ കല്ലോലമാലകൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന ജലജന്തുക്കളുടെ അഹന്നിശമുള്ള അവഗാഹനം. ചുററുമുള്ള ഘോരവനങ്ങളിൽ

നിന്നും പൈപൈദാഹശാന്തിക്കായി ചിലപ്പോഴൊക്കെ വന്നെത്താറുള്ള ദുഷ്ടമൃഗങ്ങളുടെ സാന്നിദ്ധ്യം. ഇത്രയും കരുക്കൾ ചലച്ചിത്രനിർമ്മാതാക്കളിൽ അദ്വിതീയരായ അമേരിക്കയിലെ ഹോളിവുഡ്കാർക്ക് കിട്ടിക്കഴിഞ്ഞാൽ എത്ര സംഭ്രമജനകമായ ഒരു സിനിമാരംഗത്തിൻെറ ബാക്ക്ഗ്രൌണ്ട് സൃഷ്ടിച്ചു സ്ക്രീനിൽകൂടി പ്രദർശിപ്പിച്ചു നമ്മെ ആനന്ദതുന്ദിലരാക്കിത്തീർക്കുമോ അതിലേറെ സന്തോഷവും, സംതൃപ്തിയും, സംഭ്രാന്തിയും ആ അത്ഭുതസ്ഥലവിഭാഗം കണ്ടപ്പോൾ ഞങ്ങൾക്കുണ്ടായി. കയത്തിനു മേലുള്ള അരുവിയുടെ കരയിൽ ചാഞ്ഞുനിന്നിരുന്ന വൃക്ഷത്തിൻെറ സൗകര്യമുള്ള ഒരു ശാഖയിൽ കയറിയിരുന്നു് അല്പം വിശ്രമിക്കാമെന്നു് ഞങ്ങൾ നിശ്ചയിച്ചു. ഞങ്ങൾ നിശ്ശബ്ദരായി അങ്ങനെ അവിടെ ഇരിക്കുമ്പോൾ മേൽ വിവരിച്ചിട്ടുള്ള ജലാശയങ്ങളിൽ ഒന്നിൻെറ പുളിനത്തിൽകൂടി ഒരു ജംബുകവീരൻ സാവധാനത്തിൽ നടന്നുപോകുന്നതായ കാഴ്ച ഞങ്ങളുടെ ശ്രദ്ധയെ ആകർഷിച്ചു. അവൻ നടന്നുചെന്നു നിന്നതു് മലർന്നു വായും പൊളിച്ചു കിടന്നിരുന്ന ഒരു ചീങ്കണ്ണിയുടെ സമീപത്തായിരുന്നു. വെളിയിൽപോയി മടങ്ങിയെത്തുന്ന ഗൃഹനാഥനെക്കണ്ടു വാലാട്ടി വട്ടം കറങ്ങി പുറത്തു ചാടിക്കയറുന്ന സ്നേഹമുള്ള ശുനകനെപ്പോലെ അപ്പോൾ ആ ജംബുകവീരൻ അവിടെ കാട്ടിക്കൂട്ടിയ സന്തോഷപ്രകടനങ്ങൾക്കു് അതിരില്ലായിരുന്നു. അവൻ ചീങ്കണ്ണിക്കുചുറ്റും മൂന്നുനാലാവർത്തി ഓടിക്കറങ്ങി. അതിനുശേഷം പലപ്രാവശ്യം അതിനെ ചാടി മാറികടന്നു നോക്കി. ചീങ്കണ്ണിക്കു് അനക്കമില്ലെന്നു കണ്ടപ്പോൾ അതിൻെറ വാലിൽ സ്പർശിച്ചു നോക്കി. കൈയ്യുപിടിച്ചു കുലുക്കി. നിശ്ശബ്ദം! നിർജ്ജീവം! ഇത്രയും പരീക്ഷണം കഴിച്ചതിനുശേഷം ജംബുകൻ അവിടെനിന്നും ഓടിപ്പോയി. സ്വല്പം കഴിഞ്ഞു് അല്പം അകലെ നിന്നിരുന്ന കാട്ടടയ്ക്കായുടെ പഴുത്തു വീണുകിടന്നി

രുന്നതായ ഒരു തണുങ്ങു കടിച്ചെടുത്തുകൊണ്ടു വരുന്നതായി കണ്ടു. ഞങ്ങൾക്കു് ഒന്നും മനസ്സിലായില്ല. അനന്തരസംഭവങ്ങൾ വളരെ ജിജ്ഞാസയോടുകൂടി ഞങ്ങൾ സൂക്ഷിച്ചുകൊണ്ടിരുന്നു. ബുദ്ധിമാനായ ജംബുകൻ പാമ്പുപോലെ ചുരുണ്ടിരുന്ന തണുങ്ങിലെ പാളയുടെ ഒരററം ചീങ്കണ്ണിയുടെ തുറന്നിരുന്ന വായിലേക്കു് അല്പം ഒന്നു കടത്തിനോക്കി. ചീങ്കണ്ണിക്കു് ഒരു ഭാവപ്പകർച്ചയും കണ്ടില്ല. അതിനുശേഷം തണുങ്ങിനെ ഉപേക്ഷിച്ചു ജംബുകൻെറ നാവുകൊണ്ടു ചീങ്കണ്ണിയുടെ വായുടെ നാലുവശവും നക്കിത്തുടങ്ങി. എന്തൊരു പരമാനന്ദമാണു് അപ്പോൾ അവനിൽ കാണുവാൻ കഴിഞ്ഞതു്. നാവിൻെറ പ്രവൎത്തനങ്ങൾ ഒന്നിനൊന്നു വൎദ്ധിച്ചുവന്നു. ഒടുവിൽ ജംബുകൻെറ തല മിക്കവാറും ചീങ്കണ്ണിയുടെ പൊളിച്ച വായ്ക്കുള്ളിൽ കടന്നിരുന്നു. പിന്നീടുണ്ടായ സംഭവംകണ്ടു് ഞങ്ങൾ ചിരിച്ചു മണ്ണുകപ്പി. പുകയിലക്കത്തിരി പൂട്ടുന്നതുപോലെ ചീങ്കണ്ണി വായമൎത്തി ഒരു മറിച്ചിൽ. 'പുളിനോ' എന്നൊരു ശബ്ദം അരികെയുള്ള കയത്തിൽ കേട്ടു. ആ രണ്ടു സ്നേഹിതന്മാരെയും പിന്നീടു കണ്ടതേ ഇല്ല.

ഈ സംഭവത്തെ തുടൎന്നു മറെറാരു രസകരമായ കാഴ്ചകൂടി ഞങ്ങൾക്കു കണ്ടാനന്ദിക്കുവാൻ കഴിഞ്ഞു. ഞങ്ങൾ ഇരുന്നിരുന്ന മരത്തിനു സമീപമുള്ള കാട്ടിൽ ഏഴെട്ടു കാടന്മാർകൂടി ഒരു കോഴിയെ തട്ടിയെടുത്തുകൊണ്ടു വരുന്നതായി കണ്ടു. ഞങ്ങൾ സാവധാനത്തിൽ ഇറങ്ങിച്ചെന്നു് അടുത്തുനിന്നിരുന്ന മറെറാരു ഉയരമുള്ള വൃക്ഷത്തിൽ കയറിയിരുന്നു് സംഭവവികാസങ്ങളെ പ്രതീക്ഷിച്ചു. ഭാഗ്യവശാൽ കാടന്മാർ കറങ്ങിത്തിരിഞ്ഞു് ഞങ്ങൾ രണ്ടാമതു് ഇരുന്നതായ വൃക്ഷത്തിനടുത്തുതന്നെ വന്നുചേൎന്നു. അവിടെ അവർ ഒരു കുഴിയെടുത്തു് കോഴിയെ അതിലിട്ടു മൂടി. ഒരു കമ്പുപോലെ കോഴിയുടെ ഒരു കാലിൻെറ അററം

വെളിയിൽ കാണത്തക്കവിധം നിൎത്തിയിട്ട് ശേഷം ഭാഗങ്ങൾ എല്ലാം മണ്ണുകൊണ്ടു മറവുചെയ്തു. ഇതെല്ലാം അവർ വിദ്യുച്ഛക്തിവേഗതയോടുകൂടി നിൎവ്വഹിച്ചിട്ട് അവിടെ നിന്നും ഓടിപ്പോയി. നല്ല ഒരു കോഴിവേട്ടയിൽ അന്നവർ ഏൎപ്പെട്ടിരിക്കുകയാണെന്നു ഞങ്ങൾക്കു മനസ്സിലായി. ഞാൻ സാവധാനത്തിൽ മരത്തിൽനിന്നും ഇറങ്ങിച്ചെന്നു കോഴിയെ കരസ്ഥമാക്കി അതിനു പകരം ഒരു കമ്പ് അവിടെ നാട്ടിയിട്ട് പൂൎവ്വസ്ഥാനത്തിലേയ്ക്കു വന്നു. എന്റെ സ്നേഹിതൻ തോക്കുംചൂണ്ടി മരത്തിൽതന്നെ ഇരിക്കയായിരുന്നു. അരമണിക്കൂർ സമയം കഴിഞ്ഞു കാടന്മാരെല്ലാം വീണ്ടും അവിടെ വന്നുകൂടി. പക്ഷേ, ആ പ്രാവശ്യത്തെ വേട്ടയിൽ അവക്ക് ഒന്നുംതന്നെ കിട്ടിയില്ല. അതിനാൽ വേട്ട നിൎത്തി കിട്ടിയ കോഴിയെ പങ്കിടാമെന്നുള്ള ധാരണയിൽ ആയിരിക്കണം അവർ ഞാൻ നാട്ടിയിരുന്ന കമ്പിനടുത്തുവന്ന് അതിനെ പറിച്ചെടുത്തു കുഴി മാന്തിനോക്കിയതു്. പാവങ്ങൾ പണിപ്പെട്ടു പിടിച്ചെടുത്ത കോഴിയെ അവിടെ കണ്ടില്ല. അടുത്തു പല സ്ഥലത്തും മാന്തിനോക്കി. ഫലമുണ്ടായില്ല ഈ അവസരത്തിൽ നിൎദ്ദയനായ എന്റെ സ്നേഹിതൻ അക്കൂട്ടത്തിൽ ഉണ്ടായിരുന്ന മുഴുത്ത ജംബുകനെ നോക്കി തോക്കിലെ ഒരു നിറയൊഴിച്ചു. പാവം! അവനൊഴികെ ബാക്കിയുള്ളവരൊക്കെ പമ്പകടന്നു. ഞങ്ങൾ കാട്ടുകോഴിയേയുംകൊണ്ട് അന്നു മടങ്ങി തോട്ടത്തിലേയ്ക്കുതന്നെ പോയി.

# സാഹസികമായ ഒരു തസ്കരവേട്ട

എന്റെ ജീവിതമഹാകാവ്യത്തിന്റെ കഥകൾനിറഞ്ഞ അദ്ധ്യായങ്ങൾ മിക്കതും അവസാനിച്ചിരിക്കുന്നു. ആ അദ്ധ്യായങ്ങളിലെ ആമോദപ്രദവും, അമ്ലഃതാപമവുമായ സംഭവബഹുലതകളുടെ മധുരസ്മരണകളെ അയവിറക്കിക്കൊണ്ടു് ശേഷിച്ചിട്ടുള്ള ശുഷ്കമായ അദ്ധ്യായങ്ങൾ അവസാനിപ്പിക്കാമെന്നല്ലാതെ അത്തരം സംഭവങ്ങളുടെ ആവർത്തനസുഖം അനുഭവിക്കാമെന്നു് അഭിലഷിക്കുന്നതു് വെറും മൗഢ്യംതന്നെയാകുന്നു. എന്തുകൊണ്ടെന്നാൽ ആ സുഖപ്രാപ്തിക്കു പശ്ചാത്തലം ഒരുക്കേണ്ട ഓജസ്സും തേജസ്സും എന്നേപ്പോലുള്ളവരോടു യാത്രപറഞ്ഞു പിരിഞ്ഞിട്ടു് കാലം എത്രയോ കഴിഞ്ഞിരിക്കുന്നു. കാര്യങ്ങൾ ഇങ്ങനെയൊക്കെ ആണെന്നിരുന്നാലും പുരാണപുരുഷനായ മാർക്കണ്ഡേയനെപ്പോലെ എന്നും പതിനാറു വയസ്സുള്ള ഒരു യുവഹൃദയമാണു് ഇന്നും എന്റെ ശുഷ്കിച്ച ചട്ടക്കൂട്ടിനകത്തുള്ളതെന്നു നിങ്ങൾക്കിപ്പോൾ അറിഞ്ഞുകൂടായിരിക്കും. അതു് ഒരു അത്ഭുതം നിറഞ്ഞ അവാസ്തവപ്രസ്താവനയായും നിങ്ങളിൽ പലരും പക്ഷേ, കരുതുവാനും ഇടയുണ്ടു്.

പത്തുപന്ത്രണ്ടു കൊല്ലങ്ങൾക്കുമുമ്പേ ഞാൻ കോഴഞ്ചേരിയിൽ ആയിരുന്നപ്പോൾ ഒരുദിവസം രാത്രിയിൽ കുന്നത്തുകാരായ രണ്ടു ചെറുപ്പക്കാർ വന്നു് അവരുടെ ദേശത്തുള്ള

ഒരുസംഘം ആളുകൾ വ്യാജമായി തേക്കുതടികൾ വെട്ടി അറുപ്പിക്കുന്നതായി എനിക്കു് അറിവുതന്നു; നേരം അപ്പോൾ പാതിരാവോടു സമീപിച്ചിരുന്നു. അവിടെനിന്നും കുന്നത്തേക്കു് അഞ്ചെട്ടുനാഴിക ദൂരവും ഉണ്ടായിരുന്നു. ഭൂമിശാസ്ത്രപരമായ കിടപ്പുകൊണ്ടു് ആ സ്ഥലത്തേക്കു് സഞ്ചാരയോഗ്യമായ നല്ല പാതകളാകട്ടെ മററു സൗകര്യങ്ങളാകട്ടെ യാതൊന്നുംതന്നെ ഉണ്ടായിരുന്നില്ല. വഴിമദ്ധ്യേ പമ്പയാററിലുള്ള ചെറുകോൽപുഴക്കടവും കടക്കേണ്ടതായിട്ടിരുന്നു. ഏതായാലും ഞാൻ അങ്ങോട്ടേയ്ക്കു് ഉടനെ പുറപ്പെടാമെന്നുതന്നെ നിശ്ചയിച്ചു. അഞ്ചെട്ടുനാഴിക ദൂരത്തുനിന്നും ആ അദ്ധരാത്രിസമയം ദീർഘടമേറിയ വഴികളുംതാണ്ടി ബുദ്ധിമുട്ടിവന്ന ആ യുവസാഹസികരുടെ സന്ദേശഭാണ്ഡം അഴിച്ചു ഞാൻ പരിശോധിച്ചു് എനിക്കാവശ്യമുള്ള വിവരങ്ങളെല്ലാം ഞാൻ കരസ്ഥമാക്കി. ആഗതരുടെ സാഹസകർമ്മത്തിനു് അവരെ പ്രേരിപ്പിച്ചതു് അവക്കുള്ള പൌരബോധചിന്ത അല്ലെന്നും പ്രത്യുത സ്വജനങ്ങളോടുള്ള ദ്വര, പക, അസൂയ മുതലായ ദുർലക്ഷണങ്ങളോടുകൂടിയ ഒരു മാനസികരോഗമായിരുന്നു എന്നും എനിക്കു മനസ്സിലായി. അതിനെക്കുറിച്ചു് അന്വേഷിക്കേണ്ട കാര്യമില്ലായിരുന്നു എങ്കിലും സക്കാർമുതലുകളെ ചോരണംചെയ്യുന്ന മോഷ്ടാക്കളേയും അവരുടെ നിഗൂഢമായ വ്യാജപ്രവൃത്തികളേയും വെളിച്ചത്തുകൊണ്ടുവരുന്നതിനു് ജനങ്ങളുടെ ഇടയിലുള്ള ഇത്തരം മാനസികരോഗങ്ങൾ സക്കാരുദ്യോഗസ്ഥന്മാരെ സംബന്ധിച്ചിടത്തോളം ഒരനുഗ്രഹമായിട്ടുവേണം കരുതേണ്ടതെന്നു് എനിക്കു പഠിക്കുവാൻ കഴിഞ്ഞു. അക്കാരണത്താൻ ഉദ്യോഗസ്ഥന്മാർ അവരുടെ അധികാരസീമയിൽപെട്ട അതിത്തിക്കകത്തുള്ള ജനങ്ങളെ ഭിന്നിപ്പിച്ചു ഭരിക്കുക എന്നൊരു സമ്പ്രദായം സ്വീകരിച്ചുപോകുന്നതിൽ അത്ഭുതപ്പെട്ടുവാനില്ല.

എൻെറക്കൂടെ അപ്പോൾ നാലു ഗാർഡന്മാർക്കൂടി ഉണ്ടായിരുന്നു; അവരിൽ പ്രായംകൂടിയ കുഞ്ചുപിള്ള ആ സന്ദർഭത്തിൽ ഒരു ഉദാസീനമനോഭാവം അവലംബിച്ചിരിക്കുന്നതായി എനിക്കനുഭവപ്പെട്ടു.

കുഞ്ചുപിള്ള:—അങ്ങത്തെ, ഇവർ പറയുന്ന സ്ഥലം എവിടെയാണെന്നറിയാമോ? അന്നു് അങ്ങുന്നിൻെറ വണ്ടി ഒരു സ്ത്രീയുടെ പുറത്തു കയറാൻതുടങ്ങിയില്ലേ; അവിടവും കഴിഞ്ഞു ചെല്ലുന്ന കിഴക്കേ മലമ്പുറത്താണു്.

ഞാൻ:—അതിനെന്താ കുഞ്ചുപിള്ളേ! മണി ഇപ്പോൾ പതിനൊന്നല്ലേ ആയിട്ടുള്ളു. അവിടെ എത്തുന്നതിനു് നമുക്കു മൂന്നു മണിക്കൂറിൽ കൂടുതൽ സമയം വേണമോ?

കുഞ്ചുപിള്ള:—ഇവന്മാർ ഇപ്പോൾ ഇതൊക്കെ പറയും. ആറും തോടും കടന്നു് ഇരുട്ടംതള്ളി അവിടെ ചെല്ലുമ്പോൾ ഇവന്മാരെ വലയിട്ടരിച്ചാൽ കാണുകയില്ല.

ഞാൻ:—അവരെ കാണണ്ടാ; കുഞ്ചുപിള്ളയെ കണ്ടാൽ മതി.

കുഞ്ചുപിള്ള:—അവർ പത്തിരുപതു പേരുള്ളപ്പോൾ കുഞ്ചുപിള്ള എന്തുചെയ്യാനാ!!

ഞാൻ:—നാം അഞ്ചുപേരില്ലേ? പത്മനാഭൻെറ മുദ്രയുമില്ലേ? സമയം ഒട്ടും കളയണ്ടാ; നമുക്കു പുറപ്പെടാം.

കുഞ്ചുപിള്ള:—കടത്തു കടക്കുന്നതെങ്ങനെ? ആ കിളട്ടുപിശാചു് ഇപ്പോൾ വള്ളവുംപൂട്ടി ഉറങ്ങിക്കാണും.

ഞാൻ:—അതൊക്കെ നമുക്കു സാധിക്കാം. പുറപ്പെട്ടു!

ഞങ്ങൾ അവിടെനിന്നും പുറപ്പെട്ടു. ആ സമയം കരിംപൂച്ച കുറുക്കചാടിയതുമില്ല; മൂങ്ങാ മൂളിയതുമില്ല; രാപ്പക്ഷി ചിറകടിച്ചു പറന്നുപോയതുമില്ല! ഞങ്ങൾ ചെറുകോൽപുഴക്കടവിൽ ചെന്നു വള്ളക്കാരൻ മുതുക്കനെ വിളിച്ചുണത്തുവാൻ പഠിച്ച പണി പതിനെട്ടും നോക്കി. അന്നു് ചന്തദിവസമായിരുന്നു. പകൽ മുഴുവനും ധാരമുറിയാത്ത പുലിയാട്ടപറഞ്ഞും അവിശ്രമമായ കടത്തുജോലി ചെയ്യും യാത്രക്കാരായ കൃഷീവലന്മാരിൽനിന്നും നവധാന്യങ്ങളും ഫലമൂലങ്ങളും കടത്തുകൂലി സംഭരിച്ചും സംതൃപ്തനായി മൂക്കാറം കേരക്ഷീരവും സേവിച്ചു് സന്തോഷലഹരിയിൽ ഗാഢനിദ്ര കൊണ്ടിരുന്ന കടത്തുകാരനുണ്ടോ ദിവാൻസ്വാമി വന്നാൽപോലും ഉണരുവാൻപോകുന്നു? മുതുക്കൻെറ മകൻ പീലി അട്ടത്തെവിടെയോ ഒരു നാടകം കാണാൻപോയിരുന്നു. പീലിയുടെ കെട്ടിയവൾ ചെറാക്കതകുംതുറന്നു് ഒരു മണ്ണെണ്ണവിളക്കുമായി പുറത്തേക്കു വന്നു. വിരൂപനായ പീലിക്കു് അതിസുന്ദരിയായ ഏലിയായെ വിവാഹംകഴിച്ചു കൊടുത്ത അവളുടെ മാതാപിതാക്കന്മാക്കു കണ്ണുകൾ ഇല്ലായിരുന്നോ എന്നൊരു ചോദ്യം ഞാൻ സാവധാനത്തിൽ കുഞ്ചുപിള്ളയോടു ചോദിച്ചു. പരമാത്ഥത്തിൽ അവൾ സുന്ദരിതന്നെ ആയിരുന്നു. അവളുടെ അവയവങ്ങൾക്കു് നല്ല മെയ്‌വഴക്കത്തോടുകൂടിയ പുഷ്ടിയും ശക്തിയും ഉള്ളതുപോലെ കാണപ്പെട്ടു. പമ്പയാററിലെ നിത്യസ്നാനവും അനാഡംബരമായ ശുഭ്രവസ്ത്രധാരണരീതിയും അവളുടെ അംഗഭാഗിക്കു് അഴകു വദ്ധിപ്പിച്ചു. ഔചിത്യബോധമുള്ള മാതാപിതാക്കന്മാരായിരുന്നു അവൾക്കുള്ളതെങ്കിൽ നിശ്ചയമായും അവളുടെ നാമധേയം സുകേശിനി എന്നോ, സ്വയംപ്രഭ എന്നോ, സുലോചന എന്നോ ആയിരിക്കുമായിരുന്നു. അന്നു് നല്ല ഹിമപാതമുള്ള ഒരു നിശാന്തനിശീഥിനി ആയിരുന്നതിനാൽ കുഞ്ചുപിള്ളയോടുള്ള എൻെറ ചോദ്യം

പതിഞ്ഞ സ്വരത്തിലായിരുന്നു എങ്കിലും അതു് അവളുടെ ശ്രവണപുടത്തിൽ പതിഞ്ഞു് അകതളിരിലൊരു അലയടിച്ചുണ്ടാക്കി. അതിൻെറ പ്രതിധ്വനി ഞാൻ പ്രതീക്ഷിച്ചതുപോലെ എനിക്കു കേൾക്കുവാൻ സാധിച്ചു. ഒരു സ്ത്രീയുടെ സൌന്ദര്യത്തെക്കുറിച്ചു് ഒരു പുരുഷൻെറ നാവിൽനിന്നും നിരർഗളമായി നിർഗമിക്കുന്ന നിസ്തുലവർണ്ണനകൾ ആ പുംസ്കോകിലത്തിൻെറ വിരിഞ്ഞ പാദങ്ങൾക്കടിയിൽ അവളെ നിഷ്പ്രയാസം അമർത്തിവയ്ക്കുവാൻ തികച്ചും സഹായകമാണെന്നുള്ള പരമാർത്ഥം ഞാൻ അറിഞ്ഞിരുന്നു. ഞങ്ങളെ അക്കരെ കടത്തിവിടാമെന്നു് ഏലിയാ സ്വയം സമ്മതിച്ചു. എന്നു മാത്രമല്ല അവൾക്കു് എന്നോടു് ഒരു പ്രത്യേക സ്നേഹവും, ബഹുമാനവും, ആദരവും ഉള്ളതായി അതുമുതൽ എനിക്കു പലപ്പോഴും അനുഭവപ്പെടുവാനും സംഗതിയായി. അവൾ താക്കോലെടുത്തു് ചങ്ങല തുറന്നു് വള്ളമിറക്കി ഞങ്ങളേയുംകൊണ്ടു് ആററിൻെറ മദ്ധ്യത്തായപ്പോൾ പാതിരാക്കാടന്മാരുടെ സംഘംചേർന്നുള്ള ഓലിവിളി ആരംഭിച്ചു. അദ്ധരാത്രിസമയം മൂന്നുനാലു ഗാർഡന്മാർ തടിപോലിരുന്നുകൊണ്ടു് ഒരു സ്ത്രീയെക്കൊണ്ടു് അമരം വയ്പിച്ചു പോകുന്നതു കണ്ടിട്ടുള്ള പരിഹാസപ്രകടനം ആയിരുന്നിരിക്കണം നാമസാമ്യമുള്ള ആ ജന്തുക്കൾ പ്രകടിപ്പിച്ചതു്. വള്ളം തിരിച്ചുകൊണ്ടുവന്നു് പൂട്ടേണ്ടതായിട്ടുള്ള ആവശ്യം ഉണ്ടായിരുന്നില്ലെങ്കിൽ ഞങ്ങൾ ആ സ്ത്രീയെ അങ്ങനെ ഉപദ്രവിക്കുകയില്ലായിരുന്നു. അവൾ ചെയ്ത ഉപകാരത്തിനു് ഞാൻ നാലണ അവൾക്കു വച്ചുനീട്ടി, അവൾ അതു വാങ്ങിയില്ല. പക്ഷേ, പണം അല്ലായിരിക്കണം എന്നിൽനിന്നും അവൾ പ്രതീക്ഷിച്ചതു്. ''സ്നേഹമാണഖിലസാരമൂഴിയിൽ'' എന്നു് കവിവചനമുണ്ടല്ലോ!!

നേരം പാതിരാ കഴിഞ്ഞിരുന്നു. ഞങ്ങൾ ഒരു ഹരിക്കെയിൻ വിളക്കിൻെറ സഹായത്തോടുകൂടി കുന്നത്തുള്ള

കൃത്യസ്ഥലത്തേക്കു് അതിശീഘ്രം നടക്കുകയായിരുന്നു. അപ്പോഴാണു് കുഞ്ചുപിള്ള പറഞ്ഞ ഒരു വാചകത്തെക്കുറിച്ചു ഞാൻ ചിന്തിക്കുവാൻ തുടങ്ങിയതു്. "ഞാൻ സൈക്കിൾ കയററാൻ തുടങ്ങിയതായ ആ സ്ത്രീ"—മോഹനാംഗിയായ ആ സ്ത്രീരത്നത്തേക്കുറിച്ചുള്ള മധുരസ്മരണകൾ ധാരമുറിയാതെ ഒഴുകുവാൻ തുടങ്ങി. അതിന്റെ രസാനന്ദഭൂതിയിൽ എന്റെ സഞ്ചാരദൈർഘ്യം ഞാൻ അറിഞ്ഞതേയില്ല. എന്നോടു കൂടെ ഉണ്ടായിരുന്നവർ പല നേരമ്പോക്കുകളും പറഞ്ഞു് ചിരിക്കുന്നുണ്ടായിരുന്നു. എങ്കിലും എന്റെ ശ്രദ്ധ അവിടെയൊന്നും അല്ലായിരുന്നു. ഞങ്ങൾ രാജപാതവിട്ടു സഞ്ചരിക്കേണ്ട സ്ഥലത്തു് അങ്ങനെ വളരെ ക്ലേശംകൂടാതെ വന്നു ചേർന്നു. ആ സ്ത്രീയുടെ പുറത്തു് എന്റെ വണ്ടി കയറാൻ തുടങ്ങിയ കഥ വീണ്ടും കുഞ്ചുപിള്ള എന്നെ ഓർമ്മപ്പെടുത്തി. കേസ്സുപിടിക്കുവാനുള്ള താല്പര്യം ആ സ്ത്രീയുമായുള്ള പരിചയം പുതുക്കുന്നതിലും കവിഞ്ഞതായിരുന്നു എന്നു് ചിന്തിപ്പാനുള്ള ബുദ്ധിശക്തി കുഞ്ചുപിള്ളയ്ക്കില്ലാതെപോയി.

കുഞ്ചുപിള്ള പ്രവചിച്ചതായ പ്രതിബന്ധങ്ങളുടെ കെട്ടുകൾ ഓരോന്നായി അഴിച്ചുമാററിയതിനുശേഷം കുന്നം എന്നു പറയുന്നതായ മലംപ്രദേശത്തിന്റെ അടിവാരത്തിൽ ഞങ്ങൾ ചെന്നുചേർന്നു. അപ്പോൾ സമയം രണ്ടുമണി കഴിഞ്ഞിരുന്നു. മലയുടെ മുകൾപ്പരപ്പിലായിരുന്നു ഞങ്ങൾക്കു് എത്തേണ്ടതായിട്ടിരുന്നതു്. എട്ടപ്പുകുതിരയുടെ ആലാത്തുകയർപോലെ ആ മലയുടെ സാനുപ്രദേശം മുതൽ കടകംവരെ നീണ്ടുകിടന്നിരുന്ന ഒരു ഇടുങ്ങിയ ചാലിൽ (അവിടങ്ങളിൽ അതിനെ തൊണ്ടുകുഴി എന്നാണു് വിളിക്കാറുള്ളതു്) കൂടി ഞങ്ങൾ ആ കുന്നാംകുററിയുടെത്തു് മലചവിട്ടുവാൻ ആരംഭിച്ചു. ആന നിന്നാൽപോലും കാണാത്തവിധം ആ ചാലിനു് അത്ര താഴ്ചയുണ്ടായിരുന്നു. കുന്നത്തെ അദ്ധ്വാനശീലരായ കൃഷിവലന്മാരുടെ കഠിനമായ കുന്താലി

പ്രയോഗംമൂലം ഭൂമിയിൽനിന്നും ഇളക്കിമറിച്ചിരുന്ന ഉരുളൻപാറകളും വെട്ടുകല്ലുകളും വർഷകാലത്തെ ഊക്കൻ വെള്ളപ്പാച്ചിലോടുകൂടി തൊണ്ടുകുഴിയിൽ പതിക്കുകയും അവിടെനിന്നും ഉരുണ്ടുരുണ്ടു താഴോട്ടു മലയുടെ അടിവാരംവരെ തുരുതുരാ ചിതറിക്കിടക്കുകയും ചെയ്തിരുന്നതിനാൽ ആ വഴിയിൽകൂടി ഉണ്ടായിരുന്ന ഞങ്ങളുടെ അന്നത്തെ സഞ്ചാരം എത്രമാത്രം ദുർഘടകരമായിരുന്നു എന്നു് പറഞ്ഞറിയിക്കുവാൻ പ്രയാസം. കയ്യിലുണ്ടായിരുന്ന റാന്തലിൻെറ പ്രകാശം ഞങ്ങൾ പച്ച ഈറകളെക്കൊണ്ടു് പൊതിഞ്ഞു മറച്ചു. മററുള്ളവർ ഞങ്ങളെ മനസ്സിലാക്കാതിരിക്കുന്നതിനു് അതാവശ്യമായിരുന്നു. അങ്ങനെ തപ്പിയും തടഞ്ഞും ഞങ്ങൾ ഓരോ ചുവടും അതിസൂക്ഷ്മതയോടുകൂടി മുമ്പോട്ടുവച്ചു് മലയുടെ മുകൾപരപ്പിലുള്ള വിസ്തൃതമായ ഒരു പുരയിടത്തിൽ ചെന്നെത്തി.

"അതാ! കിഴക്കെ പുരയിടത്തിൽ അറുപ്പു നടക്കുന്നു. ഇനി ഞങ്ങൾ അങ്ങോട്ടു വരുന്നില്ല." ഇത്രയും മന്ത്രിച്ചുകൊണ്ടു് ആ രണ്ടു ചെറുപ്പക്കാരും അന്തരീക്ഷത്തെ ആവരണംചെയ്തിരുന്ന കട്ടിക്കരിമ്പടത്തിനുള്ളിൽ എവിടെയോ ഒളിച്ചുമറഞ്ഞു.

കുഞ്ചുപിള്ള — ഞാൻ പറഞ്ഞില്ലേ അങ്ങത്തെ, ഇവന്മാരു തന്തയില്ലാത്ത മോന്മാരാണെന്നു്?

പെട്ടെന്നു ഞാൻ കുഞ്ചുപിള്ളയുടെ വാപൊത്തിപ്പിടിച്ചുകൊണ്ടു് ആരും ഒരക്ഷരംപോലും ഉറച്ചുരിയാടിപ്പോകരുതെന്നു് കശനമായ താക്കീതുനൽകി. അറുപ്പുശബ്ദം കേട്ടതായ സ്ഥലത്തെ ലക്ഷ്യമാക്കി ചെവി വട്ടം പിടിച്ചു. അല്പം കഴിഞ്ഞപ്പോൾ ആ ശബ്ദം നിലച്ചു. അറുത്ത ഉരുപ്പടികൾ പെറുക്കി എറിയുന്നതായ ശബ്ദം പുറപ്പെട്ടു. ഞങ്ങൾ

നിന്നിരുന്നതായ പുരയിടത്തിൻെറ തൊട്ടുകിഴക്കെ പുരയിടത്തിലാണു് ഈ സംഭവങ്ങൾ എല്ലാം നടന്നുകൊണ്ടിരുന്നതു് രണ്ടു പുരയിടങ്ങൾക്കും മദ്ധ്യേ അഗാധമായ ഒരു കിടങ്ങുണ്ടായിരുന്നു. അതിനരുകിൽ നിന്നിരുന്ന ഒരു വലിയ വെങ്കൊട്ടവൃക്ഷത്തിൻെറ ഉയൎന്ന വേരിൽ തൂങ്ങി ഞങ്ങൾ ഓരോരുത്തരായി സാവധാനത്തിൽ ആ കിടങ്ങിൽ ഇറങ്ങി. അവിടെനിന്നും കുറച്ചകലെ അതേത്രൂപത്തിൽ നിന്നിരുന്ന മറ്റൊരു വൃക്ഷത്തിൻെറ വേരിൽപിടിച്ചു് ഞങ്ങൾ സംഭവസ്ഥലത്തു പ്രവേശിച്ചു. അറുപ്പുകാരെ പിടികൂടണമെന്നുണ്ടായ അതിമോഹത്താൽ അവർ വീണ്ടും ജോലി ആരംഭിക്കുന്നതുവരെ ഞങ്ങൾ ശ്വാസം അടക്കി അവിടെ കുത്തിയിരുന്നു. ഞങ്ങൾ ഇരുന്നിരുന്ന സ്ഥലത്തുനിന്നും ഉദ്ദേശം നൂറുവാര അകലെ അറുക്കുന്നതിനുള്ള കടമരം (എഴയും കാലും) സ്ഥിതിചെയ്യുന്നതായ അതിനു മുകളിൽ മങ്ങിമങ്ങി പ്രകാശിച്ചുകൊണ്ടിരുന്ന തകരവിളക്കിൻെറ സഹായത്താൽ കണ്ടു മനസ്സിലാക്കി. അറുത്ത ഉരുപ്പടികൾ ആളുകർ ചുമ്മി ദൂരെ എവിടെയോ കൊണ്ടു മറിക്കുന്ന ശബ്ദം തുടർച്ചയായി കേട്ടുകൊണ്ടിരുന്നു. കുറച്ചുപേർ മദോന്മത്തരായി കടമരത്തിനു ചുറ്റുംനിന്നു് അസഭ്യങ്ങളും വിരവാദങ്ങളും പുലമ്പുന്നുണ്ടായിരുന്നു. പത്തിരുപതാളുകൾ ആ സംരംഭത്തിൽ ഉൾപ്പെട്ടിരിക്കുന്നതായി ഞങ്ങൾക്കു മനസ്സിലായി. ഇങ്ങിനെ അല്പംകൂടി കഴിഞ്ഞപ്പോൾ രണ്ടുസെററു വാൾക്കാർ കടമരത്തിൽ കയറി വീണ്ടും ജോലി ആരംഭിച്ചതായി ഞങ്ങൾ കണ്ടു. ഞങ്ങളേക്കാൾ തുലോം സംഖ്യാബലമുള്ള ഒരു തസ്കരസംഘത്തിൻെറ നേക്കു് അനുകൂലമല്ലാത്ത പരിതഃസ്ഥിതിയിൽ ഒരാക്രമണം നടത്തുന്നതു് തികച്ചും ബുദ്ധികേടായിരുന്നുവെങ്കിലും തൊണ്ടിസഹിതം പ്രതികളെ പിടികൂടുവാനുള്ള ഒരപൂർവസന്ദർഭത്തെ പാഴാക്കിക്കളയുന്നതു് അതിലേറെ ബുദ്ധികേടാ

ണ്ണെന്നു ഞാൻ നിശ്ചയിച്ചു. ഗാർഡുകൾ എല്ലാം ഏഴെട്ടേററു് ഒരു വരിയായി നിൽക്കുവാൻ ഞാൻ ആർഡർ കൊടുത്തു. ഞാൻ വിസിൽ ഊതി. ഓട്ട മ്പോൾ അവർ "റൺഅപ്പ്? റൺഅപ്പ്?" എന്നു് ഉറക്കെ ക്രമമായി ഉച്ചരിച്ചുകൊണ്ടു് എന്നെ അനുഗമിച്ചുകൊള്ളണ മെന്നും ഞാൻ "സ്റ്റാപ്പ്" എന്നു പറയുന്ന അവസരത്തിൽ അവർ നിശ്ചലരായി നിന്നുകൊള്ളണമെന്നും അവർക്കു് നിർദ്ദേശം നൽകി. പിന്നീടു് ഒരു നിമിഷനേരംപോലും ഞാൻ വ്യർത്ഥമാക്കിയില്ല. തുരുതുരാ വിസിൽ ഊതി ക്കൊണ്ടു് വെടികൊണ്ട പന്നിയെപ്പോലെ വായുവേഗത്തിൽ മുന്നോട്ടുപാഞ്ഞു് അകലെ കണ്ടതായ കടമരത്തിൻെറ മുക ളിൽ ഞാൻ കുതിച്ചുകയറി. ഗാർഡന്മാരും എന്നെ അനുഗ മിച്ചു. ശബ്ദകോലാഹലംകൊണ്ടു് അവിടമെങ്ങും മുഖരിത മായി. ഞങ്ങളും പത്തിരുപതുപേരോളം ഉള്ളതായി മററു പക്ഷക്കാർക്ക തോന്നിയതിൻെറ ഫലമായി അരുപ്പുകാർ അതേനിലയിൽ വാളുകളും ഉപേക്ഷിച്ചു് കടമരത്തിൽനിന്നും എടുത്തുചാടി അന്ധകാരത്തിൽ മറഞ്ഞു. മററുള്ളവരും പ്രാണരക്ഷാർത്ഥം ഓടിമറയുന്ന കാലൊച്ചകളും അലർച്ചകളും ഞങ്ങൾ കേട്ടു. ഗാർഡന്മാർ അവരെ പിന്തുടരാൻ ഭാവിച്ചു എങ്കിലും ഞാൻ "സ്റ്റാപ്പ്" എന്നുള്ള ആർഡർ കൊടുത്തതി നാൽ അവരെല്ലാം എനിക്കു സമീപം കടമരത്തിനുചുററും വന്നുനിന്നു. കുഞ്ഞുപിള്ളയെ മാത്രം കാണ്മാനില്ലായിരുന്നു. ഞാൻ തുടർന്നു വിസിൽ ഊതി. അല്പം കഴിഞ്ഞപ്പോൾ അയാൾ മുടന്തിമുടന്തി കൈയിൽ റാന്തലുമായി വന്നുചേർന്നു. ഒരു പാറക്കല്ലിൽമുട്ടി റാന്തലിൻെറ ചിമ്മിനിയും അയ്യാ ളുടെ കാൽമുട്ടുകളും പൊട്ടിയിരുന്നു. കുരുതികഴിഞ്ഞ കളം പോലെ അവിടമെല്ലാം ഒരു നിശ്ശബ്ദത ബാധിച്ചു. തരുലതാ ദികളെ ആമൂലാഗ്രം ഉലച്ചുമറിച്ചിട്ടുന്ന പ്രചണ്ഡമാരുതൻെറ ഉഗ്രപ്രവേശനത്തിനു മുമ്പുള്ള ആപൽസൂചകമായ നിശ്ചലാ

വസ്ഥ ആയിരിക്കുമോ അതെന്നു് ഞാൻ ബലമായി സംശയിച്ചു. ഞങ്ങളുടെ സംഖ്യാബലം മനസ്സിലാക്കി ശത്രുക്കൾ ഒരു പ്രത്യാക്രമണം നടത്തി, ഞങ്ങൾ പിടിച്ചെടുത്തതായ വാൾ, മഴക്കു്. ഉളി, കരിന്തൽ, തകരവിളക്കു്, തടികൾ മുതലായ തൊണ്ടിസാധനങ്ങൾ വീണ്ടെടുത്തുകളയുമോ എന്നും ഞാൻ ഭയപ്പെട്ടു, അതെല്ലാം സുരക്ഷിതമാക്കിക്കൊള്ളുവാൻ ഞാൻ ഗാർഡുകളോടു പറഞ്ഞു. വലിയ സാഹസം ചെയ്തിട്ടും പ്രതികളിൽ ഒരുവനെപ്പോലും പിടികൂടുവാൻ സാധിക്കാതെപോയതിൽ എനിക്കു് വലിയ നിരാശയുണ്ടായി. അങ്ങിനെ ഞാൻ വിഭ്രാന്തനായും വിമനസ്സനായും കുറച്ചേറെനേരം കഴിഞ്ഞുകൂടിയപ്പോൾ പൂർവ്വദിക്കിൽ വിക്ടോറിയാക്രാസ് എന്നോണം വെള്ളിനക്ഷത്രം മിന്നിത്തിളങ്ങുന്നതായി കണ്ടു. അതേസമയം ആ പുരയിടത്തിൽ അല്പം അകലെനിന്നും പുറപ്പെട്ട ഒരു ദീനസ്വരം പുലർവേളയിലെ കുളിർവായുവിൽക്കൂടി ഇഴഞ്ഞിഴഞ്ഞു് എൻെറ ശ്രവണേന്ദ്രിയത്തിൽ പതിച്ചു. ഞാൻ സാവധാനത്തിൽ ആ സ്വരത്തിൻെറ ഉത്ഭവസ്ഥാനം അന്വേഷിച്ചു നടന്നുചെന്നു. കഷ്ടം! വിലംഭനിധിയായ എൻെറ ഒരു യുവപരിചിതൻെറ കണ്ഠത്തിൽനിന്നും ദുസ്സഹവേദന നിമിത്തം പുറപ്പെട്ടിരുന്ന ദീനവിലാപം ആയിരുന്നു അതു്. വൃഷഭത്തിനോളം ഉയരം വരുന്ന ഒരു കരിമ്പാറയിൽ അടിപെട്ടു് മൂക്കും മുഖവും പൊട്ടി രക്തം ഒലിച്ചുകൊണ്ടിരുന്ന ആ യുവസാഹസികൻെറ പരിതാപകരമായ കിടപ്പിൽ ഞാൻ നിർവ്യാജം സന്തപിച്ചു. അവിടെനിന്നും അല്പം അകലെയായി മറെറാരു പാറയിൽ അടിച്ചു് അറുപ്പുകാരിൽ ഒരുവൻ മൃതപ്രായനായി ഊർദ്ധ്വശ്വാസംവലിച്ചു കിടക്കുന്ന പരമദയനീയമായ കാഴ്ചയും എന്നെ വല്ലാതെ വേദനിപ്പിച്ചു, സന്താപസന്തോഷസമ്മിശ്രമായ ഹൃദയത്തുടിപ്പോടുകൂടി എന്തുചെയ്യണമെന്നറിയാതെ അല്പനേരം ഞാൻ നിശ്ചലനായി നിന്നുപോയി. പെട്ടെന്നു

ഗാർഡുകളെ വിളിച്ച് നിർഭാഗ്യരായ ആ രണ്ടു മനുഷ്യജീവികൾക്കും വേണ്ട പ്രഥമശുശ്രൂഷകൾ ചെയ്യുവാൻ ഞാൻ ആവശ്യപ്പെട്ടു. അപ്പോഴേക്ക് ഉദയഭാനുവിൻെറ ഇളം കതിരുകൾ പൂർവ്വദിക്കിൽനിന്നും പാവോടിച്ചുവരുന്നതായി കണ്ടു് ആശ്വസിച്ചു. വസ്തുക്കളുടെ പൂർണ്ണരൂപങ്ങൾ ഞങ്ങൾ വ്യക്തമായി കാണുവാൻ തുടങ്ങി. മുയലുമുതൽ ആനവരെയുള്ള മൃഗങ്ങളുടെ വലിപ്പത്തിൽ ആ പുരയിടത്തിൻെറ നാനാഭാഗങ്ങളിലും ഉയർന്നുനിന്നിരുന്ന കരിംപാറകളുടെ ഇടയിൽക്കൂടി തലേദിവസം രാത്രിയിൽ ഞങ്ങൾ നടത്തിയ സാഹസികമായ നെട്ടോട്ടം എത്രമാത്രം ആപൽക്കരമായിരുന്നു എന്നുള്ള ബോധം ഉണ്ടായപ്പോൾ പരമാർത്ഥത്തിൽ ഞങ്ങൾ അമ്പരന്നുപോയി. അത്തരം സന്ദർഭങ്ങളിൽ ഞങ്ങൾക്കു് ബുദ്ധിയും, ശക്തിയും, സംരക്ഷണവും നൽകാറുള്ള സാക്ഷാൽ ശ്രീപത്മനാഭൻെറ അളവററ കാരുണ്യം അപ്പോഴും അനസ്യൂതം ഞങ്ങളിൽ ചൊരിഞ്ഞുകൊണ്ടിരിക്കുന്നതായി അനുഭവപ്പെട്ടു. നേരം വെളുത്തതോടുകൂടി ഞാൻ നടപടികൾ നടത്തി തൊണ്ടിസാധനങ്ങൾ പത്തനംതിട്ട കോടതിയിലേക്കും, പ്രതികളിൽ പിടികിട്ടിയവരെ കോഴഞ്ചേരി ആശുപത്രിയിലേക്കും അയച്ചു

മേൽ വിവരിച്ചിരിക്കുന്ന സംഭവങ്ങൾക്കെല്ലാം കാരണക്കാരൻ കുഞ്ഞുപിള്ളതന്നെ ആയിരുന്നു. ഒരിക്കൽ എഴുമററൂരിൽനിന്നും ഞാൻ തിരിച്ചുവരുമ്പോൾ എൻെറ സൈക്കിൾ യാദൃച്ഛികമായി അതിസൌന്ദര്യവതിയായ ഒരു യുവതിയുടെ പുറത്തു മുട്ടുവാൻ ഭാവിച്ചു. അവൾ നീരാട്ടുകഴിഞ്ഞു്, ഈറനും ധരിച്ചു്, നനച്ചുപിഴിഞ്ഞ തോർത്തു മടക്കി കുചകുംഭങ്ങളും മറച്ചു്, നീണ്ടുചുരുണ്ട പനങ്കുലപോലെ കിടന്നിരുന്ന കാർകൂന്തലും ചിക്കി അലക്ഷ്യമായി റോഡിനെ മറികടക്കുകയായിരുന്നു. ഉരുണ്ടുതടിച്ചു്ചൊതുങ്ങിയ അവളുടെ

പൃഷ്ഠഭാഗത്തു എൻെറ സൈക്കിൾ തൊട്ടുതൊട്ടില്ലെന്നായപ്പോൾ ഞാൻ ചാടിയിറങ്ങി. അങ്ങിനെ ഞാനും ആ വിലാസിനിയും (അതായിരുന്നു അവളുടെ നാമധേയം) ആയി പരിചയപ്പെട്ടു. ആ പരിചയം വച്ചുകൊണ്ടു് ഗാർഡു കുഞ്ചുപിള്ള സാധുവായ അവളുടെ ഭർത്താവിനെക്കൊണ്ടു നടത്തിയ ഒരു തടിമോഷണം ആയിരുന്നു തലേദിവസം രാത്രി നടന്നിരുന്നതു്. ആ പരമസാധുവിൻെറ ദയനീയമായ കിടപ്പിൽ എനിക്കു സങ്കടം ഉണ്ടായിരുന്നു എങ്കിലും അയാളെ പ്രതിസ്ഥാനത്തിൽനിന്നും ഒഴിവാക്കുവാൻ മനസ്സുവന്നില്ല. പക്ഷേ, കുഞ്ചുപിള്ള ഉടൻതന്നെ പെൻഷൻപററി പിരിയേണ്ടതായി വന്നു.

---

# ആ വൃകോദരൻ രക്ഷപ്പെട്ടില്ല!

ചരിത്രപ്രസിദ്ധമായ കൊല്ലംപട്ടണത്തിൻെറ ഉത്തര പ്രാന്തത്തിൽ പരന്നു നീലിമയാന്നു കിടക്കുന്നതും അത്ഥവത്തായ നാമത്താൽ വിളിക്കപ്പെടുന്നതും ആയ അഷ്ടമുടിക്കായലിനെക്കുറിച്ച് കേട്ടിട്ടില്ലാത്തവർ ചുരുങ്ങും. അനന്യസാധാരണമായ പ്രകൃതിവിലാസംകൊണ്ട് ആ കായൽ തികച്ചും പരിപുഷ്ടയാണ്. നൂലിട്ടാൽ നിലക്കാത്ത അനവധി അത്യഗാധകയങ്ങൾ അതിനുള്ളിൽ ഉണ്ട്. ദിംഗബരദാശന്മാക്ക് ഇറങ്ങിനിന്നു കക്കാവാരുവാനും കരിമീൻ പിടിക്കുവാനും സൌകര്യമുള്ള നികപ്പുസ്ഥലങ്ങളും വിരളമല്ലാ. എങ്കിലും നിസ്സാരകോപഹേതുക്കൾ മതിയാവും രസവിസ്മയസരസ്വാന്ന് പ്രചണ്ഡതാണ്ഡവം ആരംഭിക്കുവാൻ. അത്തരം സന്ദർഭങ്ങളിൽ നിത്യസഞ്ചാരിണികളായ പടവുകളേയും പങ്കിലങ്ങളേയും എന്നുവേണ്ട സകല യാനപാത്രങ്ങളേയും പൊക്കിയിട്ട പന്താടുന്ന ഭീകരകാഴ്ച ആരെയും വിറപ്പിക്കുകതന്നെ ചെയ്യും. വിവേകജീവിയായ മനുഷ്യനുപോലും അവൻെറ ഉള്ളിനുള്ളിൽ സ്വവർഗ്ഗചിഹ്നമായ മൃഗീയത്വം അല്പം ഒളിച്ചുവെയ്ക്കാമെന്നുണ്ടെങ്കിൽ നിജ്ജീവവസ്തുക്കൾക്ക് അതു പാടില്ലെന്നു പറയുവാൻ ആക്കാണവകാശം?

അഷ്ടമുടിക്കായലിൻെറ അനശ്വരമായ കീത്തിയെ അനുദിനം വദ്ധിപ്പിച്ചുകൊണ്ടിരിക്കുന്ന ഘടകങ്ങളിൽ സർവപ്രധാനമായതത്രെ കല്ലടയാറ്. കാർമുകിൽവൃന്ദത്തെ

ഉന്മേഷവസ്തുവാൻ മുകുളിതമായി നിൽക്കുന്ന കുളത്തൂപ്പുഴ മലകളുടെ സാലവൃക്ഷനിബിഡിതമായ സാനുപ്രദേശങ്ങളിലെവിടെയോ ഉദയംചെയ്ത് അനവധി അരുവികളുടെ സംയോജനത്താൽ പുഷ്കലപ്പെട്ട് പ്രതിബന്ധകാരികളായ പച്ചക്കാടുകളേയും പാറക്കെട്ടുകളേയും പുറംതള്ളി കലങ്ങിമറിഞ്ഞൊഴുകിവരുന്ന കല്ലടയാറ് അഷ്ടമുടിക്കായൽവഴി അറേബ്യൻ കടലിൽ വിലയംപ്രാപിക്കുന്നു. അനുസ്യൂതമായി അവൾ വഹിച്ചുകൊണ്ടുവരുന്ന അമൂല്യധാതുക്കളിൽ ഒന്നുമാത്രമത്രെ ലോകമഹായുദ്ധത്തിൻെറ പരിസമാപ്തിക്കു നിദാനമായ കായുധമായി ഭവിച്ച അൺബാംബിലെ "തോറിയം." ആവൂ! ഭാരതഭൂമിയുടെ ദക്ഷിണാഗ്രത്തിൽ സ്ഥിതിചെയ്യുന്ന ഈ വഞ്ചിരാജ്യത്തിൻെറ അനന്തമായ സാദ്ധ്യതകൾ ആരു കണ്ടു? ഭഗവാനെ! പത്മനാഭാ!! അതൊക്കെ എന്നെന്നും വച്ചുസൂക്ഷിക്കുവാനുള്ള മഹാഭാഗ്യം ഞങ്ങൾക്കുണ്ടാകണേ!!

തൊണ്ണൂററിഒൻപതിലെ പെരുവെള്ളത്തെ അതിലംഘിച്ചില്ലെങ്കിലും അതിലൊട്ടും കുറവല്ലാത്ത ഒരു വെള്ളപ്പൊക്കം ഈ കഴിഞ്ഞ തുലാമാസത്തിലും കല്ലടയാററിലുണ്ടായി. സ്വാഭാവികമായി അതിൻെറ പ്രതിസഞ്ചരം അഷ്ടമുടിക്കായലിലും പ്രത്യക്ഷപ്പെട്ടു. ആററുതീരത്തുള്ള കാടും, പടലും, വീടും, കുടിലും ഒഴുക്കിൽ അകപ്പെട്ട് ആടിത്തുടങ്ങി. പലതു നശിച്ചും ചിലതു നശിക്കാതെയും ഒഴുക്കിൽപെട്ടു ബഹുദൂരം സഞ്ചരിച്ചു. തടികളും, മരങ്ങളും, തടിച്ചങ്ങാടങ്ങളും അമ്പുവിട്ടതുപോലെ പാഞ്ഞൊഴുകി. രണ്ടുമൂന്നു ദിവസത്തേയ്ക്ക് അഹോരാത്രം നീണ്ടുനിന്നതായ പേമാരിയും വെള്ളപ്പൊക്കവും വസ്തുവകകൾക്കും, ജീവജാലങ്ങൾക്കും അനവധി നാശം വരുത്തിക്കൊണ്ട് സ്വയം ശാന്തത പ്രാപിച്ചു. ലോകത്തു പ്രിയമായിട്ടുള്ള സകലതിനേയും സംഭരിച്ചു യുദ്ധത്തിൻെറപേരിൽ നിഷ്ക്കരുണം

പുകച്ചുകളയുന്ന മനുഷ്യൻ പ്രകൃതികോപങ്ങളെ പഴിക്കയും ശപിക്കയും ചെയ്യുന്ന വിനോദകാഴ്ച വിസ്മയകരമായിരിക്കുന്നു കൈക്കോണംകൊണ്ടും കരിംചന്തകൊണ്ടും യുദ്ധത്തെ സ്വാഗതംചെയ്യുന്ന നിഷ്കണ്ടകരുണ്ടോ നിയതിയുടെ നിശിതായുധങ്ങളുടെ പൊരുളറിയുന്നു.

വഞ്ചിഭൂപാലവംശജന്മാർ ദേശിംഗനാട്ടിൽ എഴുന്നള്ളിപാർക്കുമ്പോൾ പള്ളികൊള്ളുന്നതിനായി പണികഴിപ്പിച്ചിട്ടുള്ള വിശാലമോഹനമായ തേവള്ളിക്കൊട്ടാരം അഷ്ടമുടിക്കായലിന്റെ തീരത്തു ഗംഭീരമായി നിലകൊള്ളുന്നു. അസൂയാജനകമായ അവിടത്തെ പ്രകൃതിസൗകുമാര്യം ആരാലും വർണ്ണിക്കപ്പെടുവാനസാദ്ധ്യം. കൊട്ടാരവളപ്പിനുള്ളിൽ കമനീയമായ അതിന്റെ പ്രവേശനദ്വാരത്തിനു സമീപമായി പ്രത്യേകം പണിയിച്ചിട്ടുള്ള ഒരു ചെറുഭവനത്തിൽ അവാട്ടത്തെ വിചാരിപ്പുകാരൻ പാർക്കുന്നു. അയാൾ അല്പശമ്പളക്കാരനായ ഒരു ഉദ്യോഗസ്ഥൻ ആണെങ്കിലും അദ്ദേഹത്തെ നിയമിക്കുവാനും നീക്കംചെയ്യുവാനും ഉള്ള അധികാരം നാടുവാഴുന്ന പൊന്നുതമ്പുരാനു മാത്രമാണുള്ളതു്. ഇപ്പോഴത്തെ വിചാരിപ്പുകാരൻ കാററുപോലെ എവിടെയും പറന്നുപോകുന്ന ഒരു കൊച്ചുമിടുക്കനാണു്. അല്പം നീണ്ടുമെലിഞ്ഞു് ഉൾവളവോടുകൂടിയ ആ വിനീതവിനോദനെ ഒരു വ്യക്തി എന്നു പറയുന്നതിനേക്കാൾ ഒരു സ്ഥാപനമെന്നു വിളിക്കയാണു വേണ്ടതു്. അത്രകണ്ടു് ബഹുകാര്യനിരതനാണയാൾ. എങ്കിലും ഒരു ഈച്ചപോലും അയാളുടെ അനുവാദംകൂടാതെ കൊട്ടാരവളപ്പിനുള്ളിൽ പ്രവേശിക്കാറില്ല.

തുലാമാസത്തിലെ വെള്ളപ്പൊക്കത്തിനുശേഷം നാലഞ്ചുദിവസം കഴിഞ്ഞിരിക്കണം, ഒരു രാത്രിയിൽ കൊട്ടാരവളപ്പിനകത്തു് ഒരു വിശേഷസംഭവം ഉണ്ടായി. നിശയുടെ നിശ്ശബ്ദതയെ ഭഞ്ജിച്ചുകൊണ്ടു് പാതിരാസമയം വിചാരി

പ്പുകാരന്റെ കുക്കുടങ്ങൾ എട്ടുദിക്കും പൊട്ടുമാറു് ഒരു കൂട്ടനിലവിളി ആരംഭിച്ചു. പാലുപോലത്തെ ചന്ദ്രിക പൊഴിയുന്ന ഒരു രാത്രി ആയിരുന്നു അന്നു്. കായലിൽ നിന്നു് ഊതിവന്നിരുന്ന തണുത്ത കാററിന്റെ മാന്ത്രികശക്തിയാൽ സുഖനിദ്ര പ്രാപിച്ചിരുന്ന വിചാരിപ്പുകാരൻ പെട്ടെന്നു് ഉണൎന്നു കിടക്കയിൽ കിടന്നുകൊണ്ടുതന്നെ കണ്ണുകൾ തിരുമ്മി ജന്നൽവഴി നേരെ അകലെയുള്ള കോഴിക്കൂട്ടിലേക്കു് ദൃഷ്ടികൾ പായിച്ചു. അപ്പോഴും കോഴികൾ കൂട്ടമായി കൂവുകയും, ചിറകടിക്കയും ചെയ്യുന്നുണ്ടായിരുന്നു. അവിടെ വിശേഷവിധിയായി മറെറാന്നും കണ്ടതുമില്ല. എങ്കിലും വിചാരിപ്പുകാരൻ തന്റെ തലയിണത്താഴെ വച്ചിരുന്ന നീളമുള്ള „ടാർച്ചുലൈററു്'' (ഞെക്കുവിളക്കു്) എടുത്തു് കോഴിക്കൂട്ടിലേക്കു പ്രകാശിപ്പിച്ചു. ഒന്നും മനസ്സിലാക്കാൻ സാധിച്ചില്ല. വീണ്ടും „ലൈററു് അടിച്ചു." അതേ! എല്ലാക്കും മനസ്സിലാകുന്നതിനായി ഇംഗ്ലീഷും മലയാളവും ചേൎന്ന ആ „മണിപ്രവാള'' പദംതന്നെ ഉപയോഗിക്കാം. പൊക്കമുള്ള നാലു തൂണുകൾ നാട്ടി അതിന്റെ മുകളിലായിരുന്നു എഴിയടിച്ച ആ കോഴിക്കൂടു വച്ചിരുന്നതു്. തൂണുകൾക്കു് ഒരാൾപതിയെയുള്ള പൊക്കം ഉണ്ടായിരുന്നു. പുതുതായി ഒരു തൂണുകൂടി നാട്ടിയിരിക്കുന്നതായി വിചാരിപ്പുകാരൻ കണ്ടു. ആരതു ചെയ്തുവെന്നും അതിന്റെ ആവശ്യം എന്തായിരുന്നുവെന്നും അയാൾ അറിഞ്ഞിരുന്നില്ല. അടുത്തു് തറയിൽ ശയിച്ചിരുന്ന സഹധൎമ്മിണിയെ വിളിച്ചുണൎത്തി അയാൾ ചോദ്യംചെയ്തു. ആ പാവവും ഒന്നും അറിഞ്ഞിരുന്നില്ല. ഏതായാലും അടുത്തുപോയി പരിശോധിക്കുക തന്നെ എന്നു് അയാൾ തീരുമാനിച്ചു. ഞെക്കുവിളക്കും ഒരു വടിയുമായി അയാൾ സാവധാനം കൂട്ടിനുസമീപം ചെന്നുചേൎന്നു. വാർണീഷിട്ടു മിനുസപ്പെട്ടുത്തിയ ഒരു തൂണു് അങ്ങിനെ നിൽക്കുന്നതായിത്തന്നെ വീണ്ടും കണ്ടു.

അയാൾ ലൈററടിച്ചു. അയ്യോ! പാമ്പ്!! കൈയിലിരുന്ന ഞെക്കുവിളക്കു മുമ്പോട്ടും അയാൾ പിറകോട്ടും ഗമിച്ചു. ടാർച്ചു പ്രകാശിച്ചുകൊണ്ടു് പാമ്പിനരികേ വീണു. അപ്പൊഴും കോഴികൾ കൂട്ടമായി കൂവുന്നുണ്ടു്. കൂട്ടിൻെറ അഞ്ചാംതൂണു് അതുപോലെ നില്ക്കുന്നുമുണ്ടു്. അല്പനിമിഷത്തിനുള്ളിൽ വിചാരിപ്പുകാരൻ ധൈര്യം വീണ്ടെടുത്തു. അടുത്തുചെന്നു് കൈയിലുണ്ടായിരുന്ന കാഞ്ഞാവുവടികൊണ്ടു് സകലശക്തിയും പ്രയോഗിച്ചു് അഞ്ചാംതൂണിനു് ഒരു പ്രഹരം ഏല്പിച്ചു. ശ്ശെ! ഫോ!! 'പത്തൊ!' എന്നൊരു ശബ്ദമല്ലാതെ ആ തൂണിനു് യാതൊരു ചലനവും ഉണ്ടായില്ല. വിചാരിപ്പുകാരൻ വിഷമിച്ചു. പെട്ടെന്നു് വീട്ടിനുള്ളിൽ പ്രവേശിച്ചു് ഹരിക്കയിൻറാന്തൽ എടുത്തുകൊളുത്തി വെളിയിലോട്ടിറങ്ങി, ചങ്കുവേ! പപ്പുവേ!! മത്തായി!!! എന്നു് കുറെ വിളികൾ മുഴക്കി. അടുത്തു കൊട്ടാരവളപ്പിനു വെളിയിൽ പാർത്തിരുന്ന അയൽവാസികൾ ഓടിവന്നു. വിവരമറിഞ്ഞു് എല്ലാവരും ചൂട്ടും വെട്ടവുമായി കൈയിൽകിട്ടിയ വടിയും, തടിയും, വെട്ടുകത്തിയുമായി കോഴിക്കൂടിനെ സമീപിച്ചു. ആ അഞ്ചാംതൂണു് അപ്പോഴും അങ്ങനെ പ്രകാശിച്ചുകൊണ്ടു് അവിടെ നിന്നു. അതിൻെറ വായിൽ രണ്ടു തള്ളക്കോഴികളുടെ കാലുകളും അകപ്പെട്ടിരുന്നു. ബലമുള്ളവർ നീളമുള്ള വടികൾകൊണ്ടു് മാറിമാറി അതിനെ പ്രഹരിച്ചു. അവനൊരു ഊററൻ മലമ്പാമ്പായിരുന്നു. അടികൾ ഒന്നും അവനു് ഏറിച്ചില്ലെന്നു മാത്രമല്ല അടി കൊള്ളുംതോറും അവൻ വീർത്തുവരുന്നതായും കണ്ടു. ഒടുവിൽ ഒരു മുളംകഴക്കോൽ ചെത്തിക്കൂമ്പിച്ചു് അതുവെച്ചു് ഒന്നുരണ്ടു കുത്തുകൾ ഏല്പിച്ചു. എരിഞ്ഞുകൊണ്ടിരുന്ന ചൂട്ടുവച്ചു് ഒന്നുരണ്ടു കുത്തുകൾ കൊടുത്തു. അവൻ സാ...മട്ടിൽ കോഴികളെ വിട്ടിട്ടു് സാവധാനം തലതാഴ്ത്തി ഇഴയുവാൻ തുടങ്ങി. ആളുകൾ ഉലക്കകൊണ്ടും വടികൾകൊണ്ടും പൂർവ്വാധികം

ഊക്കോട്ടകൂടി പത്തോ! പത്തോ!! എന്നു പ്രഹരിക്കുവാൻ തുടങ്ങി. ആ ഉരഗവീരനുണ്ടോ അതേൽക്കുവാൻപോകുന്നു? അവൻ സാവധാനം കായലരികിലേക്കു നീങ്ങുകയാണ്. പത്തടിയോളം നീളവും ഒരു മുഴുത്ത വാഴയുടെ വണ്ണവും അവനുണ്ടായിരുന്നു. ആളുകൾ എല്ലാം ലജ്ജിതരായി. അവൻ രക്ഷപ്പെട്ടുമെന്നുള്ള മട്ടമായി. ഒടുവിൽ രണ്ടു മുളംകഴക്കോലുകൾ ചേർത്തുകെട്ടി ഒരു കത്തിരിപ്പൂട്ടുണ്ടാക്കി അവൻെറ തലയ്ക്കുതാഴെ കുത്തിപ്പിടിച്ചു. ബലമുള്ള ഒരു പുതിയ വടം എടുത്തു കുരുക്കുണ്ടാക്കി കഴുത്തിലിട്ടു മുറുക്കി. അതിൻെറ മറേറഅററം അടുത്തുനിന്നിരുന്ന ഒരു പ്ലാവിൻെറ ചാഞ്ഞുകിടന്നിരുന്ന കൊമ്പിനു മുകളിൽക്കൂടി എറിഞ്ഞു താഴെയിട്ടു. അഞ്ചെട്ടാളുകൾകൂടി വടം വലിച്ചു് പാമ്പിനെ മുകളിലേക്കു് ഉയർത്തി. പ്ലാവിൻെറ തായ്ത്തടിയോടുചേർത്തു് അവനെ ബലമുള്ള മുറുക്കുകയറുകൾകൊണ്ടു് വരിഞ്ഞുകെട്ടി. ഈരണ്ടടി അകലെയായി നാലു വരിഞ്ഞുകെട്ടുകൾ ഉണ്ടായിരുന്നു. അവസാനമായി വടത്തിൻെറ അററം പ്ലാവിൻെറ ശിഖരത്തിലും ബന്ധിച്ചു. ശേഷം കാര്യം വെളുത്തിട്ടാകാമെന്നു പറഞ്ഞു് എല്ലാവരും പിരിഞ്ഞുപോയി. വിജയലഹരികൊണ്ടു വിചാരിപ്പുകാരനു് ഉറക്കം വന്നില്ല. അനുവാദംകൂടാതെ അർദ്ധരാത്രിസമയം കൊട്ടാരവളപ്പിൽ പ്രവേശിച്ചു ബലാൽക്കാരം നടത്തിയ ഉരഗമൂട്ടനെ പിടിച്ചു വരിഞ്ഞുകെട്ടിയ പരാക്രമചരിതം ബഹുജനസമക്ഷം പരസ്യപ്പെടുത്തിക്കൊള്ളാഞ്ഞു് അയാൾക്കു വീർപ്പുമുട്ടി. അങ്ങിനെ അർദ്ധനിദ്രയിൽ അയ്യാൾ കിടക്കുമ്പോൾ അടുത്തുള്ള കാട്ടൺമില്ലിൽ മണി അഞ്ചടിക്കുന്ന ശബ്ദം അവിടമെങ്ങും പ്രതിധ്വനിച്ചു. പഴയ ഞെക്കുവിളക്കുമെടുത്തു ബന്ധനസ്ഥനായ പാമ്പിനെ നോക്കുവാൻ അയ്യാൾ വീണ്ടും പ്ലാംചുവട്ടിലേക്കു ചെന്നു. എന്തൊരാശ്ചര്യം!! അൻപതു യോജനവിസ്താരത്തിൽ വാപിളന്നുനിന്ന സുരസയുടെ ഗഹ്വ

രത്തിൽക്കൂടി അംഗുഷ്ഠതുല്യനായി കടന്നുപോയ മാരുതിപുത്രനെപ്പോലെ കൃശശരീരനായി ആ ഉരഗവീരനും കെട്ടുകളിൽനിന്നു രക്ഷപ്രാപിച്ചിരിക്കുന്നു. പക്ഷേ, നിർഭാഗ്യവശാൽ വടത്തിലെ കെട്ടിൽനിന്നും വിമുക്തനാകുന്നതിനു മുമ്പ് അവൻ കണ്ടുപിടിക്കപ്പെട്ടിരിക്കുന്നു. അവൻ വടത്തിൽ മാത്രം തൂങ്ങിനിന്നു വായുവിൽ അങ്ങിനെ ഊഞ്ഞാലാടുകയാണു്. അതു കണ്ടമാത്രയിൽ വിചാരിപ്പുകാരൻ വീണ്ടും ശങ്കുവെ! പപ്പുവെ!! മത്തായി!!! ഓടിവരണേ എന്നു വിളി തുടങ്ങി, സകലരും ഓടിയെത്തി. വല്ലവരുടേയും തലയ്ക്കു ചാടി വീഴുമോ എന്നുള്ള ഭയത്താൽ എല്ലാവരും അകലെ നിന്നതല്ലാതെ ആരും പാമ്പിനടുത്തു പോയില്ല. അങ്ങിനെ നേരം വെളുപ്പിച്ചു. പ്രഭാതം ആയതോടുകൂടി ഈ സംഭവം കണ്ണ്ാകണ്ണ്ികയാ അടുത്തുള്ള സകലരും അറിഞ്ഞുകഴിഞ്ഞു. കാഴ്ചക്കാരായി ഒട്ടനവധി ആളുകൾ വന്നുകൂടി. ബഹുദൂരം നാഴിക അകലെയുള്ള ഘോരവനത്തിൽനിന്നും തിരിച്ചു്, ചങ്ങാടത്തിൽക്കൂടി ആറുവഴി സഞ്ചരിച്ചു്, കായലും നീന്തിക്കടന്നു പൊന്നുതമ്പുരാൻ തിരുമനസ്സിലെ കൊട്ടാരത്തിൽ പ്രവേശിച്ചു് ഇത്രമാത്രം പരാക്രമം കാണിച്ചതായ ആ പെരുമ്പാമ്പിൽനിന്നും കൂടുതൽ അൽഭുതപ്രവൎത്തനങ്ങൾ ഒന്നും നാം പ്രതീക്ഷിക്കേണ്ടതായിട്ടില്ല. പകൽസമയം പട്ടണത്തിലുള്ള മുട്ടാളന്മാരുടെ മുമ്പിൽ അവനു് എന്തുചെയ്യാൻ കഴിയും? അവൻ വിധിക്കു വിധേയനായി.

# കാമിനിമൂലം

വിപത്തുകളുടെ ഉൽപ്പത്തിസ്ഥാനം അന്വേഷിച്ചു ചെല്ലുമ്പോൾ സാധാരണ കണ്ടുവരാറുള്ളതുപോലെ ഒരു "കാമിനി"യേയോ അല്ലെങ്കിൽ ഒരു "കനക"ത്തേയോ കാണാതിരിക്കുകയില്ല. എനിക്കു സംഭവിച്ചതായ ഒരു വിപത്തു് കാമിനിമൂലവും രണ്ടാമത്തേതു് കനകം മൂലവുമായിരുന്നു. ഏതു മൂലമുണ്ടായ വിപത്തിനെ സംബന്ധിച്ചാണു് ആദ്യം എഴുതേണ്ടതെന്നു് ഭിന്നരുചിക്കാരായ നിങ്ങൾ തമ്മിൽ അഭിപ്രായവിപ്ലവം ഉണ്ടാകാതിരിക്കുമെങ്കിൽ കാമിനിമൂലമുണ്ടായ ദുർഘടത്തെ ഒന്നാമതായി പറഞ്ഞുകളയാം.

വനസംരക്ഷണകൃത്യത്തിൽ ഏർപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥന്മാരിൽ വിവാഹിതരായിട്ടുള്ളവരുടെ കഥ പരമദയനീയമത്രെ. അവിവാഹിതർ സ്വതന്ത്രരാണു്. അവർക്കു് എന്തുമാകാം. വനഉദ്യോഗസ്ഥന്മാർക്കു് അവരുടെ ജോലിസ്ഥലത്തു് കളത്രപുത്രാദികളോടുകൂടി താമസിക്കുവാൻ തീരെ സൗകര്യമുണ്ടായിരിക്കയില്ല. അവർക്കു സഹചാരിണിയായി ഒരുത്തി സർവ്വഥാ സന്നദ്ധയായി നില്പുണ്ടു്. അതു് ശ്രീമതി മലമ്പനിയല്ലാതെ മററാരുമല്ല. ആതുരശാലയോ വിദ്യാലയമോ യാതൊന്നുമില്ലാത്ത സ്ഥാനത്തു് കുടുംബസഹിതം താമസിക്കുകയെന്നുള്ളതു് ഒരുതരം വീട്ടം വകയുമുള്ള ഉദ്യോഗസ്ഥന്മാർക്കു് ചിന്താവിഷയംപോലുമല്ല. എള്ളിട്ടാൽ പൊരിയുന്ന ചൂട്ടം, കൊഞ്ചിനെപ്പോലെ വളയ്ക്കുന്ന കുളിരും മലമ്പനിയുടെ പ്രത്യക്ഷലക്ഷണങ്ങളാണല്ലോ. പനിയു

ള്ളപ്പോൾ ഒരായിരം പുതപ്പിൻെറ ഫലം ഒരു അംഗനയുടെ ജീവകാരുണ്യപ്രദായകമായ ബാഹുവലയത്താൽ സംസിദ്ധമാണെന്നുള്ള പരമാൎത്ഥം അനുഭവസ്ഥന്മാരോടു പറഞ്ഞറിയിക്കേണ്ടതായിട്ടില്ല, അതിനാലത്രേ കാടിൻപ്രദേശങ്ങൾക്കടുത്തുള്ള കുഗ്രാമങ്ങളിൽ ചില "ചേക്കസ്ഥലങ്ങൾ" ഇത്തരം നിൎഭാഗ്യവാന്മാരായ ഉദ്യോഗസ്ഥന്മാർ കാലേക്കൂട്ടി കണ്ടുവയ്ക്കാറുള്ളതു്. അവർ കാലാന്തരത്തിൽ ഇത്തരം ചേക്കസ്ഥലങ്ങളെ മലമ്പനിയുള്ളപ്പോഴും അല്ലാതേയും സന്ദൎശിക്കും എന്നുള്ളതു് ഒരു സ്വാഭാവികവിശേഷമായിത്തീരാറുണ്ടു്. അതിനു് വനംഉദ്യോഗസ്ഥന്മാരെ ആരും പഴിക്കേണ്ടതായിട്ടില്ല. അതു് അവരുടെ ആവശ്യം. അപവാദപ്രചരണോല്ലാസം മററുള്ളവരുടെ ആവശ്യം. ഈവക സംഭവവിശേഷങ്ങൾ കുഗ്രാമങ്ങളേയും അതിലംഘിച്ചു് പട്ടണങ്ങളിൽ നിന്നും പുറപ്പെടാറുള്ള പത്രപംക്തികളിൽ വന്നുപോകുമ്പോൾ മാത്രമാണു് കാൎയ്യമായ ഒരു നീരസം സൎക്കാരുദ്യോഗസ്ഥനിൽ അങ്കുരിക്കുന്നതു്. ലോകം എന്നെ സംബന്ധിച്ചു് എന്തു വിധി കല്പിച്ചാലും വേണ്ടില്ല അത്തരം ഒരു ചേക്കസ്ഥലത്തേക്കു് ഒരുദിവസം രാത്രിയിൽ ഞാനും പുറപ്പെടേണ്ടതായി വന്നു. അങ്ങനെ ഒരു യാത്ര പുറപ്പെടണമെന്നു് അന്നു സന്ധ്യവരെ എനിക്കു് ഒരാലോചനയും ഇല്ലായിരുന്നു. പക്ഷിക്കൂട്ടങ്ങൾ ചേക്കയണയുവാനുള്ള വെമ്പലോടുകൂടി കൂട്ടംകൂട്ടമായി ചിലച്ചുകൊണ്ടു പശ്ചിമദിക്കിലേക്കു് പറന്നുപോയി. പടിഞ്ഞാറൻപച്ചമലയിലെ നിബിഡതരുസഞ്ചയത്തിനിടയിൽക്കൂടി അസ്തമയസൂൎയ്യകിരണങ്ങൾ ഒന്നുരണ്ടു പ്രാവശ്യം ആലിംഗനം ചെയ്തപ്പോൾ എൻെറ ഹൃദയാന്തർഭാഗത്തു് അടച്ചുസൂക്ഷിച്ചിരുന്ന ഒരു ആശാവിഹഗം ചിറകുനിവൎത്തു് അന്തിച്ചോപ്പുപുരട്ടി തേജോമയമാക്കിയ ചക്രവാളത്തെ ലക്ഷ്യമാക്കി പറന്നുപോയി. അതിനെ പിന്തുടരുകയോ, അതല്ല, അണ്ടികളത്തെ അണ്ണാനെപ്പോലെ നിന്നു

കളകയോ എന്താണു വേണ്ടതെന്നു് ഞാൻ എൻെറ അന്തരാത്മാവിനോടു പലവുരു ചോദ്യംചെയ്തു. പോകണ്ടെന്നും പോകണമെന്നും പരസ്പരവിരുദ്ധമായ ആജ്ഞകൾ തിരമാലത്തള്ളൽപോലെ ഒന്നിനുപുറകേ ഒന്നായി പൊങ്ങിയും താണും എൻെറ ഹൃത്തടത്തിൽ അലതല്ലി. സമയം കഴിയുന്തോറും രണ്ടാമത്തെ ആജ്ഞയ്ക്കു് പ്രാബല്യം സിദ്ധിച്ചുവരുന്നതായി എനിക്കുതോന്നി. ഞാൻ വിഷമിച്ചു. മാർഗ്ഗമദ്ധ്യേയുള്ള ദുർഘടങ്ങളെ സംബന്ധിച്ചും ഉദ്ദിഷ്ടസ്ഥാനത്തു ചെന്നെത്തുവാനുള്ള സമയക്കുറവിനെ സംബന്ധിച്ചുമുള്ള പ്രതിബന്ധങ്ങൾ ഒന്നുംതന്നെ ആ അവസരത്തിൽ എനിക്കു ചിന്താവിഷയമായില്ല. ഞാൻ അറിയാതെ എൻെറ കാലുകൾ കരികുളാബഹിററിൽപെട്ട അമ്മച്ചിക്കാടെന്ന ആ സ്ഥലത്തേയ്ക്കു നീങ്ങിക്കഴിഞ്ഞു. സർവ്വകലാശാലാബിരുദത്തെ രൂപാ, അണ, പൈസയായി രൂപാന്തരപ്പെടുത്തിയിട്ടുള്ള ഒരു എസ്റ്റേററായിരുന്നു അമ്മച്ചിക്കാട്ട്. മദ്ധ്യതിരുവിതാംകൂറുകാരനായ ഒരു എം. ബി. ബി. എസ്. ബിരുദധാരിഡാക്ടർ ഇൻഡ്യൻ മെഡിക്കൽസർവ്വീസിൽനിന്നും പ്രതിമാസം 1200 രൂപാ ശമ്പളംവാങ്ങിവന്ന സമ്പാദ്യംകൊണ്ടു്, തെങ്ങു്, കമുകു്, കുരുമുളകു്, കപ്പ, റബ്ബർ, തേയില മുതലായി പണം കായ്ക്കുന്ന വൃക്ഷങ്ങളും ചെടികളും നട്ടുപിടിപ്പിച്ചിട്ടുള്ള ഒരു മനോഹരതോട്ടമായിരുന്നു അതു്. പെരിനാട്ടിനു് (റാന്നിക്കു് 12 മൈൽ കിഴക്കുള്ള ഒരു മലംപ്രദേശം) അടുത്തുള്ള ഒരു മലയുടെ മുകൾപ്പരപ്പിലായിരുന്നു എൻെറ താമസസ്ഥലം, അവിടെനിന്നും അമ്മച്ചിക്കാട്ടിലേയ്ക്കു സുമാർ 4 മൈൽ ദൈർഘ്യമുണ്ടായിരുന്നു. ഇതിൽ മുക്കാലെഅരയ്ക്കാൽ ദൂരവും വനത്തിനകത്തുള്ള വളഞ്ഞ ഒററയടിപ്പാതയിൽക്കൂടി സഞ്ചരിക്കേണ്ടിയുമിരുന്നു. സൂര്യൻ മറഞ്ഞു. പച്ചച്ചീവീടിയോടുകൂടി ചന്ദ്രിക ഉയന്നു. പ്രഥമയാമത്തിൻെറ ഉൽഘാടനകർമ്മം ജംബുകപ്രഭൃതികളുടെ ഓലിവിളികളോടുകൂടിസമംഗളം

നിവ്വഹിക്കപ്പെട്ടുകയും ചെയ്തു. ഏകനായി ഞാൻ അങ്ങിനെ ആനക്കാട്ടിൽക്കൂടി അമ്പുപോലെ പായുകയാണു്. പഥികരുടെ പാദസംഘട്ടനങ്ങളേററു് മിനുസംവന്നിരുന്ന വേരുകൾ പാതയ്ക്കുകുറുകെ അവിടവിടെ വളഞ്ഞോടിയിരുന്നു. അവകൾ ഉരഗങ്ങൾ അല്ലെന്നു്, എൻെറ കൈവശമുണ്ടായിരുന്ന ശക്തിയേറിയ ടാർച്ചു്ലൈററടിച്ചു് തിട്ടം വരുത്തിയതിനു ശേഷം മറികടന്നു് ഞാൻ മുൻപോട്ടു ഗമിച്ചു. മാർഗ്ഗമദ്ധ്യേ നീർചാൽ ഒഴുകിയിരുന്ന ഒരു ഈറപ്രദേശം കടന്നുപോകേണ്ടതായിട്ടിരുന്നു. കൊട്ടംവളവോട്ടുകൂടിയ ആ സ്ഥലം പകൽ സമയത്തും അന്ധകാരാവൃതമായിരുന്നു. വളവുതിരിഞ്ഞു ഞാൻ ലൈററടിച്ചതും തേജോമയമായ രണ്ടു ചെറുഗോളങ്ങളിൽനിന്നും ഇളംനീലിമകലന്ന പ്രഭാപടലം എനിക്കഭിമുഖമായി പ്രതിബിംബിച്ചതും ഒന്നായി കഴിഞ്ഞുകൂടി. ഇതികർത്തവ്യതാമൂഢനായി ലൈററും ചൂണ്ടിക്കൊണ്ടു് ഞാനും നിന്നു. നിശ്ചേഷ്ടനായി നയനങ്ങളിൽനിന്നും പ്രഭാപടലം വിതറിക്കൊണ്ടു് പല്ലിളിച്ചു് ആ പുള്ളിപ്പുലിയും ഇരുന്നു. കൂനിന്മേൽ കുരുവെന്നവണ്ണം ഇതിനകം ഏതോ കുളിർമ്മയേറിയ ഒരു വലിയ ഇഴജന്തു അല്പം മുമ്പിലായി വച്ചിരുന്ന എൻെറ വലതുപാദത്തിൻെറ മുകളിൽക്കൂടി സഞ്ചരിക്കുന്നതായി എനിക്കനുഭവപ്പെട്ടു പെട്ടെന്നു ഞാൻ കാലുകൊണ്ടു് ഒരു തൊഴികൊട്ടത്തു. അതോടുകൂടി കൈയിൽ ഇരുന്നിരുന്ന ലൈററു താഴെ വീഴുകയും, കാലിൽ ചുററിയ വസ്തു "പുളിനോ" എന്നു് വെള്ളത്തിൽചെന്നു് പതിക്കുന്ന ശബ്ദം കേൾക്കുകയും ചെയ്തു. ഈറക്കാട്ടിലേക്കു് ഏതോ ഒന്നു ചീററിക്കൊണ്ടു ചാടിവീണതായും ഞാൻ കേട്ടു. ബദ്ധപ്പെട്ടു കുനിഞ്ഞു് ലൈററു തപ്പിയെടുത്തു് വീണ്ടും ജ്വലിപ്പിച്ചുനോക്കിയപ്പോൾ അവിടെ യാതൊന്നിനെയും കണ്ടില്ല. ശക്തിയേറിയ ടാച്ചുലൈററിൽനിന്നും കണ്ണിൽപ്പതിഞ്ഞ രശ്മികൾമൂലം നീങ്ങാൻ നിവൃത്തിയില്ലാതെ ആ ഘോരമൃഗം

അവിടെക്കിടന്നുഭപായതാണെന്നും വെളിച്ചം മാറിയതോടു കൂടി അതു് അന്ധകാരത്തിലേക്കു് ചാടിമറിഞ്ഞതാണെന്നും എനിക്കു് ബോദ്ധ്യമായി. അങ്ങനെ ഒന്നിച്ചുള്ള രണ്ടു് ആക്രമണങ്ങളിൽനിന്നും ഞാൻ രക്ഷപ്രാപിച്ചു. ക്രൂരമൃഗങ്ങളിൽനിന്നും, ക്ഷുദ്രജന്തുക്കളിൽനിന്നും മനുഷ്യൻ രക്ഷപ്രാപിക്കാറുള്ളതു് അവന്റെ ധീരതകൊണ്ടല്ലെന്നും നേരേമറിച്ചു് സഹജമായ ജീവവെപ്രാളംകൊണ്ടാണെന്നും നാം കണ്ടുകഴിഞ്ഞു. ഒരു സുന്ദരാംഗിയുടെ സാമീപ്യം കാമിച്ചു് കുതികൊള്ളുന്ന പുരുഷപൂവാലൻ ഏതു് അന്ധമായ സാഹസവും നിർവ്വഹിക്കുവാൻ സന്നദ്ധനാണു്. അത്തരം ഒരു മഹാശക്തിയാണു് ആ സമാഗമസംരംഭത്തിനുള്ളതു്. മറെറാരു അംബുജാക്ഷനെ തൊടാത്ത സിതാബാഹുക്കളാണോ എന്നെ വലയം ചെയ്യുവാൻ പോകുന്നതെന്നുള്ള വ്യർത്ഥമായ ചിന്തകൾക്കൊന്നും ഞാൻ എന്റെ ഹൃദയത്തിൽ സ്ഥലം അനുവദിച്ചിരുന്നില്ല. അവളുടെ ഇളംപ്രായം, മനോജ്ഞമായ നോട്ടം, ആകർഷകമായ അംഗലാവണ്യം, ഹൃദ്യമായ സരസസല്ലാപം; അതേ! അഭിപൂർവ്വാഭിനീതപെരുമാററം!! ഇതുകളെ ഓരോന്നായി ചിന്തിച്ചു് അതിൽനിന്നും ഊറിവന്നതായ സന്തോഷരസം അയവിറക്കിക്കൊണ്ടു് ഞാൻ മുമ്പോട്ടു വീണ്ടും ഗമിച്ചു. ശുദ്ധജലത്തിൽ കുളിച്ചും, ശുദ്ധവായു ശ്വസിച്ചും, ധാരാളം ഗോരസങ്ങൾ ഭക്ഷിച്ചും, വേണ്ടത്ര വ്യായാമംചെയ്തും വളരുന്ന നാഗരികാംഗനകൾ കെട്ടിവരിഞ്ഞു് അസ്ഥിമാത്രശരീരകളായി പരിഷ്കാരം കൊഞ്ചുന്ന പട്ടണനാരിമാരെക്കാൾ ഏതുകൊണ്ടും കാമ്യമാണെന്നു് ഞാൻ പറഞ്ഞുപോകുന്നെങ്കിൽ ആരോടും എനിക്കു് പരിഭവമുണ്ടായിട്ടല്ലെന്നു് വിശ്വസിക്കണം. അതു് എന്റെ ആത്മാർത്ഥമായ ഒരു അപേക്ഷമാത്രമാണു്. രാത്രിയിൽ എട്ടുമണിയോടുകൂടി ഞാൻ അമ്മച്ചിക്കാട്ടിലെ കാര്യക്കാരൻ കുഞ്ചുക്കുറുപ്പിന്റെ ഗൃഹത്തിൽ ചെന്നുചേർന്നു. എന്റെ

ഉദ്ദിഷ്ടസ്ഥലം പ്രസ്തുത തോട്ടത്തിൻെറ രണ്ടു പുരയിടപ്പാട്ട് പടിഞ്ഞാറുമാറി വഴിയരികിലുള്ള ഒരു ചെറുഭവനമായിരുന്നു. ഏതോ കാര്യം പ്രമാണിച്ച് അന്ന് കുറുപ്പു റാന്നിക്കു പോയിരുന്നതിനാൽ എനിക്ക് അല്പം നിരാശയുണ്ടായി. അവിടെ മററാരേയും കണ്ടതുമില്ല. വരാന്തയിൽക്കിടന്നിരുന്ന കയർവരിഞ്ഞ ഒരു ചാരുകസേരയിൽ ഞാൻ അല്പം വിശ്രമിച്ചു. അട്ടത്തെവിടെയോനിന്ന് പുറപ്പെട്ടു കൊണ്ടിരുന്ന ഒരു ദീനസ്വരം ഊതിക്കൊണ്ടിരുന്ന കാററിൽ ലയിച്ചുവന്നിരുന്നതു് ഒന്നുരണ്ടു പ്രാവശ്യം ഞാൻ ശ്രദ്ധിച്ചു. അങ്ങനെ ചെവി വട്ടംപിടിച്ച് നിവർന്നിരുന്നപ്പോൾ കുറുപ്പിൻെറ അരിവയ്പുകാരനും, തോട്ടംകാവൽക്കാരനുംകൂടിയായ ശങ്കുപ്പണിക്കർ മണികണ്ഠൻനായുമായി കയറി വന്നു. കത്തിച്ചു താഴ്ത്തിവച്ചിരുന്ന ഹരിക്കെയിൻവിളക്കിൻെറ തിരി തെളിച്ചുകൊണ്ടു് പണിക്കർ എന്നെ അഭിവാദ്യംചെയ്തു. മണികണ്ഠൻ വാലാട്ടി എൻെറ കാലുകൾ നക്കുകയായിരുന്നു. യാതൊരു കുശലപ്രശ്നവുംകൂടാതെ പണിക്കർ ചുമന്നുകൊണ്ടുവന്നതായ ഭാരിച്ച ദുഃഖഭാണ്ഡം എന്നിൽ സമർപ്പിച്ചു. കഷ്ടം! ഏതൊരുകരവല്ലിയിൽ അമന്ദാസ്വാദിക്കുവാൻ ആവേശത്തോടുകൂടി ഞാൻ ആ സ്ഥലത്ത് ആ സമയത്ത് അന്ധകാരവും കാന്താരവും താണ്ടി ആഗതനായോ ആ ഭുജവല്ലരികളുടെ ഉടമസ്ഥയായ് "വനജാക്ഷി" (അതായിരുന്നു അവളുടെ സുമധുരനാമധേയം) അപ്രതീക്ഷിതവും അതികഠിനവുമായ സന്നിബാധയാൽ റാന്നി ആസ്പത്രിയിലേക്ക് നീക്കപ്പെട്ടതായി ശോകപരവശനായ പണിക്കരിൽ നിന്നും ഞാൻ അറിഞ്ഞു. എന്തൊരു കണ്ണുഭേദകമായ വർത്തമാനം! എത്രയെത്ര സൗരഭ്യവാഹികളായ മനോജ്ഞവനകുസുമങ്ങളാണ് അനുഭവയോഗ്യമായിത്തീരാതെ വിധിക്കടിമപ്പെട്ടു് കാന്താരസമീരണനിൽ വാടിക്കരിഞ്ഞു് കൊഴിഞ്ഞുപോകുന്നതു്!! പണി

ക്കരെ! എന്നു വിളിച്ചുകൊണ്ടു് ഞാൻ കസേരയി ലേക്കു മലൎന്നു!! സാരമില്ല, അനങ്ങാതെ ഒരേഴുദിവസംകൂടി ഇങ്ങനെ കിടക്കട്ടെ!! എന്നു് കോഴഞ്ചേരിയിൽനിന്നും കൊണ്ടുവന്നിരുന്ന ഡാക്ടർ പറയുന്നതിനെയാണു് വീണ്ടും ഞാൻ ശ്രവിച്ചതു്. അതു് എന്റെ സുഖക്കേടിന്റെ മൂന്നാമത്തെ ദിവസം ആയിരുന്നു എന്നു് പിന്നീടു് ഞാൻ അറിഞ്ഞു. ഹിമവാനിൽ സമുൽപന്നയായ ഗംഗ നിരവധി പ്രതിബന്ധങ്ങൾമൂലം വിവിധമാൎഗ്ഗങ്ങൾ അവലംബിച്ചിട്ടും ഒടുവിൽ ഗംഭീരാശയനായ ബംഗാൾഉൾക്കടലിൽത്തന്നെ പതിക്കുന്നു.

നാലുകൊല്ലം കഴിഞ്ഞു. മദ്രാസിൽ നടന്നതായ അഖിലഭാരതപ്രദർശനത്തിനു് തിരുവിതാംകൂർ വനവിഭവ ങ്ങളും പ്രദൎശിപ്പിക്കുകയുണ്ടായി. മരവുരി, മരപ്പട്ട, പുലി ത്തോൽ, ആനക്കൊമ്പു്, കാട്ടുജാതിക്കാരാൽ നിൎമ്മിക്കപ്പെട്ട ഈറത്തട്ടുകൾ, ചൂരൽക്കുട്ട മുതലായ നിരവധി സംസ്കൃത വും അസംസ്കൃതവും ആയ സാധനങ്ങൾ അന്നു കൊണ്ടു പോയിരുന്നു. അതിന്റെ ചാൎജ്ജുവഹിക്കുവാൻ എന്നെ നിയോഗിച്ചിരുന്നതുമൂലം ഒരു പൈസപോലും ചിലവുകൂടാ തെ എനിക്കു മദ്രാസു് സന്ദൎശിക്കാനുള്ള സന്ദൎഭം ലഭിച്ചു. എന്നുമാത്രമല്ല, തിരിച്ചുവന്നപ്പോൾ ഒരു ചെറിയ സംഖ്യ കൂടി മിച്ചം വരുത്തുവാനും സാധിച്ചു. പ്രശസ്തരും, അപ്രശസ്ത രുമായി ബഹുസഹസ്രം ജനങ്ങൾ ഭാരതത്തിന്റെ നാനാഭാ ഗങ്ങളിൽനിന്നും പ്രദൎശനസന്ദൎശനാൎത്ഥം മദ്രാസിൽ വന്നു കൊണ്ടിരുന്നു. വാസ്തവത്തിൽ, പ്രദൎശനശാലയിൽ ഒരുക്കി വച്ചിരുന്ന സാധനങ്ങളെയല്ല, പ്രദൎശിപ്പിക്കപ്പെടേണ്ടതെ ന്നും, പലപല നിറത്തിലും, വേഷത്തിലും, ദിനസിലും, എത്തിക്കൂടാറുള്ള സന്ദൎശകരെയാണു് ദൎശിക്കേണ്ടതെന്നും എനിക്കു തോന്നി. ഞാൻ അങ്ങനെ എന്റെ സ്റ്റാളിനു്

അടുത്തു നില്ക്കുമ്പോൾ മദ്രാസിലെ ചീഫ് മെഡിക്കൽ ആഫീസറും അദ്ദേഹത്തിൻെറകൂടെ സൎവ്വാഭരണഭൂഷിതയും, ഭുവനമോഹിനിയുമായ ഒരു ''മേനകയും'' പരസ്പരം കൈകൾ കോൎത്തുപിടിച്ചുകൊണ്ടു് എൻെറ മുമ്പിൽ വന്നു നിന്നു, അപ്പോഴാണു് തോട്ടം കാൎയ്യസ്ഥൻ കുറുപ്പിൻെറ അന്നത്തെ റാന്നിയാത്രയുടേയും, വനജാക്ഷിയുടെ സന്നിബാധയുടേയും ഉള്ളുകള്ളികൾ എനിക്കു മനസ്സിലായതു്. വനജാക്ഷി എന്നെ അറിഞ്ഞിരിക്കുമോ എന്തോ?

# "പറക്കുണ്ടാമണ്ടികളുടെ പുത്തി വെരിഗുഡ്"

പത്തു കൊല്ലത്തിനുമുമ്പ് ഇവിടത്തെ വനംതുറയെ സംബന്ധിച്ചും അതിലെ ഉദ്യോഗസ്ഥന്മാരെക്കുറിച്ചും ചിലതൊക്കെ അറിയുന്നതു് ഇപ്പോൾ ഉള്ളവക്കു പുതുമയായിരിക്കുമെല്ലോ? പുതുമയിൽ ഇഷ്ടമില്ലാത്ത ജനങ്ങളും കുറവാണു്. 1755-ൽ ആണെന്നു തോന്നുന്നു തെക്കൻഡിവിഷനെ കൊല്ലമെന്നും തിരുവനന്തപുരമെന്നും രണ്ടു ഡിവിഷനുകളായി വിഭജിച്ചതു്. ഇപ്പോൾ അതു് പെരുഞ്ചാണി, തിരുവനന്തപുരം, കൊല്ലം, ചെങ്കോട്ട എന്നു നാലായി വദ്ധിച്ചു. ഒന്നു മൂന്നായി പിരിയുന്നതാണു പുരാണത്തിനു പററിയതെന്നു് ഇപ്പോഴെങ്കിലും കണ്ടുപിടിച്ചതിനാലായിരിക്കണം ജനകീയമന്ത്രിമാരുടെ ആവിർഭാവത്തിനുശേഷം പെരുഞ്ചാണി ഡിവിഷൻ കുറയ്ക്കുവാൻ തീരുമാനം ചെയ്തതു്. വനങ്ങളും വനവിഭവങ്ങളും മുമ്പുണ്ടായിരുന്നതിൽനിന്നും കുറഞ്ഞുവരുന്തോറും അതുകളെ കാത്തുസൂക്ഷിക്കേണ്ട ഉദ്യോഗസ്ഥന്മാരുടെ എണ്ണം വദ്ധിച്ചുവരുന്നതു് എല്ലാംകൊണ്ടും നല്ലതുതന്നെ. വഞ്ചിരാജ്യത്തിന്റെ നികുതിഭാരവും ഉദ്യോഗസ്ഥസന്താനങ്ങളുടെ പ്രശസ്തമായ പരീക്ഷാവിജയങ്ങളും വർദ്ധിച്ചുവരുന്തോറും പുതിയ പുതിയ ഉദ്യോഗങ്ങളും അതുകൾ തട്ടിയെടുക്കുവാനുള്ള മാർഗ്ഗങ്ങളും വർദ്ധിപ്പിക്കുകതന്നെ വേണ്ടിയിരിക്കുന്നു. ഉദ്യോഗദാനവിഷയത്തിൽ പണ്ടു് ആൺമക്കളുടെ

കാര്യംമാത്രം നോക്കിയാൽ മതിയായിരുന്നു. ഇന്നു പെൺമക്കളുടെ കാര്യവും നോക്കേണ്ടതായിട്ടുണ്ട്. പോരെങ്കിൽ തൊഴിലാളിമക്കളും പരീക്ഷകൾ പാസ്സാകുവാൻ തുടങ്ങിയിരിക്കുന്നു. എന്താ ചെയ്യു?

വനംതുറയുടെ മേധാവികൾ ആരംഭകാലങ്ങളിൽ മിക്കവാറും പാശ്ചാത്യരായ സായ്പന്മാർ ആയിരുന്നു. കൊല്ലം പട്ടണത്തിൽ ഇന്നു നായും നരിയും കുടിപാർത്തുകഴിയുന്ന പുതുക്കുളങ്ങരക്കൊട്ടാരത്തിൻെറ നേർകിഴക്കായിസ്ഥിതിചെയ്യുന്ന മനോഹരമായ കെട്ടിടത്തിലായിരുന്നു വനംമേധാവിയായ കൺസർവേററുടെ ആഫീസ് സ്ഥാപിച്ചിരുന്നതു്, പിൽക്കാലത്തു് അതു രാജധാനിയിലേക്കു മാററിപ്രതിഷ്ഠിച്ചതിനുശേഷമാണ് കൊല്ലത്തെ മണിമന്ദിരത്തിന് ഈ ദുർവിധി സംഭവിച്ചതു്. മാററുവാനുള്ള കാരണങ്ങളിൽ പ്രധാനമായിരുന്നതു് അന്നത്തെ കൺസർവേററായിരുന്ന മലയാളിക്കു തിരുവോണദിവസം തിരുവനന്തപുരത്തുപോയി മഹാരാജാവു തിരുമനസ്സിനെ മുഖം കാണിക്കുവാനും അന്നുതന്നെ മടങ്ങിവന്നു് സ്വന്തം കുടുംബാംഗങ്ങളുമായി ഒന്നിച്ചിരുന്നു് ഓണം ഉണ്ണുന്നതിനും പ്രയാസമാണെന്നുള്ളതായിരുന്നു. സായ്പിനു മലശോധനയിലും മലയാളികൾക്കു് ഓണം ഉണ്ണലിലും ആയിരുന്നു വലിയ നിഷ്ക്കർഷ, എന്തായാലും ഇത്തരം രസകരങ്ങളായ ന്യായങ്ങളാൽ ഇന്നു് ഓരോ ആഫീസുകൾ മാറിപ്പോകുന്ന വിചിത്രസംഭവങ്ങൾ പുത്തരിയല്ല.

വനംതുറയെ സംബന്ധിച്ചിടത്തോളം പണ്ടത്തെ എഴുത്തുകുത്തുകൾ മിക്കവാറും ഇംഗ്ലീഷിൽത്തന്നെ ആയിരുന്നു. മലയാളം രായസംപിള്ളമാരും ഇല്ലാതിരുന്നില്ല. മണ്ണടിഞ്ഞ പതിയിൽ വേലുപ്പിള്ള, കടവൂർ രാമൻപിള്ള മുതലായ കൊമ്പന്മാരുടെ നാമധേയങ്ങൾ ഇന്നും പഴയ ആളുകൾ ബഹുമാനപൂർവ്വം ഓർമ്മിക്കാറുണ്ടു്. മൂലംതിരുനാൾ തിരുമന

സ്റ്റിലെ വിശ്വസ്തസേവകനായിരുന്ന പൌസ്ദാർകമ്മീഷണരുടെ സീമന്തപുത്രൻ ബ്രഹ്മശ്രീ രാജരാമറാവു ആയിരുന്നു അന്നത്തെ ആഫീസ്മാനേജർ. പ്രതാപശാലിയായ അദ്ദേഹത്തെ ഭയന്നു് കാക്കകൾപോലും അക്കാലത്തു കൺസർവേറേഴ്സ് ആഫീസിനുമീതെ പറന്നിരുന്നില്ല, ഗവമ്മെൻറിൻെറ ചെയ്തികളെ കഠിനമായി വിമശിച്ചുകൊണ്ടിരുന്ന വെസ്റ്റേൺസ്റ്റാർ പത്രാധിപർ മി: ഏ. പി സ്മിത്തിനെ ആ സംരംഭത്തിൽനിന്നും അകററുവാനായി റിസർവ്വ് സെററിൽമെൻറു് ആഫീസറായി അക്കാലം നിയമിച്ചു, രാഷ്ട്രീയച്ഛായകലന്ന ഉദ്യോഗനിയമനങ്ങൾ ഇന്നും ഇന്നലെയും ആരംഭിച്ചതല്ല. പക്ഷേ, മി: സ്മിത്തു് സ്വതേ ആൾ മിടുക്കനും ആയിരുന്നു. അദ്ദേഹം അതിനുശേഷം കുറേക്കാലം കൊല്ലം ഡിവിഷണൽ ഫാറസ്റ്റ് ആഫീസറായും ഉദ്യോഗം ഭരിച്ചു. വനസംരക്ഷണം, സവ്വെ മുതലായ ജോലികളിൽ അനിതരസാധാരണമായ സാമത്ഥ്യം അദ്ദേഹം പ്രകടിപ്പിച്ചിരുന്നു. അദ്ദേഹത്തിൻെറ മുൻഗാമിയും കൊല്ലം-തിരുവനന്തപുരം ഡിവിഷൻ ഒന്നായിരിക്കുമ്പോൾ ചാർജ്ജ് വഹിച്ചിരുന്ന ദേഹവുമായ സ്റ്റീവനേജ്ധ്വരയുടെ അപദാനങ്ങളിൽ ചിലതു വിവരിക്കുക എന്നതാണു് ഈ ലേഖനത്തിൻെറ പ്രധാന ഉദ്ദേശ്യം. പാവം! അദ്ദേഹവും മണ്ണടിഞ്ഞു വിസ്മൃതനായി എങ്കിലും അദ്ദേഹത്തിൻെറ വിചിത്രചെയ്തികൾ വിനോദത്തോടുകൂടി സ്മരിക്കപ്പെട്ടുന്നുണ്ടു്. അദ്ദേഹത്തിൻെറ ബുദ്ധിപരമായ ചില പ്രവത്തനങ്ങൾ അതിശയപരമായി തോന്നാമെങ്കിലും അത്തരം അത്ഭുതപ്രകടനങ്ങൾ നടത്തിപ്പോരുന്ന അതിസമത്ഥരായ സക്കാർഉദ്യോഗസ്ഥന്മാർ ഇന്നും വിരളമല്ല. അതുകൊണ്ടു് കായ്യക്ഷമതയുടെ ഏററക്കുറച്ചിലിനെ താരതാമ്യപ്പെടുത്തി അത്രയധികം ഇന്നു് പ്രസംഗിക്കേണ്ടതായിട്ടില്ല മെ: വാട്ട്സ്, സ്മിത്തു്, ഹെബർലി, വർണീഡ്, ബോർഡിലിൻ മുതലായ വൈദേശികമഹാ

രഥന്മാർ ഭരണം നടത്തിയിട്ടുള്ള ഒരു തുറയാണ് സഞ്ചായം (വനം) ഡിപ്പാർട്ടുമെൻറ്. അതിൻെറ പിതാവ് എന്നു പേരെടുത്തിട്ടുള്ള മഹാനായിരുന്നു ബോർഡിലിൻഡവര. അദ്ദേഹം പെൻഷൻപററി ഇംഗ്ലണ്ടിൽ ആയിരുന്നപ്പോഴും ചെന്തുരുണി, കുളത്തൂപ്പുഴ മുതലായ ഘോരവനങ്ങളിലെ മലഞ്ചെരുവുകളിൽ അദ്ദേഹം നട്ടുപിടിപ്പിച്ച ചില വൃക്ഷങ്ങളുടെ കാര്യം പുത്രനിർവിശേഷമായ വാത്സല്യത്തോടുകൂടി കത്തുകൾമുഖേന തിരുവിതാംകൂർ ഗവൺമെൻറുമായി അന്വേഷണം നടത്തിയിരുന്നു എന്നറിയുമ്പോൾ ഇന്നുള്ള വർ ലജ്ജിക്കേണ്ടിയിരിക്കുന്നു. ബോർഡിലിൻഡവര ആയിരുന്നു, തിരുവിതാംകൂറിൽ ആദ്യമായി ടൈപ്പ്റൈററിംഗ്മെഷീൻ ഉപയോഗിച്ചിരുന്നതെന്നും അദ്ദേഹത്തിൻെറ മദാമ്മയ്ക്കു മലയാളം എഴുതുവാനും വായിക്കുവാനും അറിയാമായിരുന്നു എന്നും ഇപ്പോൾ പറഞ്ഞാൽ അതൊരു വിശേഷവർത്തമാനമായിരിക്കുകയില്ല.

മി: സ്റ്റീവനേജിൻെറ കഥ പിന്നെയും നീണ്ടുപോകുന്നു. നിങ്ങൾ അക്ഷമരായും ചമയുന്നു. അദ്ദേഹത്തെക്കുറിച്ചു രണ്ടു വാക്കുകൂടി പറഞ്ഞിട്ട് നേരേ കഥയിലേയ്ക്കു പ്രവേശിക്കാം. അദ്ദേഹം ഒരു ഒന്നാംതരം ആംഗ്ലോ-ഇന്ത്യൻ ആയിരുന്നു. പരമശുദ്ധൻ! പച്ചപ്പരമാർത്ഥി!! 1936, 1637 എന്നിങ്ങനെ 1948 വരെ മോട്ടാർവാഹനങ്ങളുടെ 'മേക്കി'നെക്കുറിച്ച് നാം അറിയുന്നതുപോലെതന്നെ അർദ്ധനഗ്നനായ മുക്കുവൻ മുതൽ അർദ്ധനഗ്നയായ മദാമ്മവരെയുള്ള പല മാഡൽ ആംഗ്ലോ-ഇൻഡ്യന്മാരെ നമുക്ക് നമ്മുടെ നാട്ടിൽ കാണുവാൻ കഴിയും. അവരെ സ്വരാജ്യവിദ്വേഷികളാക്കിത്തീർത്ത പാശ്ചാത്യരുടെ ഭരണം ഇവിടെ അവസാനിച്ചതോടുകൂടി ആംഗ്ലോ-ഇൻഡ്യന്മാർ മാതൃരാജ്യസ്നേഹികളായിത്തീർന്നിട്ടുണ്ട്. അതൊരു ലാഭപ്പെട്ടത്തലായി നമുക്ക് എണ്ണാവുന്നതുമാണ്.

അഴകിയപാണ്ടിപുരത്തുള്ള കൽക്കുളം റെയിഞ്ചാഫീസിൻെറ നടയിൽവച്ച് ഒരുദിവസം സ്റ്റീവനേജ്ധാര അദ്ദേഹത്തിൻെറ തെക്കൻസർക്യൂട്ടിൽ ഒരു വലിയ വ്യാജം കണ്ടുപിടിച്ചു. എട്ടുപത്തു ചക്കിടാവണ്ടി നിറയെ തേക്കുരുപ്പടികളും കയററി കുറെ മുഹമ്മദീയർ അവിടെ വന്നുചേന്നു. ദിക്കെങ്ങും മ്ലാനത ററിതയ്ക്കുന്ന സന്ധ്യാവേളയിലാണ് ആ സംഭവം ഉണ്ടായതു്. അവർ തേക്കു മോഷ്ടിച്ച് നാഗർകോവിലേക്കു കൊണ്ടുപോകുകയായിരുന്നു. പ്രസ്തുത ഉരുപ്പടികൾക്കു പ്രമാണം ഉണ്ടോ എന്ന് ധാര ചോദിച്ചു. സാധാരണ പറയാറുള്ളതുപോലെ പാസ് പിറകെ കൊണ്ടുവരുന്നുണ്ടെന്നു് വണ്ടിക്കാർ മറുപടിയും പറഞ്ഞു. അതു കേട്ട് ധാര കോപാവേശത്തോടു വണ്ടികൾ എല്ലാം നിർത്തിച്ച് അതുകളുടെ ചാവികൾ ഊരിയെടുക്കുവാൻ കൂടെ ഉണ്ടായിരുന്ന ബട്ട്ളരോട് ആജ്ഞാപിച്ചു. അയാൾ അപ്രകാരം ചെയ്തു. ചാവികളെല്ലാം ഒരു ചാക്കിൽ വാരി കെട്ടിച്ച് അതുകളും എടുപ്പിച്ച് അടുത്തുള്ള റെയിഞ്ചാഫീസിലേക്കു നടന്നു. അപ്പോഴേക്കു ധാരയെ എതിരേൽക്കുവാനായി റെയിഞ്ചരും അവിടെ വന്നുചേന്നു. റെയിഞ്ചരെ കണ്ട ഉടനെ 'പറക്കണ്ടാമണ്ടി! കിട്ടിപ്പോയി!! "മാൻ! ഐ വിൽ ഡിസ്മിസ്സ് യൂ (Man I will dismiss you" മനുഷ്യാ ഞാൻ നിന്നെ തുലയ്ക്കും" എന്നു ധാര ഗർജ്ജിച്ചു വണ്ടിയിൽനിന്നു കാളകളേയും അഴിപ്പിച്ചു റെയിഞ്ചാഫീസു പുരയിടത്തിൽ ഒരിടത്തു കെട്ടിച്ചു. ഒരു ഒൻപതാംഉത്സവത്തിൻെറ പ്രതീതി മോഷ്ടാക്കളുടേയും, കീഴുദ്യോഗസ്ഥന്മാരുടേയും ഉള്ളിൽ വ്യാപിച്ചു. നേരം സന്ധ്യകഴിഞ്ഞുപോയതിനാൽ തടികൾ പരിശോധിച്ചു മഹസ്സറും മററും അടുത്ത ദിവസം രാവിലെ എഴുതുന്നതാണെന്നു പറഞ്ഞുകൊണ്ടു് ധാര റെയിഞ്ചാഫീസിൻെറ വരാന്തയിൽതന്നെ വിളക്കും കത്തിച്ചുവെച്ച് കണ്ണുംതുറന്നു കിടപ്പായി ചാവികൾ

പൊതിഞ്ഞിരുന്ന ചാക്കുകെട്ട് ധാരയുടെ തലയണയായും ഉപയോഗിച്ചു. റെയിഞ്ചാഫീസിൻെറ പിറകിലായി കുററൻ കരിംപാറക്കുന്നുകളും അതുകളിൽ ചിലതിൻെറ സാനുപ്രദേശങ്ങളിൽ മണറംപരത്തുന്ന വാററുപുല്ലുകളുമാണ് ഉള്ളത്. മൊട്ടക്കുന്നുകളുടെ മുകളിൽ ശവംതിന്നികളായ കഴുകൻപക്ഷികൾ കൂട്ടംചേൎന്നിരിക്കുന്നതു കാണാം. ഉന്നതനായ വേളിമല അകലെ പൂൎവദിക്കിൽ ഒരു രാക്ഷസനെപ്പോലെ തലയുയൎത്തി നില്ക്കുന്നുണ്ട്. അവിടെനിന്നും വ്യാഘ്രത്തലവന്മാർ ചിലപ്പോഴൊക്കെ റെയിഞ്ചാഫീസിൻെറ പിറകിലുള്ള പാറക്കെട്ടുകളിൽ വന്നു പതിയിട്ടു കിടക്കാറുമുണ്ട്. കഴിഞ്ഞകൊല്ലത്തിൽപ്പോലും അങ്ങിനെ വന്നെത്തിയ ഒരു വ്യാഘ്രവീരൻ നാട്ടുകാരുടെ ഒരു നാടൻതോക്കിനു് ബലിജന്തുവായി അന്തരിച്ചു. കകാരദ്വയങ്ങളായ കഴുകനും കഴുതയും കൎണ്ണകഠോരമായ അവററകളുടെ ശബ്ദവിശേഷം കൊണ്ടാണോ നിശീഥിനിയെ നിമന്ത്രണം ചെയ്യുന്നതെന്നു് ആ നാട്ടിൽ ആദ്യമായി ചെല്ലുന്ന ആരും സന്ധ്യാസമയത്തിലെ വിളക്കുവയ്പുസമയം ചോദിച്ചുപോകും. സ്റ്റീവനേജ്ധാര എന്തായാലും വരാന്തയിൽത്തന്നെ ഉറങ്ങാതെ കഴിച്ചുകൂട്ടാമെന്നു നിശ്ചയിച്ചു. രാത്രിയിൽ എലിയോ, മരപ്പട്ടിയോ മറേറാ കെട്ടിടത്തിൻെറ തട്ടിൽ ബഹളം കൂട്ടുമ്പോൾ ധാര കണ്ണുതുറന്നു് ചാവിസഞ്ചി പരിശോധിച്ചു. "പറക്കുണ്ടാമണ്ടി" എന്നു പുലമ്പിക്കൊണ്ടു് വീണ്ടും കിടക്കും. അങ്ങനെ ഒരു വിധത്തിൽ നേരംവെളുപ്പിച്ചു് മഹസ്സർ എഴുതുവാനുള്ള കടലാസ്സും, തടികൾ അളക്കുവാനുള്ള ടേപ്പും എടുപ്പിച്ചു് സിൽബന്തികൾസഹിതം വണ്ടികൾ കിടന്ന റോഡിലേക്കു പോയി. അവിടെ ഒന്നും കണ്ടില്ല. "പറക്കുണ്ടാമണ്ടി! എവിടെ വണ്ടികൾ?" എന്നു ഗൎജ്ജിച്ചുകൊണ്ടു് റെയിഞ്ചാഫീസ്സ്പുരയിടത്തിൽ കെട്ടിയിരുന്ന കാളകളെനോക്കി. അവിടെ മൂന്നുനാലു പശുക്കളും ഒരു കഴുതയും കഴുത്തിൽ മണികെ

ളുംകെട്ടി നിൽപ്പുണ്ടായിരുന്നു. അഴകിയപാണ്ടിപുരം മുതൽ നാഗരുകോവിൽവരെ റോഡരുകിൽ കിടന്നിരുന്ന വെറും വണ്ടികളിൽനിന്നു ചാവികൾ ഊരിയെടുത്തു് തടിക്കള്ളന്മാർ അവരുടെ വണ്ടികളിലിട്ടു റോഡിൽ ചാക്കുകൾവിരിച്ചു് അതിൻെറ പുറത്തുകൂടി കുറേദൂരം അവർ തന്നെ വണ്ടികൾവലിച്ചു് അവിടെനിന്നും കാളകളേയും കെട്ടി വ്യാജത്തടികൾ കൊണ്ടുപോയിട്ടു് രാത്രി ഒന്നുകഴിഞ്ഞിരുന്നു. "പറക്കണ്ടാമണ്ടി" എന്നു പറഞ്ഞുകൊണ്ടു് സായ്പു് സമാധാനപ്പെട്ടു.

ഇനി അദ്ദേഹത്തിൻെറ വടക്കൻസക്ക്യൂട്ടിലെ ഒരു സംഭവമാണു വിവരിക്കുവാൻ പോകുന്നതു്. തിരുവിതാംകൂറിലെ ഏററവും വലിയ തടിവില്പനസ്ഥലമായ വീയപുരം ഡിപ്പോവിൽ ഒരുദിവസം അദ്ദേഹം ചെന്നുചേന്നു. അതും ഒരു സന്ധ്യാവേളയിൽ ആയിരുന്നു. ഗ്രഹപ്പിഴക്കാരൻെറ ചെലവും കുന്തക്കാരൻെറ വരവും ഒന്നിച്ചായിരുന്നു എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. ഡിപ്പോകടവിൽ ഒരു ചങ്ങാടം തടി അപ്പോഴാണു വന്നതു്. സായ്പു് അതിനും പ്രമാണം ആവശ്യപ്പെട്ടു. തടികളുടെ ഉടമസ്ഥൻ പാസുമായി പിറകെ വരുന്നുണ്ടെന്നുള്ള പല്ലവി ചങ്ങാടക്കാരും പാടി. "പറക്കണ്ടാമണ്ടി! കിട്ടിപ്പോയി" എന്നു് സായ്പും സന്തോഷിച്ചു സഹായാർത്ഥം ഡിപ്പോ ആഫീസറും സിൽബന്തികളും വന്നുചേന്നു. "പറ മാൻ പറ!! ഈ ചങ്ങാടം ഏതു്? ഫെല്ലോസു് ഐ വിൽ ഡിസ്സ്മിസ്സ് യൂ ആൾ (I will dismiss you all) "നിങ്ങളെയെല്ലാം ഞാൻ തുലയ്ക്കും" എന്നു് സായ്പു് ശപഥം ചെയ്തു. അന്നും തടികൾ അളക്കുന്നതിനും തിട്ടപ്പെടുത്തുന്നതിനും സമയമുണ്ടായിരുന്നില്ല. സായ്പിനു് ഒരു ബുദ്ധി തോന്നി. തെക്കൻ സക്കീട്ടിലെ പരാജയവും മനസ്സിലുണ്ടായിരുന്നു. ഡിപ്പോവിൽനിന്നു് നീളവും ബലവുമുള്ള ഒരു വലിയ വടം

എടുപ്പിച്ച് അതിൻെറ ഒരററം ബലമായി ചങ്ങാടത്തിലും മററേ അററം വലിച്ചുനീട്ടി ഡിപ്പോ ആഫീസ് വരാന്തയിൽ നില്പുള്ള ബലത്ത തൂണിലും കെട്ടിച്ചു. കെട്ടുകളുടെ ബലത്തെ സായ്പുതന്നെ പരിശോധിച്ചു തൃപ്തിപ്പെട്ടു. അദ്ദേഹം വരാന്തയിൽ തൂണിനടുത്തുതന്നെ ഒരു ചാരുകസേരയുമിട്ട് മേശപ്പുറത്തു വിളക്കും കത്തിച്ചുവച്ച് ഇരിപ്പുമായി രാത്രിയിൽ കൂടക്കൂടെ ബട്ട്ളരെക്കൊണ്ടു കാഫി ഇടീച്ചു കുടിച്ചുകൊണ്ടിരുന്നു. സായ്പ് ഇരിക്കുന്നിടവും ചങ്ങാടം കിടന്നിരുന്ന കടവുമായി നൂറടിയിൽ പതിയേയുള്ളു ദൂരമേ ഉണ്ടായിരുന്നുള്ളു! ഏതായാലും പ്രഭാതക്കോഴി കൂവിയും കാക്കകൾ കരഞ്ഞും കിളികൾ ചിലച്ചും നേരം വെളുത്തു. സ്വർഗ്ഗരാജ്യം വരുത്തുന്ന ശുഭ്രവസ്ത്രധാരിണികളായ കന്യാസ്ത്രീകൾ മുട്ടുകുത്തിയിരുന്നു പ്രഭാതത്തിൽ ധ്യാനം അനുഷ്ഠിക്കുന്നതുപോലെ അടുത്തു വിസ്തൃതമായി കിടപ്പുള്ള പുഞ്ചപ്പാടങ്ങളുടെ വരമ്പുകളിൽ കൊക്കുകളും വന്നുനിരന്നു. സായ്പ് കടലാസും ടേപ്പും എടുപ്പിച്ചു ചങ്ങാടം പരിശോധിച്ചു മഹസ്സർ ചമയ്ക്കുവാനായി കടവിലേക്കു ചെന്നു. പറക്കുണ്ടാമണ്ടി കളിപ്പിച്ചു. പറ മാൻ! ചുട്ടുകോഴി പറന്നുപോയോ; പറ! ചങ്ങാടം എവിടെ?" എന്നു ഡിപ്പോ ആഫീസറോടു ചോദ്യമായി. വടത്തിൻെറ ഒരററം ചങ്ങാടത്തിൽ കെട്ടിയിരിക്കയായിരുന്നല്ലോ. അതു് അടുത്തു നിൽപ്പുണ്ടായിരുന്ന ഒരു തെങ്ങിൽ ബലമായി ചുററിക്കെട്ടിയിരിക്കുന്നതായി കണ്ടു. ചങ്ങാടക്കാർചേന്നു് വടം വലിച്ചുപിടിച്ചുനിർത്തിക്കൊണ്ടു് ചങ്ങാടത്തിൻക്കെട്ടിയിരുന്ന അററം അഴിച്ചു് അടുത്തുള്ള തെങ്ങിൽ ബലമായി ചുററിക്കെട്ടിയതിനുശേഷം അവർ ചങ്ങാടംതള്ളി കായലിൽക്കൊണ്ടുപോയി മറവു ചെയ്തു. മേശപ്പുറത്തുള്ള എരിഞ്ഞുകൊണ്ടിരുന്ന വിളക്കിൻെറ പ്രകാശംകൊണ്ടും തൂണിൽക്കെട്ടിയിരുന്ന വടത്തിൻെറ വലിവുകൊണ്ടും സായ്പ് ഒന്നും അറിഞ്ഞില്ല. അവസാനം സായ്പ് "പറക്കുണ്ടാമണ്ടികളുടെ പുത്തി വെരിഗ്രേറ്റ്" എന്നു പറഞ്ഞു സമാശ്വസിച്ചു.

# ഡാക്ടരുടെ "നോ ഹോപ്പ്" കേട്ടപ്പോൾ

വളരെ വഷങ്ങൾക്കുമുമ്പുണ്ടായ ഒരു ദുരന്തസംഭവം ഇന്നും മായാതെ അതേപടി എൻെറ ഹൃദയത്തിൽ പതിഞ്ഞു കിടക്കുന്നു. നല്ലതും തിയ്യതും കെട്ടുപിണഞ്ഞുകിടക്കുന്ന വിഭ്രമജനകമായ ഈ അത്ഭുതലോകത്തിൽ എനിക്കു് മാഗ്ഗദശകമായി നില്ക്കുന്ന അപൂവ്വം ചില ഭൂതകാലസംഭവങ്ങളിൽ ഒന്നാണതു്.

അതൊരു കല്പിതകഥയല്ല. യഥാൎത്ഥസംഭവംതന്നെയാണു്. അതിൽനിന്നും എനിക്കു ലഭിച്ച വെളിച്ചം ഞാൻ നിങ്ങളുടെ ഹൃദയവിളക്കുകളിലും കൊളുത്തുവാൻ ശ്രമിക്കാം. പക്ഷേ, ആ വിളക്കുകളിൽ വേണ്ടത്ര എണ്ണയും തിരിയും ഉണ്ടായിരുന്നാൽ മാത്രമേ എൻെറ ശ്രമം ഫലിക്കൂ. ഏതായാലും പരീക്ഷിച്ചു നോക്കുകതന്നെ.

ഇതാ ഞാൻ കഥയിലേക്കു പ്രവേശിച്ചുകഴിഞ്ഞു. ആ ദുരന്തസംഭവം നടന്നതു് റാന്നിയിൽവച്ചായിരുന്നു. പരിശുദ്ധമായ പമ്പാസരസ്സിൻെറ തീരത്തുള്ള കാട്ടും മേട്ടും നിറഞ്ഞ വനസമൃദ്ധമായ ഒരു മലനാടാണു് റാന്നി. തിരുവിതാംകൂർഭൂമിശാസ്ത്രം അറിയാവുന്ന നിങ്ങളോട്ട് ഞാനതു പ്രത്യേകം പറയേണ്ടതായിട്ടില്ല. സംഭവകാലത്തു് അവിടെ പലേടത്തും, വിശേഷിച്ചു് അന്തിച്ചന്തകളും ആഴ്ചച്ചന്തകളും

നടന്നിരുന്ന പ്രധാന വാണിജ്യകേന്ദ്രങ്ങളിൽ, കൊച്ചു കൊച്ചു പട്ടണങ്ങൾ നാമ്പെട്ടുത്തുടങ്ങിയിരുന്നു. പഴയ നിരപ്പുരകളുടേയും, എട്ടുകെട്ട് ഇടക്കെട്ടുകളുടേയും സ്ഥാന ങ്ങളിൽ പുതിയ ഓട്ടുമേഞ്ഞ ഇരുനിലമന്ദിരങ്ങളും അപൂർവ്വ മായി പ്രത്യക്ഷപ്പെട്ടുതുടങ്ങി. ആധുനികലോകത്തിൻെറ അത്ഭുതാതിശയങ്ങൾ അവകാശപ്പെടുന്ന ലണ്ടൻ, പാരീസ്, ന്യൂയാർക്ക്, മോസ്കോ തുടങ്ങിയ മഹാപട്ടണങ്ങളുടേയും ഉത്ഭവം ഇതുപോലൊക്കെത്തന്നെയാണ്. സ്വന്തമായി ആനയെപ്പിടിക്കുവാൻപോലും അവകാശവും അധികാരവും ഉണ്ടായിരുന്ന ഉഗ്രപ്രതാപന്മാരായ "റാന്നികർത്താക്കന്മാർ" അലസതയുടെയും അധികാരപ്രമത്തതയുടെയും അനന്തര ഫലമായി ക്ഷയിച്ചുതുടങ്ങുകയും, മുടിഞ്ഞു മുള്ളുവാരിയ അവരുടെ കൃഷിഭൂമികൾ അദ്ധ്വാനശീലരും, ഉൽക്കർഷേ ച്ഛുക്കളുമായ സുറിയാനികൃഷകർ കരസ്ഥമാക്കി ദേഹണ്ഡ മാരംഭിക്കുകയും ചെയ്തിരുന്നു. അദ്ധ്വാനിക്കുന്നവൻെറ കൈയിൽ കൃഷിഭൂമി വന്നുചേർന്നാൽ എങ്ങിനെയിരിക്കു മെന്ന് അറിയണമെന്നുള്ളവർ റാന്നിയിലെ പണം പൊഴി ക്കുന്ന തോട്ടങ്ങളും, ഐശ്വര്യം കളിയാടുന്ന കേദാരങ്ങളും ഒന്നു കാണുകതന്നെവേണം.

ഞാൻ വീണ്ടും കഥയിലേക്കു കടക്കാം. ശിശിരകാല ത്തിലെ നിരുത്സാഹമുളവാക്കുന്ന ഒരു ദിനമായിരുന്നു അന്ന്. പൊടിപൂരമായി മഞ്ഞു പൊഴിഞ്ഞിരുന്നു. അതിൻെറ നേർക്ക് കണ്ണുകൾ ചെമപ്പിച്ചുകൊണ്ട് സന്ധിയില്ലാത്ത സമര ത്തിനെന്നപോലെ ആയിരുന്നു ഗിരിമുകളിൽ ബാലാർക്ക ബിംബം പ്രത്യക്ഷപ്പെട്ടതു്. കിഴക്കാൻതൂക്കായ കരിമ്പാറ ക്കെട്ടുകളുടെയും തരുലതാനിബിഡിതമായ കൊക്കുകളുടെയും അടിവാരത്തിൽക്കൂടി നവോഢകളെപ്പോലെ ഒളിച്ചും മറ ഞ്ഞും ഓടിയൊഴുകിയ നമ്മഭാഷിണികളായ കാട്ടരുവികളുടെ മേലും സഹസ്രകിരണൻ തൻെറ ദീർഘബാഹുക്കൾ നീട്ടി

നിർദ്ദയം മർദ്ദിക്കുകതന്നെ ചെയ്തു. പാവനചരിതയായ പമ്പയുടെ ഹൃത്തടത്തിൽനിന്നും പുകഞ്ഞുപൊങ്ങിയ ധവള ധൂമപടലങ്ങൾ അജ്ഞാതലിപികളിൽ ഏതോ ശോകാത്മക മായ കഥ അന്തരീക്ഷത്തിൽ ആലേഖനം ചെയ്യുന്നതായി കാണപ്പെട്ടു. ആ കഥയുടെ ഭീകരതയിൽ ലോകം വിറകൊള്ളുന്നുണ്ടായിരുന്നു. എന്നിരുന്നാലും പ്രഭാതസ്നാനനിരതരായ സ്ത്രീപുരുഷന്മാർ നദിയുടെ ഇരുകരകളിലുമുള്ള കുളിക്കടവുകളിൽ നിരന്നുകഴിഞ്ഞു. അവരിൽ ചില രസികശിരോമണികൾ അവരുടെ ഹസ്തതാഡനവൈദഗ്ദ്ധ്യം പ്രകടിപ്പിച്ച് തരംഗിണിയിൽ സൃഷ്ടിച്ച ശബ്ദകോലാഹലവും, ആരോഗ്യവതികളായ വെളുത്തേടനാരിമാർ മേദുരമായ അവരുടെ നനഞ്ഞുതെളിഞ്ഞ നിതംബമാട്ടി വിഴുപ്പുകൾ എററുന്ന നിർഘോഷവും അന്തരീക്ഷത്തെ മുഖരിതമാക്കി.

പെരുമ്പുഴക്കടവിൻെറ വടക്കേക്കരയിൽനിന്നും പേട്ടച്ചന്തയിലേക്കു പോകുന്ന റോഡിൻെറ ഇരുവശത്തുമുള്ള സാമാന്യം വലിയ ഒരു കെട്ടിടത്തിലായിരുന്നു എൻെറ ആഫീസും താമസവും. സഞ്ചായംതുറസ്സും അതിലെ ഉദ്യോഗസ്ഥന്മാക്കും നല്ല നിലയും വിലയുമുള്ള ഒരു കാലമായിരുന്നു അത്. ഒരു റെയിഞ്ചരെ ഇന്നത്തെ ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനേക്കാൾ ജനങ്ങൾ അന്ന് ബഹുമാനിച്ചിരുന്നു. തടിമോഷണങ്ങളുടെയും, കുടിയേറിപ്പാപ്പിൻെറയും, കൊലപാതകങ്ങളുടെയും കൂത്തരങ്ങായിരുന്ന വലിയകാവുസെക്ഷൻെറയും, കരിംകുളം സെക്ഷൻെറയും ചാർജ്ജുവഹിക്കുവാൻ നിയോഗിക്കപ്പെട്ടിരുന്ന ഞാൻ രണ്ടരക്കൊല്ലത്തെ വിശ്രമരഹിതമായ സജീവപ്രവത്തനങ്ങൾക്കുശേഷം മൂന്നുമാസത്തെ അവധാശ അവധിയിൽ പ്രവേശിക്കുകയായിരുന്നു. എന്നിൽനിന്നും ചാർജ്ജെടുക്കുവാൻ ബി. എൽ. ബിരുദധാരിയായ ഒരു പുതിയ ഡെപ്യൂട്ടി റെയിഞ്ചർ നിയമിതനായി വന്നിരിക്കുക

യാണു്. കൊല്ലം സ്വദേശിയും, സുഭഗനും, സൗമ്യശീലനുമായ ആ യുവാവ് അഭികാമ്യമായ അഭിഭാഷകവൃത്തിയിൽ ഏപ്പെട്ടു് സ്വന്തം കഴിവുകൾ പ്രകാശിപ്പിച്ചു് "പുതുപ്പള്ളി" യെപ്പോലെയോ "കോട്ടൂരി"നെപ്പോലെയോ ഉദ്യോഗനഭോമണ്ഡലത്തിലെ ഉജ്ജ്വലതാരമായി ഉയരുവാൻ തുനിയാതെ എന്തുകൊണ്ടു കാട്ടുമൃഗങ്ങളോടും കാട്ടുമനുഷ്യരോടും വ്യവഹരിക്കുവാൻ വന്നിരിക്കുന്നതെന്നു് ഞാൻ അദ്ദേഹത്തെക്കണ്ടമാത്രയിൽ അടക്കമില്ലാതെ ചോദിച്ചുപോയി. അതിനു മറുപടിയായി കടുത്ത നിരാശയും, നിസ്സഹായതയുമാണു് അദ്ദേഹത്തിൻെറ മുഖത്തു് സ്ഫുരിച്ചുകണ്ടതു്. വിധവയായ ഒരു വൃദ്ധമാതാവിനെയും വിദ്യാത്ഥികളായ ഇളയ രണ്ടു സഹോദരങ്ങളെയും സംരക്ഷിക്കേണ്ട കത്തവ്യം അദ്ദേഹത്തിൻെറ ചുമതലയിൽ തൂങ്ങുകയായിരുന്നു. ആ ഇളയസഹോദരൻെറയും അതിലും ഇളയ സഹോദരിയുടെയും തുടർന്നുള്ള വിദ്യാഭ്യാസത്തിനുപോലും സാമ്പത്തികക്കുഴപ്പം നേരിട്ടിരിക്കയാണു്. എത്രയും വേഗം സക്കാരുദ്യോഗത്തിൽ പ്രവേശിച്ചു് കുടുംബം പുലത്തണമെന്നുള്ള വ്യഗ്രതയോടുകൂടിയാണു് അദ്ദേഹം പഠിച്ചതും പരീക്ഷകൾ ഒന്നൊന്നായി പാസ്സായതും. ധീരമായും, സ്വതന്ത്രമായും ജീവിതസമരം നടത്തി വിജയം വരിക്കുവാൻ ആത്മധൈര്യം നൽകുന്ന വിദ്യാഭ്യാസസമ്പ്രദായമല്ലല്ലോ ഇന്നും നമ്മുടെ സവ്വകലാശാലകൾക്കുള്ളതു്. ഊണിലും ഉറക്കത്തിലും, മുക്കിലും മൂലയിലും സക്കാരുദ്യോഗത്തിലെ 25-30-നും, 40-75-നും വേണ്ടി സ്വപ്നം കണ്ടും, വഴക്കടിച്ചും, പടികൾകാത്തും എത്രയെത്ര സവ്വകലാശാലാസന്താനങ്ങൾ അവരുടെ ജന്മം തുലയ്ക്കുന്നില്ല? നല്ല പുല്ലും, വെള്ളവും, സുഖസന്ദായകമായ കുളിർക്കാററുമുള്ള ഉയന്ന മേട്ടകൾ ഒഴിഞ്ഞുകിടപ്പുണ്ടു്. പക്ഷേ, കുതിച്ചുചാടുന്ന സാഹസികരായ വരയാടുകൾക്കു മാത്രമേ അവിടെ ചെന്നെത്താൻ സാധിക്കൂ. ഉൽക്കർഷേച്ഛുക്കള

ല്ലാത്ത ഭീരുക്കൾ അലസമായി നോക്കിനിന്നു കൊതിയൂറുകയേ ഉള്ളൂ ഭീരുക്കളായ അത്തരം നിർഭാഗ്യരിലൊരാളാണു നമ്മുടെ കഥാപുരുഷൻ. കുബേരകുടുംബത്തിലെ അനുഗൃഹീതയായ ഒരു പെൺകൊടിയാളെ വിവാഹം കഴിച്ച്, സാമ്പത്തികപരാധീനം പരിഹരിക്കുവാൻ അദ്ദേഹത്തിനു നിഷ്പ്രയാസം കഴിയുമായിരുന്നു. പക്ഷേ, കൃതജ്ഞതാഭരിതനായ ആ ശുദ്ധഹൃദയൻ അതിനും ആഗ്രഹിച്ചില്ല; വളരെ ക്ലേശിച്ചു തന്നെ പഠിപ്പിച്ച സ്വന്തം മാതുലൻെറ നിർദ്ധനയായ പുത്രിയെ വിവാഹം ചെയ്തു് കൃതകൃത്യനാകുവാനാണു് അദ്ദേഹം നിശ്ചയിച്ചതു്. പണത്തിനുവേണ്ടി മററു സകലതും മറന്നു് വിവാഹത്തിനു് വിലപേശി നടക്കുന്ന ഒരു ആക്കിരിക്കച്ചവടക്കാരനാകാൻ അദ്ദേഹം ഇഷ്ടപ്പെട്ടില്ല. വൃദ്ധമാതാവിനെയും, പതിനെട്ടുകാരനായ സഹോദരനെയും, പതിനഞ്ചുകാരിയായ സഹോദരിയേയും കൂട്ടിക്കൊണ്ടു പട്ടണത്തിൽനിന്നും വനഭൂവിലേയ്ക്കു് സർക്കാരുദ്യോഗംഭരിക്കാൻ അദ്ദേഹം വന്നിരിക്കുകയാണു്. റാന്നിയിൽവന്നു താമസം ഉറപ്പിച്ചതിൻെറ രണ്ടാംദിവസം കാലത്തു് എട്ടുമണിക്കുള്ള ശുഭമുഹൂത്തത്തിൽ എന്നിൽനിന്നും ചാർജ്ജേറവാങ്ങാൻ ആഫീസിൽ അദ്ദേഹം വന്നു. ഞങ്ങൾ ആ ജോലിയിൽ വ്യാപൃതരായി. ചാർജ്ജുലിസ്റ്റിൽകൊള്ളിച്ചിരുന്ന കേസുകളുടേയും അതുകളിലെ തൊണ്ടിസാധനങ്ങളുടേയും വിവരങ്ങൾ ഒന്നൊന്നായി ഞാൻ അദ്ദേഹത്തെ പറഞ്ഞു ധരിപ്പിക്കുകയായിരുന്നു. അപ്പോഴാണു് ആ അത്യാഹിതം ഞങ്ങളുടെ ശ്രവണപുടങ്ങളിൽ മുഴങ്ങിക്കേട്ടതു്. അടുത്തുള്ള കടവിൽ കുളിക്കാനിറങ്ങിയ ഒരാൾ മുങ്ങിമരിച്ചതായുള്ള ആ വർത്തമാനം റോഡിൽക്കൂടി പോകുന്നവർ ഉദാസീനമായി വിളിച്ചുപറയുന്നുണ്ടു്. ചിലരെല്ലാം കടവിലേക്കു് ഓടിപ്പോകുന്നതായും കണ്ടു, "എന്താണു?" അടുത്ത പുരയിടത്തിൽ നിന്നിരുന്ന ഒരാൾ

വിളിച്ചു ചോദിക്കുകയാണു്. അതറിഞ്ഞിട്ടു് സന്തപ്തമോ സന്തോഷമോ രേഖപ്പെടുത്താമെന്നുള്ളതായിരിക്കണം ആ മനുഷ്യസ്നേഹിയുടെ മനോഗതം. അഹോ! വർഗ്ഗീയമേ!! നിൻെറ നഗ്നതാണ്ഡവം! കടവിലേക്കു് ഓടിപ്പോകുവാനുള്ള ഉൾക്കണ്ഠ എന്നിൽ വർദ്ധിച്ചു. പക്ഷേ, മനുഷ്യനാശത്തെക്കുറിച്ചു് അന്വേഷിക്കുന്നതിനേക്കാൾ തൊണ്ടിയായുധങ്ങളും ഉരുപ്പടികളും പരിശോധിക്കുവാനുള്ള തിടുക്കമായിരുന്നു എൻെറ സ്നേഹിതനിൽ കണ്ടതു്. അതെല്ലാം വഴിയേ കാണിച്ചു ബോദ്ധ്യപ്പെടുത്തിക്കൊടുക്കാമെന്നു് ഉറപ്പുനൽകിയ ശേഷം ഞാൻ ചാർജ്ജ്ഷീററിൽ ഒപ്പിട്ടുവാങ്ങി. കടലാസുകൾ എല്ലാം മേശപ്പുറത്തു് എറിഞ്ഞുകൊണ്ടു് ഞാൻ ആററുകടവിലേക്കു് ഓടി. പൂച്ചയ്ക്കു കയറിട്ടതുപോലെ എൻെറ സ്നേഹിതനും എന്നെ അനുഗമിച്ചു. ഞങ്ങൾ ആററുകടവിൽ എത്തിയപ്പോൾ പലരും കൊതുമ്പുപോലുള്ള കൊച്ചുവള്ളങ്ങളിൽ സംഭവസ്ഥലത്തേയ്ക്കു് ഉത്സാഹഭരിതരായി പോകുകയും അവിടെ നിന്നും മടങ്ങിവരികയും ചെയ്യുന്നുണ്ടായിരുന്നു. "മൗത്തായിപ്പോയി" എന്നു് ചില കൊച്ചുവള്ളക്കാർ കരയിൽ നിൽക്കുന്നവരോടു വിനോദമായി വിളിച്ചുപറയുന്നുണ്ടു്. ആറന്മുള വള്ളംകളിക്കുള്ള തിമിർപ്പോടുകൂടിയാണു് അവരിൽ ചിലരുടെയെല്ലാം പോക്കു്. അല്പം അകലെയുള്ള എതിർകരയിൽ നാലഞ്ചുപേർ ചേർന്നു് ഒരു മനുഷ്യശരീരത്തെ വെള്ളത്തിൽനിന്നും പൊക്കിയെടുത്തുകൊണ്ടു പോകുന്നതായി ഞങ്ങൾ കണ്ടു. അവർ ആ ശരീരത്തെ ആശുപത്രിയിലേക്കു് നീക്കംചെയ്യുകയാണു്. "മൗത്തായെന്നാ തോന്നുന്നതു്" എന്നു ചിലരൊക്കെ സംശയം പറയുന്നുമുണ്ടു്. സഹതാപത്തിൻെറ യാതൊരു ലാഞ്ഛനയും ആ സംഭവം കണ്ടുനിന്ന പലരിലും കണ്ടില്ല! അക്കരെ കടക്കുവാനുള്ള കടത്തുവള്ളത്തിൽ ബദ്ധപ്പെട്ടു ഞാൻ കയറി. എൻെറ കൂടെ സ്നേഹിതനും വന്നു. ആശുപത്രിയിൽ പോകാമെന്നുതന്നെ

ഞാൻ നിശ്ചയിച്ചു. അപ്പോഴും എന്റെ സ്നേഹിതൻ ശാന്തമായി ചാർജ്ജ്ലിസ്റ്റിലെ ചില വിവരങ്ങളെക്കുറിച്ച് എന്നോടു ചോദിക്കുന്നുണ്ടായിരുന്നു. ഞങ്ങൾ പെട്ടെന്ന് ആശുപത്രിയിൽ എത്തി. അതൊരു ചെറിയ കുന്നിന്റെ മുകളിൽ ആയിരുന്നു. ഒരു മേശപ്പുറത്ത് ആ ശരീരത്തെ കിടത്തി കൈകൾ ഓരോന്നും ഡാക്ടർ പിടിച്ച് ശക്തിയായി മിന്നൽവേഗത്തിൽ മടക്കുകയും നൂക്കുകയും ചെയ്യുന്നതായി കണ്ടു. മേശക്കു ചുററും ധാരാളം ആളുകൾ നിന്നിരുന്നു. അല്പ നിമിഷത്തിനുള്ളിൽ "നോ ഹോപ്പ്" (No hope) എന്നു പറഞ്ഞുകൊണ്ട് ഡാക്ടർ പിന്മാറി. ഞാൻ ആ ശരീരത്തെ വ്യക്തമായി കണ്ടു. എന്റെ കണ്ണുകൾ നിറഞ്ഞു. അരോഗദൃഢഗാത്രനായ ഒരു സുന്ദരയുവാവിന്റേതായിരുന്നു അതു്. എന്തൊരു ഭയാനകമായ അത്യാഹിതം!! പെട്ടെന്ന് ഒരു അലച്ചയും വീഴ്ചയും എന്റെ പുറകിൽകേട്ടു. അമ്പരന്നു ഞാൻ തിരിഞ്ഞുനോക്കിയപ്പോൾ എന്റെ സ്നേഹിതൻ ബോധരഹിതനായി തറയിൽ വീണുകിടക്കുന്നതാണു കണ്ടതു്! 'കുർർ' എന്നൊരു വലിവുമാത്രം കേൾക്കാമായിരുന്നു. ഡാക്ടർ! ഓടി വരണേ!! എന്നു ഞാൻ ഉറക്കെ നിലവിളിച്ചുപോയി. എല്ലാവരുടെയും ശ്രദ്ധ അങ്ങോട്ടേയ്ക്കായി. അല്പനിമിഷത്തിനുള്ളിൽ ഒരു വൃദ്ധമാതാവു്, മരിച്ചതും മരിക്കാറായതുമായ രണ്ടു മനുഷ്യശരീരങ്ങളുടെ പുറത്തു് മാറിമാറി അടിഞ്ഞുവീണു മുറവിളിക്കുന്ന ഹൃദയഭേദകമായ കാഴ്ച കാണുവാനുള്ള നിർഭാഗ്യമാണു് എനിക്കു വന്നുചേർന്നതു്. യൗവ്വനത്തിലേക്കു കാലൂന്നിത്തുടങ്ങിയ നിരാലംബയായ ഒരു ബാലിക ശോകപരവശയായ വൃദ്ധമാതാവിനെ കെട്ടിപ്പിടിച്ചു നിലവിളിക്കുന്നുണ്ടു്. അവിടെ കൂടിയിരുന്ന സകലരും ഒന്നുപോലെ അശ്രുധാര ഒഴുക്കുകയാണു്. എന്തൊരു ശോകസങ്കുലമായ രംഗം!! ഒരു ഡാക്ടർ കണ്ണുനീർ വാക്കുന്നതും അന്നു് ആദ്യമായിട്ടു് ഞാൻ ദർശിച്ചു. അന്ധപ്രജ്ഞനായി അല്പനേരം ആ മേശയിൽ പിടിച്ചു ഞാൻ

നിന്നുപോയി. കണ്ണുകൾ തുറന്നിരുന്നുവെങ്കിലും അശേഷം കാഴ്ചയില്ലായിരുന്നു. ക്രമേണ ധൈര്യംവീണ്ടെടുത്തു കണ്ണുകൾ തുടച്ചു ഞാൻ നോക്കിയപ്പോൾ എന്റെ സ്നേഹിതനെ ഒരു കിടക്കയിൽക്കിടത്തി ഡാക്ടർ പ്രഥമശുശ്രൂഷകൾ ചെയ്യുന്നതായി കണ്ടു. അമ്മയും മകളും തറയിൽ ഇറക്കിക്കിടത്തിയ മൃതശരീരത്തിന്റെമേൽ ആഞ്ഞടിച്ചുവീണു ഒപ്പാരിവച്ചു നിലവിളിക്കുകയാണു്. “കാളേജിൽ പോകേണ്ടേട പെറ്റ മോനെ. . . . ?” എന്നുള്ള ആ വൃദ്ധമാതാവിന്റെ സ്നേഹാർദ്രമായ ചോദ്യം ഉത്തരമില്ലാതെ വായുവിൽ വിലയംപ്രാപിച്ചു. “കുളിക്കാൻപോയ കൊച്ചണ്ണോ! എന്നെക്കൂടെ കൊണ്ടുപോ അണ്ണോ” വാത്സല്യഭാജനമായ കനിഷ്ഠസഹോദരി മൂർച്ഛിതാവസ്ഥയിൽനിന്നും ഉണർന്നു ചെയ്യുന്ന അപേക്ഷയാണതു്. ചൊരിയുന്ന മണൽത്തിട്ട ഒളിഞ്ഞുകിടന്ന കടവിൽ സ്ഥലപരിചയമില്ലാതെ കുളിക്കാനിറങ്ങിയതുമൂലമായിരുന്നു ആ പാവത്തിന്റെ സഹോദരനു് ഈ അത്യാഹിതം നേരിട്ടതു്.

ശിഥിലഹൃദയനായ എന്റെ ഭാഗ്യംകെട്ട സ്നേഹിതൻ ഏതാനും മണിക്കൂറിനുള്ളിൽ സ്വബോധം പ്രാപിച്ചു. എന്താണു് അദ്ദേഹത്തിൽ നാം കണ്ട ഈ അവസ്ഥാവിശേഷത്തിനു കാരണം? മനുഷ്യന്റെ മരണവൃത്താന്തമാണോ? എങ്കിൽ ഞങ്ങൾ ചാർജ്‌ലിസ്റ്റ് ഒപ്പുവച്ചുകൊണ്ടിരുന്നപ്പോൾ കേട്ടതാണു് ആ വൃത്താന്തം. അപ്പോൾ ഒരു ഭാവവ്യത്യാസവും അദ്ദേഹത്തിൽ കണ്ടില്ല. മനുഷ്യന്റെ ശവശരീരം കണ്ടാൽ മൂർച്ഛിച്ചുവീഴുന്ന പ്രകൃതക്കാരനാണോ അദ്ദേഹം? അതുമല്ല. ഞങ്ങൾ രണ്ടാളും കണ്ടതാണു് വെള്ളത്തിൽനിന്നും മൃതദേഹത്തെയെടുത്തുകൊണ്ടുപോകുന്നതു്. അപ്പോഴും ചാർജ്‌ലിസ്റ്റിൽ കൊള്ളിച്ചിട്ടുള്ള തൊണ്ടിയായുധങ്ങളുടെയും ഉരുപ്പടികളുടെയും വിവരങ്ങൾ അറിയുവാനായിരുന്നു

അദ്ദേഹത്തിൻെറ ആഗ്രഹം. ആശുപത്രിയിലെ ആപ്പറേഷൻമേശപ്പുറത്തുകിടത്തി ഒരു മനുഷ്യശരീരത്തെ ഡാക്ടർ ദണ്ഡിപ്പിക്കുന്നതും ഞങ്ങൾ കണ്ടു. "നോ ഹോപ്പ്" എന്നു് ഡാക്ടർ പറഞ്ഞതും ഞങ്ങൾ കേട്ടു. അപ്പോഴൊന്നും ഒരു ഭാവവ്യത്യാസവും എൻെറ സ്നേഹിതനിൽ കണ്ടില്ല. പക്ഷേ, "നോ ഹോപ്പിനു്" വിധേയമായ മനുഷ്യശരീരം സ്വന്തം സഹോദരൻേറതാണെന്നു കണ്ടമാത്രയിൽ എൻെറ സ്നേഹിതൻ മൂർച്ഛിച്ചു നിലംപതിച്ചു. എൻെറ സ്വന്തം സഹോദരനല്ലാതിരുന്നതിനാൽ ഞാൻ മോഹാലസ്യപ്പെട്ടു വീണില്ല. കൊച്ചുവള്ളക്കാർ വികാരശൂന്യരായി കൗതുകത്തോടുകൂടി ഈ സംഭവം വീക്ഷിച്ചതിൻെറ രഹസ്യവും അതുതന്നെയാണു്. എൻേറതെന്നും, നിൻേറതെന്നും ഉള്ള ഭേദബുദ്ധിയാണു് കാരണം. നിന്നെപ്പോലെ നിൻെറ അയൽക്കാരനേയും സ്നേഹിക്കുക എന്നു് മനുഷ്യസ്നേഹിയായ ക്രിസ്തുദേവൻ 1963 വഷങ്ങൾക്കുമുമ്പു് ലോകത്തോടു് ഉപദേശിച്ചു അതുതന്നെയാണു് 2500 വഷങ്ങൾക്കുമുമ്പു ശ്രീബുദ്ധനും 6000 വഷങ്ങൾക്കുമുമ്പു് ശ്രീകൃഷ്ണനും വെളിപ്പെടുത്തിയതു്. പക്ഷേ, മനുഷ്യൻ നന്നാകത്തക്കവിധം ലോകം ഇനിയും വളൎന്നിട്ടില്ല.

---

# കട്ടവായുടെ കാൽചുവടുകളിലൂടെ

ഈ സമീപകാലത്തു് കൊല്ലത്തെ ഒരു യൂറോപ്യൻ കമ്പനിയിലെ സായ്പന്മാർ നടത്തിയ കാക്ക്ടെയിൽ പാർട്ടിയിൽ (Cock tale Party) ക്ഷണം അനുസരിച്ചു് ഞാനും സംബന്ധിച്ചിരുന്നു. അത്തരം പാർട്ടിയെക്കുറിച്ചു നാട്ടുകാരിൽ പലക്കും രൂപമില്ലെന്നുവരാം. സാമ്പാർ, പുളിശ്ശേരി, അവിയൽ, പച്ചടി, കിച്ചടി തുടങ്ങിയ എല്ലാ കറികളും ഒന്നിച്ചുകലത്തി പഴംകഞ്ഞിപ്രാതൽകഴിച്ചു ശീലമുള്ള നമ്മുടെ പഴവന്മാരോടു ചോദിച്ചാൽ പറയും അതിൻെറ സ്വാദോത്തു് ഇപ്പോഴും അവരുടെ നാവിൽ വെള്ളമൂറാറുണ്ടെന്നു്. ഏതാണ്ടു് അതുപോലെ ആസ്വാദ്യകരമായ ഒരനുഭൂതിയാണു് കാക്ക്ടെയിൽ പാട്ടിയിൽ പങ്കെടുത്തിട്ടുള്ളവക്കും ഉണ്ടാകാറുള്ളതു്. കറികൾക്കു പകരം മദ്യങ്ങൾ കൂട്ടിക്കലത്തുന്നു എന്ന വ്യത്യാസമേയുള്ളു. എല്ലാ ശീമമദ്യങ്ങളും ഒരു പ്രത്യേക കൂട്ടനുസരിച്ചു് ഒന്നിച്ചുകലത്തി കുപ്പിയിൽ അടച്ചുവരുന്നതിനെ രുചികരമായ തീററിസാധനങ്ങളുമായി "മേശകഴിക്കുന്ന" ഒരു സുഹൃൽസമ്മേളനമാണു് കാക്ക്ടെയിൽ പാർട്ടി. ഇതു് എനിക്കൊരു പുത്തരിയായിരുന്നു. എങ്കിലും മോശക്കാരനാകാതിരിക്കാൻ ഞാൻ അന്നു് അലംഭാവംകൂടാതെ എൻെറ പങ്കു നിവ്വഹിച്ചു. നല്ല "സ്പിരിററു്" ആയിരുന്നു എന്നുതന്നെ പറയാം. നമ്മസംഭാഷണം, ചിരി, വാദകോ

ലാഹലം, പ്രസംഗം എന്നുവേണ്ട തമാശകളുടെ ഒരു കൂത്തരങ്ങായി ആ സുഹൃൽസമ്മേളനം ക്രമേണ രൂപാന്തരപ്പെട്ടു. അതുതന്നെയായിരുന്ന പാർട്ടിയുടെ ഉദ്ദേശവും. കൊല്ലത്തു പോലീസ്ക്വാർട്ടേഴ്സ് പണിയുവാൻ അവിടത്തെ ഏക വെളിസ്ഥലമായ പീരങ്കിമൈതാനം തെരഞ്ഞെടുത്തതിൽ നാട്ടുകാർ പ്രതിഷേധിച്ച് മൈതാനപ്രക്ഷോഭണത്തിനു വട്ടംകൂട്ടുന്ന കാലമായിരുന്നു അന്ന്. എൻെറ തൊട്ടടുത്ത മേശയിൽ സ്ഥലംപിടിച്ചിരുന്നതു് കളക്ടർ, ഡി. എസ്. പി. തുടങ്ങിയ ഡിസ്ട്രിക്ട് മേധാവികളും ആയിരുന്നു. "പി.എസ്. റാവു അല്ല അവൻെറ തന്തവന്നാലും ഞങ്ങളുടെ കുഞ്ഞുങ്ങൾക്കു് വിനോദിക്കുവാനും വിശ്രമിക്കുവാനുമുള്ള മൈതാനത്തിൽ കൈവയ്ക്കാൻ സമ്മതിക്കുന്നതല്ലെന്നു്" ഞാൻ പ്രസംഗിച്ചുതുടങ്ങി. പ്രസംഗം ഒടുവിൽ ശാഖാചംക്രമണംചെയ്തു തൊഴിലാളിപ്രസ്ഥാനത്തിലേയ്ക്കു തിരിഞ്ഞു. "ലാഭത്തിൻെറ വീതം ശരിക്കു് തൊഴിലാളിസഖാക്കൾക്കു് കൊടുത്തില്ലെങ്കിൽ ഒരു മുതലാളിയും ഇവിടെ രക്ഷപ്പെടാൻ പോകുന്നില്ല. നാടൻമുതലാളിയായാലും വിദേശമുതലാളിയായാലും അതു ചെയ്തേ ഒക്കൂ. ഇത്തരം കാക്ക്ടെയിൽപാർട്ടി നടത്തുന്നതുകൊണ്ടൊന്നും കഥയാവുകയില്ല" എൻെറ മേശയിൽ എനിക്കു് അഭിമുഖമായി രണ്ടുമൂന്നു മികച്ച നാടൻമുതലാളിയുവസ്നേഹിതന്മാർ ഇരുന്നിരുന്നു. എൻെറ പ്രസംഗത്തിനു് അവർ താളംപിടിച്ചുതന്നു. അടുത്ത മേശയിൽനിന്നു് ഡി. എസ്. പി. എഴുന്നേററുവന്നു് എനിക്കു് കൈതന്നു. രംഗം വളരെ സജീവമായി. എൻെറ പ്രസംഗധോരണിയിൽ അവിടമെല്ലാം കിടുകിടാ വിറയ്ക്കുന്നതായി ഞാൻ കണ്ടു. ഞാൻ പ്രസംഗം നിർത്തിയില്ല. പിന്നെയും കാച്ചിനോക്കി. "കൊല്ലം പോർട്ടിൽ കടൽപാലം ഉടനെ പണിയിക്കണം. തുറമുഖവികസനപണികൾ എല്ലാംതന്നെ ഉടനെ ആരംഭിക്കണം. ഇല്ലെങ്കിൽ ഇവിടത്തെ കോൺഗ്രസ്സു്

തകർന്നതുപോലെ കേന്ദ്രകോൺഗ്രസ്സും തകരും. തകർന്നില്ലെങ്കിൽ തകർക്കും." അത്രയ്ക്കു് ഉശിരുള്ള പ്രസംഗമാണു് ഞാൻ നടത്തിയതു്. ചൂഷണസമത്ഥമായ നിലനില്പിനുവേണ്ടി മതത്തിൻെറ പേരിൽ അന്ധവിശ്വാസം പുലത്തി ലോകത്തിൻെറ പുരോഗതിക്കും, ക്ഷേമൈശ്വര്യങ്ങൾക്കും, സമാധാനത്തിനുപോലും വിലങ്ങുതടിയായി നില്ക്കുന്ന പുരോഹിതവഗ്ഗം കമ്മ്യൂണിസ്റ്റ്മന്ത്രിയായ മുണ്ടശ്ശേരിമാസ്റ്ററുടെ വിദ്യാഭ്യാസബില്ലിനു് എതിരായി ഇപ്പോൾ ആരംഭിച്ചിരിക്കുന്ന കുരിശുയുദ്ധം അന്നാണു പ്രഖ്യാപിച്ചിരുന്നതെങ്കിൽ അവരേയും അപ്പോൾ ഞാൻ എൻെറ പ്രസംഗത്തിനുള്ളിൽ ഒതുക്കുമായിരുന്നു. നിർഭാഗ്യവശാൽ അന്നതുണ്ടായില്ല. ഏതായാലും അട്ടത്തു് അലയടിച്ചുകൊണ്ടിരുന്ന കടലും അതിൽ ഡോളായമാനമായി ആടിക്കിടന്നിരുന്ന അമേരിക്കൻകപ്പലും എന്നെ ചുംബിക്കുവാൻ ഓടിയടുക്കുന്നതുപോലെ എനിക്കു തോന്നി. അത്രമാത്രമേ ഞാൻ ഇപ്പോൾ ഓക്കുന്നുള്ളു. അന്നു രാത്രിയിലത്തെ ആ സുഹൃൽസമ്മേളനത്തിൻെറ പരിണാമഗുപ്തി എന്തായിരുന്നുവെന്നും, എപ്പോൾ എങ്ങനെ ഞാൻ സ്വഭവനത്തിൽ എത്തിയെന്നുമുള്ള കഥകൾ ഇന്നും എനിക്കറിഞ്ഞുകൂടാ. അതെല്ലാം എൻെറ ഓമ്മയിൽ ഇപ്പോഴും ബ്ലാങ്കായി കിടക്കുകയാണു്.

പണ്ടത്തെ സർവേ ഇൻഡ്യാ പാർട്ടിക്കാരുടെ ലിത്തോപടത്തിൽ ചാലിയക്കര-അച്ചൻകോവിൽ റിസർവുവനങ്ങളുടെ ഇടയ്ക്കു കുറച്ചുസ്ഥലം ബ്ലാങ്കായി കാണിച്ചിരുന്ന കഥയാണു് എനിക്കിപ്പോൾ ഓമ്മയിലെത്തുന്നതു്. അവിടം അന്നു് ഒരു കന്യകാവനമായി (Virgin forest) കിടക്കുകയായിരുന്നു. യാദൃച്ഛികമായിട്ടാണു് എനിക്കു് അവിടം സന്ദർശിക്കുവാൻ സന്ദർഭമുണ്ടായതു്. ആ കഥ ഞാൻ ആരംഭിക്കുകയാണു്. കാട്ടിലെ കായ്യങ്ങൾ കേൾക്കുവാനാണല്ലോ

നിങ്ങൾക്കും കൗതുകം? അതു സ്വാഭാവികവുമത്രെ. പൊതിഞ്ഞുവച്ചിരിക്കുന്ന കാഴ്ചകളും, രഹസ്യങ്ങളും അറിയാനുള്ള ആഗ്രഹം മനുഷ്യൻെറ ഒരു പ്രത്യേകതയാണു്. അതിനാൽ പറയുകതന്നെ.

കാടുകൾ പൂത്തു് വണ്ടുകൾ മുരണ്ടുപറക്കുന്ന പൂക്കാലം. പത്തു് ഇഞ്ചുമുതൽ മുന്നൂറു് ഇഞ്ചുവരെ വർഷപാതമുള്ള നമ്മുടെ കേരളത്തിൻെറ മൂന്നിലൊന്നുഭാഗം വനംപ്രദേശമാണല്ലൊ. അവിടെ 4000 അടിമുതൽ 9000 അടിവരെ ഉയരമുള്ള പർവ്വതങ്ങളും, പാതാളംപോലെ താഴ്ചയുള്ള കൊക്കകളും, സമനിരപ്പുള്ള പുൽമേടുകളും, വളഞ്ഞൊഴുകുന്ന അരുവികളും, പച്ചക്കാടുകളും ഉണ്ടു്. ഒരേക്കറിൽ ശരാശരി 30 മുതൽ 136 വരെ വൻതരുക്കൾ നമ്മുടെ വനങ്ങളിൽ വളരുന്നതായി കണക്കാക്കപ്പെട്ടിരിക്കുന്നു. ഇതിനും പുറമേ മുള, ഈറ, കാനക്കമുകു്, ഈന്ത, ഉലററി, ഏലം, ഇഞ്ചി, കാട്ടുകുരുമുളകു്, മേച്ചിൽപ്പുല്ലു്, പുൽത്തൈലപ്പുല്ലു് തുടങ്ങി നിരവധി സസ്യസമൂഹങ്ങളെക്കൊണ്ടു് നിതരാം അനുഗ്രഹിക്കപ്പെട്ടതാണു് ഈ മലകളും, വനങ്ങളും. തരുലതാദികൾ പൂത്തു്, പരിമളം വീശി, വർണ്ണോജ്ജ്വലമായി നില്ക്കുന്ന വസന്തകാലത്തെ വനഭംഗി അവർണ്ണനീയംതന്നെയാണു്. പലതരം ഭൃംഗങ്ങൾ മുരണ്ടുപറന്നു് വിശ്രമരഹിതമായി തേൻ ശേഖരിക്കുന്നതും അപ്പോഴാണു്. കടന്നലുകൾ വനത്തിൻെറ വൻതരുക്കളുടെ ഉയന്നശാഖകളിൽ പൈനാപ്പിൾക്കൂടുകൾപോലെ കെട്ടിയുണ്ടാക്കുന്ന തേൻകൂട്ടുകൾ വാർതിങ്കൾകണക്കെ വളന്നുവരുന്നതു് കാണുക എന്തൊരു അഴകാണെന്നോ. ഉദയാസ്തമനവേളയിൽ സൂര്യരശ്മികൾ തട്ടി പ്രകാശിക്കുന്ന ഈ കൂട്ടുകൾ ദശിക്കുമ്പോൾ മുഹറത്തിനു് എഴുന്നെള്ളിക്കാറുള്ള കലാസുഭഗമായ പഞ്ചാക്കൂട്ടുകൾ കാണുന്ന പ്രതീതിയാണുണ്ടാവുക. എയ്തുവിടുന്ന അമ്പുകളുടെ വേഗതയിലാണു് ആ കൂട്ടുകളിൽ നിന്നും കടന്നലുകൾ നാലുപാടും പറന്നുപോയി പകൽ

മുഴക്കെ മധുവും പൂമ്പൊടിയും ശേഖരിക്കാറുള്ളതു്. തൊഴിലില്ലായ്മയെ പഴിച്ചുകൊണ്ടിരിക്കുന്ന അലസനായ മനുഷ്യൻ അതുകണ്ടു് ലജ്ജിക്കുകതന്നെവേണം. ഒരു കൂടിൽനിന്നും മിക്കവാറും രണ്ടും മൂന്നും പറ തേൻ പിഴിഞ്ഞെടുക്കാം.

മുമ്പൊരുകൊല്ലം പതിവുപോലെ തേൻ ശേഖരിക്കുവാൻ ഗാർഡുകൾമുഖേന മലംകാണികൾക്കു് അഡ്വാൻസു തുക ഏല്പിച്ചിരുന്നു എങ്കിലും യഥാകാലം തേൻ വന്നുചേരായ്കയാൽ അവരുടെ ജോലിസ്ഥലത്തുതന്നെ ചെന്നു് അന്വേഷിക്കാമെന്നു് ഞാൻ നിശ്ചയിച്ചു. രാജവാഴ്ചയുടെ കാലമായിരുന്നു അതു്. ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിലെ ആവശ്യത്തിനു് ഉത്സവമഠത്തിൽ തേൻ ഏല്പിക്കേണ്ടതു് ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിൻെറ ചുമതലയുമായിരുന്നു. സ്വാമിയുടെ നിവേദ്യക്കാര്യം മുടങ്ങിയാൽ വരാവുന്ന ഭവിഷ്യത്തിനെക്കുറിച്ചു പറയാനുണ്ടോ? പക്ഷേ, ദൈവംതമ്പുരാൻെറ കാര്യമായാലും ശരി, തേൻ ശേഖരിക്കുവാൻ അനുവദിക്കുന്ന പണത്തിൻെറ ഓഹരി റെയിഞ്ചർമുതൽ താഴോട്ടു് ഗാർഡുകൾവരെയുള്ള ഉദ്യോഗസ്ഥന്മാർ പങ്കുവച്ചു് എടുത്തതിനുശേഷമുള്ള നാമമാത്രമായ ഒരു സംഖ്യ മാത്രമേ പണിയെടുക്കുന്ന പാവപ്പെട്ട കാണിക്കാരൻെറ കൈയിൽ എത്തിക്കാറുള്ളു. അവൻ ശേഖരിക്കുന്ന തേനും അതുപോലെ പടിപടിയായി മേലോട്ടു് കൺസർവേററർവരെയുള്ള യജമാനന്മാക്കു് സൗജന്യവിതരണം അഥവാ ഓസു കൊടുക്കുകയുംവേണം, എല്ലാ ഉദ്യോഗസ്ഥന്മാരും ഒരുപോലെയാണെന്നു ഞാൻ പറയുന്നില്ല. ഒരു പൈസപോലും എടുക്കാത്ത കണിശക്കാരും അവരിലുണ്ടു്. എങ്കിലും നേരുപറഞ്ഞാൽ തേനിൻെറകാര്യത്തിൽ അത്ര കണിശം പാലിക്കാൻ വലിയ വിഷമംതന്നെയാണു്. അത്രയ്ക്കുള്ള പ്രായോഗികപ്രയാസം അതിലുണ്ടു്, ഫാറസ്റ്റ് കാരുടെ തേനിൻെറയും, ഈഞ്ചയുടെയും അത്ഭുതാവഹമായ പ്രേരണാശക്തി ഏറെക്കുറെ അറിയാവുന്ന നിങ്ങളോടു്

അതിനെക്കുറിച്ച് അധികമൊന്നും വിസ്തരിക്കേണ്ട ആവശ്യമില്ല. ഏതായാലും അന്നേദിവസം സന്ധ്യയോടുകൂടിത്തന്നെ ഞാനും ഏതാനും ഗാർഡുകളുമായി തേൻ ശേഖരിക്കുന്ന സങ്കേതത്തിലെത്തി. ആ സ്ഥലം പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ളതായി കണ്ടില്ല. അങ്ങനെയാണ് അതൊരു കന്യകാവനമായി കണ്ടുപിടിക്കപ്പെട്ടത്. ഒരു സാനുപ്രദേശമായിരുന്നു അവിടം. അതിന്റെ തെക്കേച്ചരുവിൽ മാനംതുളച്ചുകൊണ്ട് ഒരു ഊക്കൻ ഇലവുവൃക്ഷം നില്ക്കുന്നുണ്ടായിരുന്നു, അഞ്ഞൂറടിയോളം താഴ്ചയുള്ള കൊക്കയിലേയ്ക്ക് അതിന്റെ ഒരു ശാഖ നീട്ടിയിരുന്നു. ആ നീണ്ട ശാഖയുടെ മദ്ധ്യത്തായി തൂങ്ങിക്കിടന്നിരുന്ന മൂന്നു വലിയ തേൻകൂടുകൾ ഉയരംകൊണ്ട് ചിമിഴകളെപ്പോലെ ചെറുതായി കാണപ്പെട്ടു. സാധാരണയായി ഇത്തരം ദുർഗ്ഗമസ്ഥാനങ്ങളിൽ മാത്രമേ പെരുന്തേനീച്ചകൾ കൂടുവയ്ക്കാറുള്ളു. അതിനുള്ള ബുദ്ധിയും വിരുതും അവററകൾ ഏതു കരകൗശലശാലയിൽനിന്നാണ് ഗ്രഹിക്കുന്നതെന്നു നിശ്ചയമില്ല. ഞങ്ങൾ അവിടെ ചെന്നപ്പോൾ ആ വൃക്ഷത്തിന്റെ തായ്ത്തടിയിലും ശിഖരങ്ങളിലും കാണിക്കാർ ഏണികൾ കെട്ടിക്കഴിഞ്ഞിരുന്നു. ഏഴെട്ടു കാണിക്കാരുടെ രണ്ടുമൂന്നു ദിവസങ്ങളിലെ പണി ആയിരുന്നു അതു്. അവർ ശേഖരിച്ച അധികമുള്ള മുളകളും നാരുകളും അവിടെ കിടപ്പുണ്ടായിരുന്നു. നൂറടിക്കുമേൽ ഉയരംവരെ കൊടിമരംപോലെ വളന്നിട്ടാണ് തായ്ത്തടി ശാഖകൾ വീശിയിരുന്നതു്. കവരംവരെ ഏണിയിൽക്കൂടി വലിയ പ്രയാസംകൂടാതെ കയറാം. പിന്നീടുള്ള കയററം ആരെയും ഞെട്ടിപ്പിക്കാതിരിക്കില്ല. കവരങ്ങൾ തമ്മിൽ ബന്ധിച്ച് നെടുകെയും കുറുകെയും ഏണികൾ വച്ചുകെട്ടി കൊക്കയിലേക്ക് ചാഞ്ഞുനില്ക്കുന്ന നീണ്ട ശാഖയിലേയ്ക്കു് എത്തിച്ചിട്ടുണ്ട്. കൂററാക്കൂററിരുട്ടത്ത് ഒരു കൈയിൽ കത്തിച്ചുപിടിച്ച അറച്ചൂട്ടുമായി ഏണികൾവഴി മുകളിൽ കയറി കടന്നലുകളെ

പായിച്ച് തേൻകുട്ടുകൾ അറുത്തെടുത്തുകൊണ്ടുവന്ന കാണിക്കാരൻെറ ധീരതയും ചുറുചുറുക്കും കണ്ടു് ഞാൻ അത്ഭുതപ്പെട്ടുപോയി. വല്ല കാരണവശാലും ചൂട്ട് അണഞ്ഞുപോയാൽ കുത്തു വിഷമുള്ള കൊമ്പുകൾകൊണ്ടു് കടന്തലുകൾ അവനെ കൊത്തിക്കൊല്ലും. കയ്യോ കാലോ വഴുതി അഞ്ഞൂറടി താഴ്ചയുള്ള കൊക്കയിൽ വീണാൽ പെറുക്കിഎടുക്കാൻ അവൻെറ ഒരു എല്ലുപോലും കിട്ടുകില്ല. അതാണു കാണിക്കാരൻെറ ജീവിതം. അവനു കിട്ടുന്ന പ്രതിഫലമോ ഒരു ദിവസത്തെ ആഹാരത്തിനുപോലും മതിയാവുകയില്ല. തേൻ, ഏലം, ആനക്കൊമ്പ് തുടങ്ങിയ വിശേഷപ്പെട്ട വനവിഭവങ്ങൾ ശേഖരിക്കുവാൻ നിയുക്തരാകുന്ന സാധുകാണിക്കാരൻ, വേട്ടവൻ, പണ്ടാരം, മുതുവൻ തുടങ്ങിയ മലവർഗ്ഗക്കാരുടെ അനുകമ്പാർഹമായ അനാഥസ്ഥിതിയെക്കുറിച്ചു പട്ടണവാസികളായ നാം എന്തറിയുന്നു? വന്യമൃഗങ്ങളോടൊപ്പം ജീവൻ കൈയിലെടുത്തു സഞ്ചരിക്കുന്ന അവക്ക് മനുഷ്യോചിതമായ ആഹാരമില്ല, വസ്ത്രമില്ല, ഗൃഹമില്ല, വിദ്യാലയങ്ങളോ ആതുരശാലകളോ ഒന്നുംതന്നെയില്ല. അതിൻെറയൊക്കെപ്പേരിൽ പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തി ചിലവഴിക്കുന്ന തുകകൾ എല്ലാം ചൂഷണംചെയ്യപ്പെടുകയാണു ചെയ്യുന്നതു്. വനത്തിലെ സക്കാർജോലികൾ മുഴുവൻ ഈ പാവങ്ങൾ ചെയ്യുകയും വേണം. പാവപ്പെട്ടവരുടെയും അദ്ധ്വാനിക്കുന്നവരുടെയും ഭരണം വന്നിരിക്കുന്ന ഈ കാലത്തെങ്കിലും അവക്കൊരു മേൽഗതി ഉണ്ടാകുമോ? കണ്ടുതന്നെ അറിയണം.

യാതൊരു ആപത്തുംകൂടാതെ അന്നു രാത്രി പത്തുമണിയോടുകൂടി ഞങ്ങൾ ചാലിയക്കര റബ്ബർതോട്ടംവഴി കരിപ്പൻ തോട്ട് ഗാർഡ്സ്റ്റേഷനിൽ വന്നുചേർന്നു. ആനകളും, കടുവാകളും, കരടികളും ഉള്ള വനങ്ങൾ താണ്ടിയാണു് ഞങ്ങൾ തോട്ടത്തിൽ പ്രവേശിച്ചതു്. ചൂട്ടുകളുടെ പ്രകാശവും, നിര

ന്തരമായുള്ള അയ്യപ്പൻവിളികളുടെ ഒച്ചയും ഞങ്ങളെ രക്ഷി ച്ചു. പക്ഷേ, നേരംവെളുത്തപ്പോഴാണ് ഞാൻ അറിയുന്നത് കാണിക്കാരിൽ ഒരുവനെ കാണാനില്ലെന്നു്, കടുവാശല്യം കൂടുതലുള്ള ഒരു സന്ദർഭമായിരുന്നു അപ്പോൾ. തോട്ടത്തി ലെ മത്തായിറൈറ്റരുടെ പശുവിനെ കടുവാ എടുത്തിട്ട് അന്നു് ഒരാഴ്ചപോലും കഴിഞ്ഞിരുന്നില്ല. ഗാർഡ്സ്റ്റേഷന ടുത്തുള്ള കാട്ടരുവിയുടെ മണൽപ്പരപ്പിൽ ഒരു കടുവായുടെ ചുവടുകൾകൂടി പതിഞ്ഞുകിടന്നിരുന്നതു കണ്ടപ്പോൾ ഞങ്ങളു ടെ പരിഭ്രമം വർദ്ധിച്ചു. ആ ചുവടുടയാളത്തിൽ അപ്പോഴും മണ്ണു ചൊരിഞ്ഞുവീണുകൊണ്ടിരുന്നതിനാൽ കടുവാ അവി ടം കടന്നുപോയിട്ട് അധികസമയമായില്ലെന്നും ഇരയെ സൂക്ഷിച്ചുകൊണ്ടു് അവൻ അടുത്തുള്ള കാട്ടിൽ എവിടെയോ കിടപ്പുണ്ടെന്നും മൂട്ടകാണി അഭിപ്രായപ്പെട്ടു. അതിനെത്തു ടന്നു് അടുത്തുള്ള വേട്ടക്കാരെയും മററും വരുത്തി ഞങ്ങൾ അവിടമെല്ലാം കാടിളക്കി പരിശോധന നടത്തി. ഒന്നും കണ്ടെത്തിയില്ല. ഒടുവിൽ തേൻ ശേഖരിച്ച സ്ഥലംവരെ അന്വേഷണം നീട്ടേണ്ടതായി വന്നു. കാണിക്കാരനെ കടുവാ പിടിച്ചിരിക്കുമെന്നു് നിങ്ങൾ ഉദ്ദേശിക്കുന്നുണ്ടാവാം. നിങ്ങ ളുടെ ഉല്ക്കണ്ഠയെ ഞാൻ വർദ്ധിപ്പിക്കുന്നില്ല. അങ്ങനെ ഒരു സംഭവം ഉണ്ടായതുമില്ല. മോഷ്ടിച്ച ഒരുകൂട്ട തേനുമായി അവനെ ഞങ്ങൾ വഴിയിൽവച്ചു കണ്ടുപിടിച്ചു. ഫാറസ്റ്റു കാരുടെ കണ്ണു മറഞ്ഞുകിടന്നിരുന്ന മററൊരു തേൻകൂട്ട്, അവരെ അറിയിക്കാതെ അറുത്തെടുക്കാൻ അവൻ ആ ഇല വുവൃക്ഷത്തിൽ ഒളിച്ചുകളഞ്ഞതാണു്. അരിയും തുണിയും കൊടുത്തു് കാട്ടവർഗ്ഗക്കാരെ വശീകരിച്ചെടുക്കുന്ന കച്ചവട ക്കാരായ നാട്ടുകാരിൽനിന്നായിരിക്കണം ശുദ്ധശീലക്കാരായ കാണിക്കാർ ഈ കള്ളവും തട്ടിപ്പും പരിശീലിച്ചതെന്നു് എനിക്കു ബോദ്ധ്യമായി. അവർ അതിൽ ഇപ്പോൾ എത്ര മാത്രം "പുരോഗമിച്ചി"ട്ടുണ്ടെന്നു നിശ്ചയമില്ല.

# ഒരു ഒററയാൻെറ
# ലീലാവിലാസങ്ങൾ

വരിവരിയായി കൊടിമരംപോലെ ആകാശത്തിലേക്ക് ഉയന്നുനിൽക്കുന്ന തേക്കുവൃക്ഷങ്ങൾ ആരെയും ആകർഷിക്കാതിരിക്കയില്ല. പച്ചവിതാനമുള്ള ആയിരംകാൽ മണ്ഡപത്തിൽ പ്രവേശിച്ച പ്രതീതിയാണ് ആദ്യമായി തേക്കുതോട്ടം സന്ദർശിച്ചവക്കുണ്ടാകുക. എത്ര വലിയ കാറിനും നിർബാധം നെട്ടകെയും കുറുകെയും ഓടിപ്പോകത്തക്ക വീതി ഓരോ തേക്കുവരികൾക്കിടയിലും ഉണ്ടു്. ക്രിസ്തുാബ്ദം 1866-ലാണ് തിരുവിതാംകൂർവനങ്ങളിൽ ആദ്യമായി തേക്കുതോട്ടം ആരംഭിച്ചതു്. അമ്പതുകൊല്ലങ്ങൾക്കു മുമ്പ് 2666 ഏക്കർ തോട്ടം ഉണ്ടായിരുന്നതു് ഇപ്പോൾ അതിൻെറ പത്തിരട്ടിയായി വദ്ധിച്ചിട്ടുണ്ടു്. കോന്നിയിൽ കുമ്മണ്ണൂർ എന്ന സ്ഥലത്തു് ആദ്യമായി ആരംഭിച്ച തോട്ടം ഇപ്പോൾ നട്ടവത്തുമൂഴിയും, കരിപ്പൻതോട്ടം കടന്നു് തൊറവരെ അച്ചൻകോവിലാറിൻെറ ഉത്തരതീരം മുഴക്കെയും വ്യാപിച്ചുകഴിഞ്ഞിരിക്കുന്നു.

കോന്നിയിൽനിന്നും തുറയിലേക്കു സുമാർ 22 മൈൽ ദൂരമുണ്ടു്. അവിടെനിന്നും കഷ്ടിച്ചു് ആറു മൈൽദൂരമേ ഉള്ളു അച്ചൻകോവിൽക്ഷേത്രത്തിലേക്കു്. അവിടം കഴിഞ്ഞാൽ സഹ്യാദ്രിയുടെ കിഴക്കെ ചരിവാണു്. അതു് പാണ്ടിദേശങ്ങളിൽ അവസാനിക്കുന്നു. കോന്നിയിൽനിന്നും

അച്ചൻകോവിൽവഴി പാണ്ടിയിലേക്കുള്ള യാത്ര പണ്ടും ഇന്നും കാട്ടുപാതയിൽക്കൂടിത്തന്നെയാണ്. വളരെ അപൂർവ്വമായി ഉണ്ടാകാറുള്ള ആന, കടുവാ, കരടി തുടങ്ങിയ വന്യമൃഗങ്ങളുടെ ശല്യമില്ലെങ്കിൽ ഇത്രയും വിനോദകരവും, വിജ്ഞാനപ്രദവും, വിശ്രമസുഖവും ഉള്ള ഒരു കാട്ടുപാത വേറെ ഇല്ലെന്നുവേണം പറയുവാൻ. വനത്തിന്റെ സുന്ദരവും അത്ഭുതവുമായ പ്രകൃതിവിലാസങ്ങൾ അവിടെ ദർശിക്കുവാൻ കഴിയും.

മുപ്പതുകൊല്ലങ്ങൾക്കു മുമ്പ് ഒരു ഒററയാൻകാട്ടാനയുടെ ഭയങ്കര ആക്രമണം ആ പ്രദേശങ്ങളിലുണ്ടായി. അതുവഴി സഞ്ചരിച്ചിരുന്ന ആളുകളെ അവൻ മനഃപൂർവ്വം ഉപദ്രവിക്കുവാൻ തുടങ്ങി. മനുഷ്യരെ കണ്ടാൽ ഓടിച്ചിട്ടുപിടിച്ച് അവരുടെ തലമാത്രം പറിച്ചെടുക്കുക ആയിരുന്നു അവന്റെ ഏററവും വലിയ ക്രൂരവിനോദം. അവന്റെ അന്തരം നിഷ്ഠൂരവിനോദത്തിനു് ഹതഭാഗ്യരായ രണ്ടു മനുഷ്യജീവികൾ ഇരയായിത്തീർന്നിരുന്നു. ആ പ്രദേശങ്ങളിലെല്ലാം അവൻ മദംകയറി ഓടിനടന്നു് പല നാശങ്ങളും വരുത്തി. മനുഷ്യരോടു മാത്രമല്ല അവരുമായി ബന്ധമുള്ള സകലതിനോടും അവനു ശത്രുത ഉണ്ടായി. തേക്കുതൈകളെ കണ്ടമാനം ഉരിച്ചും ഒടിച്ചും നശിപ്പിച്ചു. മനുഷ്യവാസമുള്ള പുരകൾ വലിച്ചു താഴെയിട്ടു ചവുട്ടിമെതിച്ചു. അവനു മദം ഇളകാനുള്ള കാരണത്തെക്കുറിച്ചും അവന്റെ ഒടുങ്ങാത്ത മനുഷ്യവിദ്വേഷത്തെക്കുറിച്ചും ആരും അന്നു് അന്വേഷിച്ചതേയില്ല. അതേസമയം മനുഷ്യർ അവന്റെ നേക്ക് അമ്പുകൾ തൊടുത്തിവിടാനും വെടികൾ പൊട്ടിക്കുവാനും മററു പ്രതികാരനടപടികൾ എടുക്കുവാനും ധൃതികൾകൂട്ടി. അവൻ അക്രമിയും, മനുഷ്യവിദ്വേഷിയും ആയിത്തീർന്നതു് ക്ഷന്തവ്യമാണോ എന്നു നമുക്കു പരിശോധിക്കാം.

ഇരുപത്തിരണ്ടോളം കാട്ടാനകളുടെ സംഘത്തലവനായിരുന്ന ആ ഒററയാൻ. അവന്റെ പററത്തിൽ പ്രായപൂത്തിവന്നതും വരാത്തതും തീരെ കുഞ്ഞുങ്ങളും ആയ ആനകൾ ഉണ്ടായിരുന്നു. വളരെക്കാലം അവൻ അവരെ എല്ലാം കാത്തുസൂക്ഷിച്ച് ആപത്തൊന്നുംകൂടാതെ വളത്തിക്കൊണ്ടുവന്നു. ആഞ്ഞിലിക്കാട്ടം, തറക്കാട്ടം, ഈന്തക്കാട്ടം, ഉപ്പുചതിപ്പുമുള്ള നല്ലനല്ല സ്ഥലങ്ങളിലെല്ലാം അവൻ അവരെ കൊണ്ടുനടന്നു തീററി വളത്തി. അവന്റെ സംഘത്തിലുള്ളവർ അവനെ സ്നേഹിക്കുകയും, ബഹുമാനിക്കുകയും, അനുസരിക്കുകയും ചെയ്തിരുന്നു. അവർ കളിച്ചു മേളിക്കുമ്പോൾ അവൻ അകലെ അവക്കുചുററും വട്ടമിട്ടുനടന്നു് ശത്രുക്കളിൽനിന്നും വല്ല ആപത്തും വരുന്നുണ്ടോ എന്നു് തുമ്പിക്കരം ഉയത്തി മണത്തും ചെവി വട്ടംപിടിച്ചു ശ്രദ്ധിച്ചും കണ്ണു തുറന്നു നോക്കിയും ഗാട്ടനിന്നിരുന്നു. മററു് ഒററയാന്മാർവന്നു് അവന്റെ സംഘത്തിലെ കുഞ്ഞുങ്ങളെ തട്ടിക്കൊണ്ടുപോകാതെ അവൻ പ്രത്യേകം സൂക്ഷിച്ചു. അതിനുവേണ്ടി പല സമരങ്ങളും അവൻ നടത്തി. വനക്രീഡകൊണ്ടും ജലക്രീഡകൊണ്ടും അവൻ സംഘത്തിലുള്ള അവന്റെ ഇഷ്ടപ്രേയസിമാക്കു പരിപൂണ്ണ ആനന്ദവും സംതൃപ്തിയും നൽകി. തുള്ളിമണ്ടുന്ന ആനക്കിടാങ്ങൾ സംഘത്തലവനായ ഒററയാന്റെ ചില ശബ്ദവിശേഷങ്ങൾ ശ്രവിക്കുന്ന മാത്രയിൽ ഓടിച്ചെന്നു് തള്ളമാരുടെ പള്ളക്കീഴിൽ ഒളിക്കുന്നതും മററാനകൾ സമരച്ചിട്ട ഒപ്പിച്ചു് അണിനിരക്കുന്നതും അല്പനിമിഷങ്ങൾക്കുള്ളിൽ അവരെല്ലാം ഒന്നുചേന്നു് വിജയം ആഘോഷിക്കുന്നതും കാണ്മാൻ രസമുള്ള കാഴ്ചയാണു്. കഥകളിയുടെ സകല ശബ്ദവിശേഷങ്ങളും, നാട്യവിശേഷങ്ങളും രസാനുഭൂതിയോടുകൂടി നമുക്കവിടെ കേൾക്കുകയും കാണുകയും ചെയ്യാം. നിർഭാഗ്യം എന്നു പറയട്ടെ, ആ സംഘത്തിന്റെ സുവണ്ണകാലം നീണ്ടുനിന്നില്ല. സമാ

ധാനവും സൗഭാഗ്യവും കളിയാടിയിരുന്ന ആ കരിവരസംഘത്തിൽ കരിനിഴൽ വീഴുവാൻ തുടങ്ങി. കാലത്തിൻെറ അലംഘനീയമായ കളികൾ അവരെയും ബാധിച്ചു. സംഘത്തിലെ ചെറുകൊമ്പന്മാർ പ്രായമായി വരുന്തോറും നേതാവിനെ എതിൎക്കുവാനുള്ള വാസനയും അവക്കു വർദ്ധിച്ചു വന്നു. ആദ്യമാദ്യം ഒററയാൻെറ ബലം പരീക്ഷിക്കുന്നതു് അവക്കു് ഒരു വിനോദമായിരുന്നു. ഒററയാനും അതു കാര്യമായി കരുതിയില്ല. ഒടുവിൽ അതൊരു അനിർവാര്യമായ ആവശ്യമായിത്തീൎന്നു. നേതാവിനെ അവർ അവഗണിച്ചു തുടങ്ങി. സംഘത്തിലെ പിടിയാനകൾക്കു ഒററയാൻെറ ശിഷ്യപ്രധാനനോടു കൂടുതൽ ബഹുമാനവും സ്നേഹവും ഉണ്ടായി. ഒററയാൻെറ നിർദ്ദേശങ്ങളും ഉപദേശങ്ങളും ആ സംഘത്തിലുള്ളവർ അവജ്ഞാപൂർവ്വം നിരസിക്കുവാൻ ധൈര്യപ്പെട്ടു. കൊമ്പന്മാർ തമ്മിൽ നേതൃത്വത്തിനു വേണ്ടിയുള്ള സമരം പ്രകടമാകുകയും ചെയ്തു, ഏതാണ്ടു് ഈ സന്ദർഭത്തിലായിരുന്നു സൎക്കാരിൽനിന്നു് ആനപിടുത്തത്തിനുള്ള ഒരുക്കങ്ങൾ ആ പ്രദേശങ്ങളിൽ ആരംഭിച്ചതു്. തൊറയുടെയും, കരിപ്പൻതോട്ടിൻെറയും ചുററുമുള്ള വനങ്ങളിൽ ആനക്കുഴികൾ എടുത്തു പുതവയ്ക്കുവാനുള്ള ഏൎപ്പാടുകൾ ഉണ്ടായി. ആനപിടുത്തക്കാരുടെ ഒളിച്ചൊളിച്ചുള്ള പോക്കും വരവും താപ്പാനകളുടെ സാന്നിദ്ധ്യവും മണത്തറിഞ്ഞ ഒററയാൻ തൻെറ സംഘത്തെ ദൂരെയുള്ള ഉയൎന്ന മുരിപ്പിലെ രക്ഷാസങ്കേതങ്ങളിലേക്കു കൂട്ടിക്കൊണ്ടുപോകാൻ ശ്രമിച്ചു. പക്ഷേ, അജ്ഞതയും അവിവേകവും ബാധിച്ച അവൻെറ സംഘം അതു കൂട്ടാക്കിയില്ല. ഒററയാൻെറ സകല ശ്രമങ്ങളും വിഫലമായി. ശിഷ്യപ്രധാനിയുടെ അവിവേകത്തെക്കുറിച്ചു വ്യസനിച്ചും അവനെ അന്ധമായി വിശ്വസിച്ചു പ്രണയിക്കുവാൻ തുടങ്ങിയ പിടിയാനകളുടെ വ്യാമോഹത്തെക്കുറിച്ചു ദുഃഖിച്ചും നിരപരാധികളായ കുഞ്ഞാനക

ളുടെ നിസ്സാഹയതയെ ഓത്തു വിലപിച്ചും പരിണതപ്രജ്ഞ നായ ആ ഒററയാൻ മററു ഗത്യന്തരമില്ലാതെ ആ സംഘത്തിൽനിന്നും പിരിഞ്ഞുപോയി; അഥവാ ബഹിഷ്കൃതനായി. തൊറയിൽനിന്നും ഒരു നാഴിക തെക്കുള്ള ഉന്നതനായ കോട്ടക്കയം മുരിപ്പിൻെറ മുകളിൽ അവൻ പ്രവേശിച്ചു. ആ മുരിപ്പിൻെറ പശ്ചിമാഗ്രത്തിൽനിന്നാൽ കടൽക്കരയിലുള്ള കൊല്ലത്തെ ദീപസ്തംഭം കാണാം. അത്രയ്ക്കുള്ള ഉയരം ആ മുരിപ്പിനുണ്ട്. കൂട്ടംപിരിഞ്ഞ ഒററയാൻ ആസന്നമായ ആപത്തിനെ പ്രതീക്ഷിച്ചുകൊണ്ട് ആ മുരിപ്പിൽത്തന്നെ കഴിഞ്ഞുകൂടി. അതിൻെറ മൂന്നാംദിവസം അവൻെറ പ്രതീക്ഷ ഫലിച്ചു. അവനെ ധിക്കരിച്ച സംഘത്തിലെ ശിഷ്യപ്രധാനൻ ഉൾപ്പടെ രണ്ടു കൊമ്പന്മാരും, നാലു പിടിആനകളും, ഒരു കുട്ടിയും പുതവ്ച്ച ആനക്കുഴികളിൽ വീണു. ശേഷമുള്ളവർ ഒരുകണക്കിൽ രക്ഷപ്പെട്ടു. സംഘട്ടനംകൊണ്ടു പരിവത്തനം സംഭവിച്ചതിൻെറയും പഴയ തലമുറ പുതിയ തലമുറയ്ക്കു വഴിമാറിക്കൊടുത്തതിൻെറയും വിചിത്രവും വിനോദാഭാസവുമായ ഒരു സംഭവമായിരുന്നു അതു്. സക്കാർ ഉദ്യോഗസ്ഥന്മാരുടേയും. താപ്പാനകളുടെയും, പാപ്പാന്മാരുടെയും സഹായത്തോടുകൂടി കുഴിയിൽവീണ ഗജവീരന്മാരെ "ഇട്ടുകെട്ടി", കഴുത്തിലും നടകളിലും "വടം എത്തിച്ചു", കരയ്ക്കുകയററി നടത്തി കോന്നിയിലുള്ള ആനക്കൂട്ടിൽ കൊണ്ടുചെന്നടച്ചു. കഥാനായകനായ നമ്മുടെ ഒററയാൻ അന്നുമുതല്ക്കാണു മദംകയറി മനുഷ്യവിദ്വേഷിയായിത്തീന്നതു്. അവൻ അപരാധിയാണോ? വിരഹംമൂലമുള്ള മാംസദാഹത്താൽ അവനു മദം ഇളകി. സ്വവഗ്ഗത്തിൻെറമേൽ അന്യായമായി മനുഷ്യർ ചെലുത്തുന്ന ആധിപത്യംകണ്ടു് അവനു മനുഷ്യവിദ്വേഷമുണ്ടായി. എന്താണു തെററു്? അപമാനിതനും, നിരാശ്രയനും, വർഗ്ഗസ്നേഹിയുമായ ഒരു കാട്ടാനയുടെ പരസ്യമായ പകവീട്ടൽ ക്ഷന്തവ്യമല്ലെന്നുണ്ടോ?

മാസങ്ങൾ പലതുകഴിഞ്ഞു. ഒററയാൻെറ മനുഷ്യവിദ്വേഷം അവസാനിച്ചില്ല. കോട്ടക്കയം മുരിപ്പും, പറക്കുളം മുരിപ്പും, കുമരംകുടി മുരിപ്പും സങ്കേതമാക്കിവച്ചുകൊണ്ടു് അവൻ ആക്രമണമേഖലകളുടെ പരിധി വർദ്ധിപ്പിച്ചു. വനനിബിഡമായ ഈ പർവ്വതപ്രദേശങ്ങളിൽ ഒരു കാലത്തു് അനേകം ശതാബ്ദങ്ങൾക്കു മുമ്പു് സംസ്കാരസമ്പന്നരായ ജനങ്ങൾ അധിവസിച്ചിരുന്ന ലക്ഷ്യങ്ങൾ ഇന്നും കാണുവാനുണ്ടു്. മൺമറഞ്ഞ ക്ഷേത്രങ്ങളുടെയും, പുറമതിലുകളുടെയും, പാറക്കല്ലുകൾകൊണ്ടു് പടികൾ പടുത്തിട്ടുള്ള കുളങ്ങളുടെയും അവശിഷ്ടങ്ങൾ അവിടത്തെ വനങ്ങൾക്കുള്ളിൽ പലസ്ഥലത്തും കാണാം. ഒരു പുരാതനവസ്തുശാസ്ത്രജ്ഞൻെറ പാടവത്തോടുകൂടി നമ്മുടെ ഒററയാൻ അതെല്ലാം തിരഞ്ഞുപിടിച്ചു് ഗവേഷണയോഗ്യമാക്കിത്തീർത്തു. അവൻ പറക്കുളം മുരിപ്പിലെ ശിവലിംഗം പിഴുതെടുത്തു് കുമരംകുടി മുരിപ്പിൽകൊണ്ടുപോയി പുനഃപ്രതിഷ്ഠ നടത്തി. അങ്ങനെ പലതും. കൊല്ലവർഷം 175–നും 275–നും മദ്ധ്യേ കേരളം ഭരിച്ചിരുന്ന ചേരരും, കേരളം ആക്രമിക്കുവാൻവന്ന ചോളരും തമ്മിൽ നിർണ്ണായകമായ ഒരു നൂററാണ്ടുയുദ്ധം ഉണ്ടായതായും ഇരുകൂട്ടർക്കും ഒടുങ്ങാത്ത നാശം സംഭവിച്ചതായും ചരിത്രരേഖകൾ ഉണ്ടു്. അക്കാലത്തു് കേരളചക്രവർത്തിയായ രാമവർമ്മ കുലശേഖരപ്പെരുമാൾ ഇവിടെ നിർബന്ധിതസൈനികസേവനം ഏർപ്പെടുത്തിയതായും ലോകത്തിൽ ആദ്യമായി അറിയപ്പെടുന്ന "ചാവേററുപട" (ആത്മഹത്യാസംഘം) സൃഷ്ടിച്ചതായും തെളിവുകൾ ഉണ്ടു്. അങ്ങനെ രഹസ്യമായി കളരികൾ സ്ഥാപിച്ചു് പരിശീലനംനേടി സംഖ്യാബലമുണ്ടായിരുന്ന ശത്രുസൈന്യത്തിൻെറമേൽ മിന്നൽ ആക്രമണം നടത്തുവാൻവേണ്ടി വനത്തിലേയ്ക്കു പിൻവാങ്ങി താമസിച്ചിരുന്ന രാജ്യസ്നേഹികളായ നമ്മുടെ പിതാമഹന്മാരുടെ അധിവാസസ്ഥാനങ്ങൾ ആയിരുന്നിരിക്കാം ഇന്നു വനാന്തര

ങ്ങളിൽ കാണുന്ന അത്ഭുതസ്ഥലങ്ങൾ എന്നു് ഊഹിക്കുന്നതിൽ തെററില്ല. ഏതായാലും ഈ സ്ഥലങ്ങൾ കാട്ടാനകളുടെ ഗവേഷണങ്ങൾക്കു മാത്രം വിട്ടുകൊടുക്കാതെ ചരിത്രാന്വേഷികളുടെ പരിശോധനയ്ക്കുകൂടി വിധേയമാകുന്നപക്ഷം കേരളചരിത്രത്തിൻെറ ഇരുളടഞ്ഞ ഏട്ടുകളിൽ പ്രകാശം ലഭിക്കുമെന്നുള്ളതിനു സംശയമില്ല. ചരിത്രഭാഗത്തിൽനിന്നും ഞാൻ വീണ്ടും കഥയിലേയ്ക്കു കടന്നുകൊള്ളട്ടെ.

ചംകുപ്പിള്ള ചീപ്പായി. അങ്ങനെ ആയിരുന്നു ഗാർഡ് ശങ്കരപ്പിള്ളയെ കാണിക്കാർ വിളിച്ചിരുന്നതു്. ഒരുദിവസം കോന്നിയിൽപോയി റെയിഞ്ചരെയും കണ്ടു്, ചന്തയിൽകയറി സാമാനങ്ങളും വാങ്ങി തൊറയിലേക്കു മടങ്ങുകയായിരുന്നു. അടുത്തുള്ള ഷാപ്പിൽ കയറി ശീരായൊന്നു മൂപ്പിച്ചുകൊണ്ടാണു് ഇഷ്ടൻ യാത്ര ആരംഭിച്ചതു്. അസ്തമിക്കുവാൻ പിന്നെ പത്തുനാഴിക പകലുണ്ടായിരുന്നു. അമ്പുപായുന്നതുപോലെ ശങ്കരപ്പിള്ള പോവുകയാണു്. സന്ധ്യയ്ക്കുമുമ്പുതന്നെ കരിപ്പൻതോട്ട കഴിഞ്ഞിരുന്നു. അവിടെനിന്നും ഏകദേശം ഒരു മൈലോളം ചെന്നപ്പോൾ ആനയുടെ ചെവിയടിശബ്ദം അയാൾ കേട്ടു. വഴിയരികിൽ ആന നില്ക്കുന്നതായും അയാൾ കണ്ടു. തേക്കുതോട്ടം കൂപ്പിൽ അന്നു തടികൾ അട്ടിവയ്ക്കുവാൻ ആനപ്പണി നടന്നുകൊണ്ടിരുന്ന കാലമായിരുന്നു. അതിനാൽ നാട്ടാന ആയിരിക്കും നില്ക്കുന്നതെന്നു് അയാൾ ധരിച്ചു. എന്നുമാത്രമല്ല സകല ചരാചരങ്ങളേയും ഒന്നുപോലെ കരുതുവാനുള്ള നിർമ്മലസ്നേഹം ശങ്കരപ്പിള്ളയുടെ ഉള്ളിൽകിടന്നു് ഓളംതല്ലിയിരുന്നതിനാൽ "എടാ മക്കളെ!" എന്നു് അഭിസംബോധനചെയ്തുകൊണ്ടായിരുന്നു അയാൾ ആനയെ സമീപിച്ചതു്. അവിടെ നിന്നിരുന്നതു് നാട്ടാന അല്ല; ആ ഒററയാൻ കാട്ടാനതന്നെ ആയിരുന്നു. അവൻ ശങ്കരപ്പിള്ളയുടെ വിശാലമായ വിശ്വസ്നേഹത്തെ മാനിച്ചതേ ഇല്ല. ശബ്ദംകേട്ടു തിരിഞ്ഞു് അവൻ ഗർജ്ജിച്ചുകൊണ്ടു് ആ

സാധുഗാർഡിൻെറ നേക്കു കുതിച്ചു. അവൻെറ പിടിയിൽ ആ പാവം എത്തിക്കഴിഞ്ഞു. പറയാനുണ്ടോ പിന്നത്തെ കഥ? പക്ഷേ, അപ്രമേയവും അന്യാദൃശവുമായ ശക്തിവിശേഷം ഇത്തരം സന്ദർഭങ്ങളിലാണു പ്രത്യക്ഷപ്പെടുക. സ്നേഹസ്വരൂപനായ പരാശക്തി ശങ്കരപ്പിള്ളയുടെ തല അയാൾക്കും അയാളുടെ തലയിൽ വച്ചിരുന്ന ഭാണ്ഡം ഒററയാനുമായി നൽകിക്കൊണ്ടു് സംഭ്രമജനകമായ ആ നാടകം അവസാനിപ്പിച്ചു. എങ്ങനെയോ വഴിയരികിൽ ഉണ്ടായിരുന്ന ഒരു കുണ്ടിൽ പതിച്ചു് ശങ്കരപ്പിള്ള രക്ഷപ്രാപിച്ചു. കൈയിൽ കിട്ടിയ ഭാണ്ഡവുമായി കൊലവിളിയും വിളിച്ചു് ഒററയാൻ ഓടിമറഞ്ഞു.

വർഷങ്ങൾ രണ്ടുകഴിഞ്ഞു. വീണ്ടും വസന്തം വന്നു. തരുക്കളും നികുഞ്ജങ്ങളും ശബളിതമായ പുതുമലർചൂടി, പരിമളം വീശി, മദാലസമായി നിൽക്കുന്നു. മുൻപന്തിയിൽ പുരുഷപുഷ്പങ്ങൾതന്നെയാണു് ഇന്നു മുന്നേറി നില്ക്കുന്നതു്. പെൺപൂക്കളാകട്ടെ ലതകളുടെ മറവിൽ നവോഢകളെപ്പോലെ നാണംകുണുങ്ങിനിൽക്കുന്നതേയുള്ളു. എങ്കിലും അവർതമ്മിൽ വസന്തോത്സവരഹസ്യം പരസ്പരം കൈമാറേണ്ടതുണ്ടു്. സുരഭിലസുന്ദരമായ കുസുമങ്ങളെ പരിരംഭണം ചെയ്തുകൊണ്ടു് സന്ദേശവാഹകരായ ഭൃംഗങ്ങളും ചിത്രശലഭങ്ങളും അഹർന്നിശം പണിയെടുക്കുന്നു സ്വകൃത്യനിർവ്വഹണവ്യഗ്രതയിൽ സ്വന്തം പ്രാണനെ ആഹുതിചെയ്തു മരണത്തെപ്പോലും മധുരീകരിക്കാൻ അവർ മടിക്കുന്നില്ല.

കരിപ്പൻതോടിനടുത്തുള്ള കൂപ്പിൽ തടിവെട്ടുന്ന കാലം. തടികൾ പിടിച്ചുകൂട്ടുന്നതിനായി സർക്കാർവക മൂന്നു പിടിയാനകളെ തേക്കുതോട്ടത്തിൽ നിർത്തിയിരിക്കുകയാണു്. അക്കൂട്ടത്തിൽ നമ്മുടെ ഒററയാൻെറ സംഘത്തിൽനിന്നും പിടിച്ചെടുത്ത ലളിതയും ഉൾപ്പെടുന്നു. അവൾ യൗവ്വന

യുക്തയും രൂപവതിയുമാണു്, അവളെപ്പോലെ ലക്ഷണ മൊത്ത ഒരുവൾ അക്കൂട്ടത്തിൽ വേറേ ഉണ്ടായിരുന്നില്ല. പണികഴിഞ്ഞു പാപ്പാന്മാർ ആനകളെ നനച്ചു് അവക്കു ചോറുംകൊടുത്തു തേക്കുതോട്ടത്തിൽ ആററിന്റെ സമീപം തളച്ചിരിക്കുകയാണു്. അവരുടെ മുമ്പിൽ ആഞ്ഞിലിക്കുഴകളും, പനംകൈകളും, തെങ്ങോലകളും തീററിക്കായി കൂട്ടിയിട്ടുണ്ടു്. മുമ്പിൽ കൂട്ടിയിരുന്ന പനം കൈകളിലൊരെണ്ണം വലിച്ചെടുത്തു് തറയിലും ദേഹത്തും അടിച്ചു വൃത്തിയാക്കി, ചവുട്ടി ഉരിച്ചു തുമ്പിക്കരത്തിൽ വച്ചുകൊണ്ടു് ലളിത ആലോചനാനിമഗ്നയായി നിൽക്കുന്നു. ചിന്താവിഷ്ടയായ സീതയെപ്പോലെ അവൾ പൂർവ്വകാല സ്മരണകൾ ഓർമ്മിക്കുകയായിരിക്കാം. അവളുടെ ഉള്ളിൽ വികാരങ്ങൾ അലയടിച്ചു മറിയുകയാണു്.

നേരം ഇരുട്ടി. പഞ്ചമിച്ചന്ദ്രൻ ദിക്കെങ്ങും പാൽപോലത്തെ പൂനിലാവു പൊഴിച്ചുകൊണ്ടു് താരാവലികളുമൊത്തു സഞ്ചരിക്കുന്നു. വെള്ളി ഉരുകിയൊഴുകുന്നതുപോലെ അച്ചൻകോവിലാറു് തേക്കുതോട്ടത്തിനും മറുകരയിലുള്ള ഈററക്കാടിനും മദ്ധ്യേകൂടി നിരർഗ്ഗളമായി നിർഗ്ഗമിക്കുന്നു. ആകപ്പാടെ പുളകംചാർത്തുന്ന അന്തരീക്ഷം. പകൽ കഠിനാദ്ധ്വാനംചെയ്തു ക്ഷീണിച്ച പാപ്പാന്മാരും, തോട്ടംതൊഴിലാളികളും നിശീഥിനിയുടെ മനോഹാരിതയിൽ ലയിച്ചു് സുന്ദരസ്വപ്നാവലംബികളായി നിദ്രകൊള്ളുകയാണു്. മോഹനവും, മാദകവുമായ അന്തരീക്ഷത്തിൽ ലോലവികാരങ്ങൾക്കു അധീനനായി കോട്ടക്കയംമുരിപ്പിലെ ഒററയാൻ അവിടെ നിന്നും ഇറങ്ങി ആററുതീരത്തിലുള്ള ഈററക്കാട്ടിൽ വന്നു നിന്നു് സ്ഥിതിഗതികളെ സൂക്ഷ്മവീക്ഷണം ചെയ്തുകൊണ്ടു് ചെറുതായൊന്നു "കുറുകി." അവന്റെ ശബ്ദവിശേഷം വികാരതരളിതയായ ലളിതയുടെ കർണ്ണപുടങ്ങളിൽ പതിഞ്ഞു. അതിന്റെ അർത്ഥം അവൾ മനസ്സിലാക്കി. ഒരു കോരിത്തരിപ്പു് അവളുടെ ശരീരം മുഴുക്കെ വ്യാപിച്ചു. അവൾ വികാരങ്ങൾക്കു് അധീനയായി. പിന്നീടവൾ അധികമൊന്നും ആലോചിക്കുവാൻ നിന്നില്ല. തളപറിച്ചു് നിശ്ശബ്ദം ആററിനക്കരെ നീന്തിക്കേറി അവൾ ഈററക്കാട്ടിൽ പുതുങ്ങിനിന്നു. കാടിന്റെ വിടവുകളിൽകൂടി കടന്നു

വന്ന നിലാവെളിച്ചം തേച്ചുമിനുക്കിയ അവളുടെ ശരീരത്തിൽ പതിഞ്ഞു് അവളെ ഐരാവതിയായി രൂപപ്പെടുത്തി. വെള്ളിയിൽ വാർത്തെടുത്ത ബിംബംപോലെ അവൾ നിശ്ചേഷ്ടയായി നിൽക്കുന്നതുകണ്ടു് ഒററയാൻ സാവധാനത്തിൽ അവളെ സമീപിച്ചു. തുമ്പിക്കരം ഉയർത്തി ചുംബിച്ചു. ശരീരത്തിൻെറ ഓരോഭാഗത്തും തുരുതുരാ ചുംബനങ്ങൾകൊണ്ടു് അവളെ അഭിഷേകം ചെയ്തു. വേർപാടുമുതൽ പുനഃസമാഗമം വരെയുള്ള കഥകൾ ഒന്നൊഴിയാതെ പരസ്പരം പകർന്നു. നിശയുടെ മൂന്നാം യാമംവരെ അവർ നേരംപോയതറിയാതെ കളിച്ചും, പുണർന്നും, മേളിച്ചും സ്വർഗ്ഗീയസുഖമനുഭവിച്ചു. അതുകഴിഞ്ഞു് അവർ വികാരത്തിൽനിന്നും മുക്തരായി. വിവേകം അവരെ വീണ്ടെടുത്തു. വ്യസനത്തോടുകൂടിയാണെങ്കിലും അവർ തമ്മിൽ അവസാനയാത്രപറഞ്ഞു പിരിഞ്ഞു.

ലളിത മടങ്ങി ആററിനിക്കര കയറി. തളച്ചുവട്ടിൽ വന്നു് ശബ്ദിക്കുന്നതുവരെ ഒററയാൻ ഉൽക്കണ്ഠയോടുകൂടി അവളെ നോക്കി മറുകരയിൽ നിന്നിരുന്നു. അതുകഴിഞ്ഞു് അവൻ എതിർശബ്ദം മുഴക്കി അവളോടു വീണ്ടും യാത്രപറഞ്ഞു. അവൻെറ ആശകളെല്ലാം സാധിച്ചു. അതോടുകൂടി ഈ ലോകത്തോടും അവസാനയാത്രപറയേണ്ടകാലം അവനു സമാഗതമായി. കാലമെത്തുമ്പോൾ ആനകൾ സ്വയമേവ പോയി ചരിയുന്ന അജ്ഞാതമായ ഒരു സ്ഥാനം തൊറയിൽനിന്നു മൂന്നുനാഴിക വടക്കു് അംബരചുംബിയായി നീരാവി മൂടിക്കിടക്കുന്ന ചേമ്പാലാരുകിൽ ഉണ്ടു്. കോന്നിഡിവഷനിലെ ഏററവും ഉയർന്ന മലയാണിതു്. അവൻ അവിടെപ്പോയി ചരിഞ്ഞു. അതിൻെറ പന്ത്രണ്ടാം മാസത്തിൽ ലളിത ഒരു വെള്ളാനക്കുട്ടിയെ പ്രസവിക്കയും ചെയ്തു.

# ചുട്ടരക്തത്തിൽ വിരചിച്ച ഒരു റെയിൽപ്പാത

ആയിരത്തി എഴുപത്തിയെട്ടിലോ മറ്റോ ആണെന്നു തോന്നുന്നു തീവണ്ടിയാത്രയ്ക്കുള്ള സന്ദർഭം എനിക്ക് ആദ്യമായി ലഭിച്ചതു്. അന്നു് കൊല്ലം-ചെങ്കോട്ട റെയിൽവേ പണി നടന്നുകൊണ്ടിരുന്ന കാലമായിരുന്നു. റെയിൽവേ ജോലിക്കാരേയും സാധനങ്ങളേയും കയററിക്കൊണ്ടിരുന്ന ബാലസ്റ്റുംവണ്ടികൾ മാത്രമേ അക്കാലത്തു് ഓടിയിരുന്നുള്ളു. കൊല്ലത്തു് "പെശരുവണ്ടി" വന്നതും ഏതാണ്ടീകാലത്തോട്ടു സമീപിച്ചായിരുന്നു. ഇന്നത്തെ മോട്ടാർസൈക്കിളിനെ ആണു് അന്നത്തെ പഴമക്കാർ "പെശരുവണ്ടി" എന്നു വിളിച്ചിരുന്നതു്. ഈ വണ്ടിയെ ഭയന്നു് അന്നു് പലരും പുറത്തിറങ്ങുവാൻതന്നെ മടിച്ചിരുന്നു. കാണുന്ന മാത്രയിൽ ആ യന്ത്രവിശേഷം പിശരുപോലെ പറന്നുവന്നു് മററുള്ളവരുടെ പുറത്തു കയറിക്കളയുമെന്നായിരുന്നു പലരുടേയും വിശ്വാസം. ഒരു പെശരുവണ്ടിയെ കണ്ടു് ആ ഇടയ്ക്കു് ഒരു ആന വിരണ്ടതും, തുമ്പിക്കരംകൊണ്ടു് അതിലെ സഞ്ചാരിയായിരുന്ന മുസൽമാൻെറ തേച്ചുമിനുക്കിയ തൊപ്പി പിടിച്ചെട്ടത്തും ഞാൻ ഇപ്പോഴും ഓക്കുന്നുണ്ടു്.

എൻെറ മാതാമഹൻ അന്നത്തെ ഒരു പ്രധാന റെയിൽവേ കൺട്രാക്ടർ ആയിരുന്നു. അദ്ദേഹത്തോടൊന്നിച്ചു് ഞാൻ ഒരു ദിവസം ആദ്യമായി ഒരു ബാലസ്റ്റുംവണ്ടിയിൽ

കൊല്ലത്തുനിന്നും ചെങ്കോട്ടയ്ക്കു തിരിച്ചു: കൊല്ലംമുതൽ ചെങ്കോട്ടവരെയുള്ള തീവണ്ടിയാത്രയേക്കുറിച്ച് എന്ത് അൽഭുതചരിത്രമാണു പറയാനുള്ളതെന്നോർത്ത് ഇന്നു നിങ്ങളിൽ പലരും മന്ദഹസിച്ചേക്കാം. നാം ഇപ്പോൾ പരിഷ്കാരികൾ ആണ്. 24 മണിക്കൂർകൊണ്ട് ഇൻഡ്യയിൽനിന്നും ഇംഗ്ലണ്ടിലേക്ക് മനുഷ്യൻ ആകാശത്തിൽക്കൂടി പറന്നുപോകുന്ന കാലമാണ്. അതുകൊണ്ടുതന്നെയാണ് പഴയ കഥ എനിക്കു പറയണമെന്നും നിങ്ങൾ അതു കേൾക്കണമെന്നും ഞാൻ ആഗ്രഹിക്കുന്നതു്.

പുനലൂർറെയിൽപാലം ഉറയ്ക്കുന്നതിനുവേണ്ടി ബാലന്മാരെ ബലികൊടുക്കുന്നു എന്നുള്ള സംഭ്രമജനകമായ വത്തമാനം അക്കാലത്ത് ഇവിടങ്ങളിൽ പ്രബലമായി പ്രചരിച്ചിരുന്നു. അക്കാരണത്താൽ കുട്ടികളെ വെളിക്കുവിടാതെ വീട്ടിനുള്ളിൽ പൂട്ടിയിട്ടിരുന്ന ചില മാതാപിതാക്കന്മാർ ഇന്നും ജീവിച്ചിരുപ്പുണ്ട്. പെരുവഴികൂട്ടുന്ന ഓരോ മുക്കിലും രണ്ടും മൂന്നും പേർ ചേർന്നുനിന്ന്, അവിടത്തെ കൊച്ചനെ കണ്ടില്ല, ഇവിടത്തെ കൊച്ചനെ കണ്ടില്ല എന്നും മററും 'പൂച്ചം പൂച്ചം' പറയുന്നതും, വഴിയാത്രക്കാർ പരിഭ്രമിച്ച് മൂക്കിൽ വിരൽവച്ചു കേൾക്കുന്നതും ഞാൻ കണ്ടിട്ടുണ്ട്. പട്ടിനു ചായം പിടിക്കുന്നതിനുപോലും നരബലി ആവശ്യമാണെന്നു കരുതുകയും പ്രവത്തിക്കുകയും ചെയ്തിട്ടുള്ള അന്ധവിശ്വാസികൾ നമ്മുടെ പൂർവ്വികരായിട്ടുണ്ടായിരുന്നു എന്നുള്ള തണുത്തുറഞ്ഞ സത്യം നാം ലജ്ജാപൂർവ്വം സമ്മതിച്ചേ കഴിയൂ.

ഞങ്ങളേയും, വഴിമദ്ധ്യേ ഇറങ്ങാനുള്ള ഏതാനും കൂലിക്കാരേയും വഹിച്ചുകൊണ്ടു കൊല്ലത്തുനിന്നും കാലത്ത് ആറു മണിക്ക് വണ്ടി പുറപ്പെട്ടു. കുണ്ടറയിലും കൊട്ടാരക്കരയിലും അവരിൽ ചിലരെ ഇറക്കിവിട്ടും, അവിടങ്ങളിൽ

സബ്കൺട്രാക്ടറന്മാർ നടത്തിയിട്ടുള്ള ജോലികൾ പരിശോധിച്ചും ഉച്ചയ്ക്കു മുമ്പായി ഞങ്ങൾ പുനലൂരിൽ ചെന്നു ചേർന്നു.

കൊട്ടാരക്കര കഴിഞ്ഞാൽ പിന്നെ മിക്കവാറും കാട്ടുപ്രദേശങ്ങൾ ആയിരുന്നു. ആവണീശ്വരം മുതൽ പുനലൂർ വരെയുള്ള റെയിൽപാതയുടെ അട്ടത്തും അകലെയും ഇന്നു കാണുന്ന മൊട്ടക്കുന്നുകൾ അന്നു് തരുലതാദികൾ നിറഞ്ഞ പച്ചക്കാട്ടുകൊണ്ടു പൊതിഞ്ഞിരുന്നു. ആ കാട്ടുകളെല്ലാം റെയിൽ ഓട്ടുവാൻ തുടങ്ങിയതോട്ടുകൂടി തടിയായും, വിറകായും, കരിയായും പാണ്ടിയിലേക്കു പറന്നുപോയി. ഇപ്പോൾ പുനലൂരിനു കിഴക്കും കാട്ടുകൾ കണ്ടമാനം പറന്നു തുടങ്ങിയിട്ടുണ്ടു്. വഞ്ചിവസുന്ധരയുടെ മാനം മറയ്ക്കുന്ന പച്ചപ്പട്ടുടയാടയെ 'ഛിന്നഭിന്ന'മാക്കി അലങ്കോലപ്പെട്ടുത്തുന്ന കശ്മലന്മാരുടെ പാപകർമ്മത്തെക്കുറിച്ചു് ഹാ! കഷ്ടം! അവർ അറിയുന്നതേ ഇല്ല. പുനലൂർ ഭയാനകമായ ഒരു മലനാടായിട്ടാണു് അന്നു ഞാൻ കണ്ടതു്. അന്നു് കാര്യ്യറപാടത്തിലും മററും പട്ടാപ്പകലും കാട്ടാനകൾ ഇറങ്ങി നിൽക്കുമായിരുന്നു. റെയിൽവേസ്റ്റേഷനു തൊട്ടു തെക്കുവശമുള്ള ഉയൎന്ന മലയുടെ വടക്കേ ചരുവിൽ ശാഖോപശാഖകൾ വീശി പടൎന്നു പന്തലിച്ചുനിന്നിരുന്ന ഒരു വൃക്ഷത്തെ ചൂണ്ടിക്കാണിച്ചുകൊണ്ടു് അതാണു് ഈട്ടിമരമെന്നു് എന്റെ മാതാമഹൻ എന്നോടു പറഞ്ഞു. ഭാവിയിൽ ആ രാജകീയ വൃക്ഷത്തെ ആരെങ്കിലും ചോരണംചെയ്യുമെന്നോ, യാദൃച്ഛികമായി എനിക്കു് അതിനെ കാണുവാൻ സംഗതിവരുമെന്നോ ദീർഘദൎശനം ചെയ്തിട്ടായിരുന്നിരിക്കയില്ല അന്നു ദ്ദേഹം അതു പറഞ്ഞതു്. യഥാർത്ഥത്തിൽ വളരെ കൊല്ലങ്ങൾ കഴിഞ്ഞു് ഒരു തിരുവോണദിവസം ഉദ്യോഗസ്ഥന്മാർ അവരുടെ നാട്ടിൽ ഓണംകൊള്ളാൻ പോയിരുന്ന വേളയിൽ പുനലൂരിലെ അസി: സ്റ്റേഷൻമാസ്റ്റർ ആ വൃക്ഷത്തെ വ്യാജ

മായി മുറിപ്പിക്കുകയും അവസാനം തൊണ്ടിസഹിതം അയാൾ പിടിക്കപ്പെട്ടുകയും ഉണ്ടായി. ഭാവിയെക്കുറിക്കുന്ന ഇത്തരം ആകസ്മികസംഭവങ്ങൾ നിങ്ങളുടെ ജീവിതത്തിലും അനുഭവപ്പെട്ടുന്നുണ്ടാവാം.

ഞങ്ങൾക്കു് അന്നു പുനലൂരിൽ താമസിക്കേണ്ടതായി വന്നു. അസ്തമിക്കുവാൻ വളരെ ഉള്ളപ്പോൾതന്നെ ജോലിക്കാരെല്ലാം അവരവരുടെ പണികൾ നിർത്തി താവളങ്ങളിൽ വന്നുചേന്നു. സബ്കൺട്രാക്ടരുടെ ആവശ്യത്തിനായി പ്രത്യേകം കെട്ടിച്ചിരുന്ന ഒരു ഷെഡ്ഡിൽ ആയിരുന്നു ഞങ്ങൾ അന്നു കഴിച്ചുകൂട്ടിയതു്. ഇന്നു ധാരാളം കടകളും കമ്പോളങ്ങളും കാണുന്ന ചന്തഭാഗത്തു് അന്നു് അപൂർവ്വം ചില പുല്ലുമേഞ്ഞ നിരപ്പുരകളും, ഒന്നുരണ്ടു ചെററക്കുടില്കളും മാത്രമേ ഉണ്ടായിരുന്നുള്ളു. ഓട്ടമേഞ്ഞിട്ടുള്ള ഒരു വീട്ടുപോലും കണ്ടിട്ടുള്ളതായി ഓക്കുന്നില്ലാ. സന്ധ്യ ആയപ്പോൾ ജോലിക്കാരിൽ പ്രമാണികളായ കുറച്ചുപേർ വന്നു് അവരുടെ പ്രയാസങ്ങളുടെ ഒരു പട്ടിക ഞങ്ങളോടു പറയുവാൻ തുടങ്ങി. താമസത്തിനുള്ള അസൗകര്യം, മലംപനിയുടെ ഉപദ്രവം, പച്ചമത്സ്യം കിട്ടുവാനുള്ള പ്രയാസം, വന്യമൃഗങ്ങളുടെ ശല്യം, തൊഴില്കളിൽ ഉണ്ടാവുന്ന ജീവാപായം മുതലായവയായിരുന്നു അവക്കുള്ള പ്രധാന പരാതികൾ. ഇതെല്ലാം കേട്ടപ്പോൾ കാട്ടുമൃഗങ്ങളുടെ ശല്യത്തെക്കുറിച്ചും, ഡൈനാമററുവച്ചു് പാറകൾ പൊട്ടിക്കുന്ന വിധത്തെപ്പററിയും കൂടുതൽ വിവരങ്ങൾ കേൾക്കുവാൻ ഞാൻ കൊതിച്ചു. മനുഷ്യജീവന്റെ വില നിശ്ചയിക്കുന്ന പല പരിതാപകരമായ സംഭവങ്ങളും അവരിലൊരുവൻ പറഞ്ഞു തുടങ്ങി. ആ സമയം അടുത്തവീട്ടിൽ ഉണ്ടായിരുന്ന ഒരു മൂത്തുനരച്ച കിഴവിയുടെ കണ്ണുകഠോരമായ സന്ധ്യാനാമജപം എന്നെ വളരെ അസഹ്യപ്പെട്ടുത്തി. 'മാക്രി' കരയുന്നതുപോലെ ആ മുത്തുക്കി അവരുടെ വറണ്ട കണ്ഠനാളത്തിൽ

നിന്നും ഏകസ്വരമായി പുറപ്പെട്ടുവിച്ചുകൊണ്ടിരുന്ന രാമ നാമവിളിയെ ദൈവകോപം ഭയന്നു് ആരും നിരോധിച്ചില്ല

അട്ടത്തദിവസം കാലത്തു് പാറപൊട്ടിക്കുന്ന ജോലി കാണുവാൻ ഞാനുംകൂടി പോയിരുന്നു. റെയിൽപ്പാലത്തിനട്ടത്തുണ്ടായിരുന്ന ഒരു ഉയന്ന പാറയെ ഡൈനാമററുവച്ചു പൊട്ടിക്കുന്ന ജോലിയിൽ ഒരു സംഘം തൊഴിലാളികൾ ഏപ്പെട്ടിരുന്നു. ആ ദുർദ്ദിവസം ഇരുപത്തിയൊന്നു കുഴികൾ ആ പാറയിൽ കുഴിച്ചു്, അതുകളിൽ ഡൈനാമററുകൾ താഴ്ത്തി, തിരികൾക്കു തീ കൊളുത്തുന്നതിനുമുമ്പായി എല്ലാവരും ഓടി അകലെയുള്ള രക്ഷാസങ്കേതത്തിൽ ഒളിച്ചിരുന്നുകൊള്ളുവാൻ അടയാളങ്ങൾ നൽകി. രക്ഷാസങ്കേതത്തിലെത്തുന്നതിനു വേണ്ടിവന്ന സമയത്തിനനുസരണമായിട്ടായിരുന്നു തിരികളുടെ ദൈർഘ്യം നിണ്ണയിച്ചിരുന്നതു്, എല്ലാം ഭദ്രമാണെന്നു കണ്ടതിനുശേഷം തീ കൊളുത്തുകാരൻ തിരികൾ കത്തിച്ചിട്ടു് അവിടെനിന്നും ഓടിമറഞ്ഞു. വെടികൾ പൊട്ടി, പാറക്കല്ലുകൾ അടന്നും പിളന്നും വായുമണ്ഡലത്തിലേക്കുയന്നു് ശിലാവഷംപോലെ ഭൂമിയിൽ വീണു. പൊട്ടാതെ വല്ല ഡൈനാമററുകളും ശേഷിച്ചിട്ടുണ്ടോ എന്നു പരിശോധിക്കുവാനായി തീ കൊളുത്തുകാരൻ വീണ്ടും ആ പാറപ്പുറത്തു് കയറിയതും, അവസാനത്തെ ഒരു ഡൈനാമററു പൊട്ടിയതും ഒന്നായിക്കഴിഞ്ഞു. ഹാ! എന്തൊരു ദാരുണസംഭവം!! പരിതാപകരമായ കാഴ്ച!!! പാവപ്പെട്ട ആ മനുഷ്യശരീരം മൂന്നു കഷണങ്ങളായി തെറിച്ചുയന്നു് മൂന്നു സ്ഥലങ്ങളിലായി വന്നുവീണു! ആ നിസ്സാരനായ തൊഴിലാളിയുടെ അന്നത്തെ വില പ്രതിദിനം പതിന്നാലണ മാത്രമായിരുന്നു. അവൻെറ ആത്മത്യാഗത്തിനുള്ള പ്രതിഫലം പററുവാൻപോലും അവകാശികൾ ആരുംതന്നെ ഉണ്ടായിരുന്നില്ല. എങ്കിലും ആ തൊഴിലാളിസംഘത്തിലെ

"കങ്കാണി" (മേസ്ത്രി) അന്നത്തെ സംഭവത്തെ നിസ്സാരപ്പെടുത്തുവാനായി അപ്പോൾ പാടിയ പാട്ട് ഞാൻ ഇപ്പോഴും ഓർമ്മിക്കുന്നു. "ഓങ്കാരമായപൊരുൾ മൂന്നായ് പിരിഞ്ഞുടനെ അഹങ്കാരമായതിനു ഞാൻതന്നെ സാക്ഷി" എന്നായിരുന്നു ആ നിർദ്ദയൻ പാടിയതു്. വിയർപ്പുപററാതെ തൊഴിലാളികളുടെ രക്തം ഊററിക്കുടിക്കുന്ന മലയട്ടകളായ ഇത്തരം കങ്കാണികൾ വേറെയും പലപല പേരുകളിൽ ഏകാന്തദീപ്തമായ ഈ കാലത്തും ഉപജീവിക്കുന്നുണ്ടു്.

പുനലൂരിൽനിന്നും ഉടനെ പോകണമെന്നുള്ള വിചാരം എനിക്കുണ്ടായി. അതേദിവസം നടന്നതായ മറെറാരു ദാരുണസംഭവത്തിൻെറ വിശേഷവുംകൊണ്ടായിരുന്നു അന്നത്തെ ചെങ്കോട്ടവണ്ടി പുനലൂരിലേക്കു വന്നതു്. ചെറുചുററിയൽ കൊണ്ടു് മെററൽപൊട്ടിച്ചു ശേഖരിക്കുന്ന ജോലിയിൽ ഇടമണ്ണൂരിനിപ്പുറമുള്ള റെയിൽപ്പാതയ്ക്കു സമീപം ഒരുസംഘം തൊഴിലാളികൾ ഏർപ്പെട്ടിരുന്നു. അടുത്തു പാറക്കെട്ടുകളോടുകൂടിയ വനങ്ങളും അതിനുള്ളിൽ പൊട്ടിച്ചിരിച്ചുകൊണ്ടൊഴുകിയിരുന്ന കാട്ടരുവികളും ഉണ്ടായിരുന്നു. വൈകുന്നേരം പതിവുപോലെ തൊഴിലാളികൾ പണിനിർത്തി പുനലൂരിലേക്കുള്ള വണ്ടി കാത്തിരിക്കുമ്പോൾ പരമദയനീയമായ ഒരു സംഭവമുണ്ടായി. ഭയങ്കരനായ ഒരു വ്യാഘ്രവീരൻ തൊഴിലാളികളിൽ ഒരുവൻെറ പുറത്തു ചാടിവീഴുകയും അവനെ കഴുത്തിൽപിടിച്ചു കറക്കി മുതുകിലിട്ടുകൊണ്ടു് പോകയും ചെയ്തു. ഭയംകൊണ്ടു് "വിറകൊള്ളിച്ചു"പോയ മററു തൊഴിലാളികൾ അല്പനേരത്തേക്കു് ഉരിയാടുവാൻപോലും വയ്യാതെ ഊമകളായിരുന്നുപോയി. "കടുവാ എടുത്തേ" എന്നുള്ള കൂട്ടനിലവിളി അടുത്ത നിമിഷത്തിൽ അവരിൽനിന്നും അന്തരീക്ഷത്തിലേക്കുയന്നു. വ്യാഘ്രത്തിൻെറ മുതുകിൽകിടന്നു് പ്രാണവേദനകൊണ്ടു് കാലും കൈയും അടിച്ചിരുന്ന ആ നിസ്സഹായ മനുഷ്യജീവിയെ അവക്കു് കാണാമായിരുന്നു എങ്കിലും, അവനെ രക്ഷിക്കുവാൻ ധൈര്യമുണ്ടായില്ല ഇതിനെല്ലാം കർമ്മസാക്ഷിത്വം വഹിച്ചുകൊണ്ടു നിന്നിരുന്ന അസ്തമയസൂര്യൻെറ ശോണപങ്കിലമായ ദീർഘ

ഹസ്തങ്ങൾ കശ്മലനായ കട്ടവായെ പിന്തുടൎന്നു എങ്കിലും, അവൻ പാറക്കെട്ടുകൾ ഒന്നൊന്നായി ചാടിക്കടന്നു് അടവിയുടെ അന്ധകാരത്തിൽ അപ്രത്യക്ഷനായി. അങ്ങിനെ പ്രതിദിനം പന്ത്രണ്ടണമാത്രം വിലയുണ്ടായിരുന്ന മറെറാരു മനുഷ്യജീവികൂടി അന്ധകാരമയമായ ഈ ലോകത്തിൽ നിന്നു് അന്നേദിവസം അന്തർദ്ധാനം ചെയ്തു. അവന്റെ അപമൃത്യുവിൽ അനുശോചിക്കുവാൻ വിശേഷിച്ചാരുംതന്നെ ഉണ്ടായില്ല. എങ്കിലും കറുപ്പസ്വാമിക്കു് വെള്ളംകുടി കൊടുക്കാതിരുന്നതിലുണ്ടായ ആ അത്യാഹിതത്തെ തൊഴിലാളികളെ അനുസ്മരിക്കുവാൻ ഒരു പൂജാരി അവിടെ അപ്പോൾ ഏകനായി എത്തുകതന്നെ ചെയ്തു. ദൈവത്തിനു വേണ്ടി സംസാരിക്കുവാൻ വന്ന ആ അവധൂതന്റെ ധൈര്യത്തിൽ തൊഴിലാളികൾ ആശ്ചര്യപ്പെട്ടു. പക്ഷേ, ആത്മാവില്ലാത്ത ഒരു ജന്തുവിനേയും പിടിച്ചു ഭക്ഷിച്ചുപോകരുതെന്നു് ദൈവം കട്ടവായോടു ശാസിച്ചിട്ടുള്ള വിവരം അവർ അറിഞ്ഞിരിക്കയില്ല.

അനന്തരകാലത്തൊരുദിവസം നടന്നതായ ഒരു സംഭവത്തെക്കുറിച്ചുകൂടി ഇവിടെ പറഞ്ഞിട്ടു് പുനലൂരിൽ നിന്നുമുള്ള എന്റെ യാത്രയെ വിവരിക്കാം.

ഒരുദിവസം രാവിലെ ഒരുസംഘം തൊഴിലാളികൾ ഭാരമുള്ള അലവാങ്കുകളും തോളിൽ വഹിച്ചുകൊണ്ടു് ഇടമണ്ണൂരിനു് അല്പം കിഴക്കുള്ള ഉറുകുന്നു തുരങ്കത്തിനുസമീപം മലംചരിവു വെട്ടി നിരത്തുവാൻ പോകുകയായിരുന്നു. മകരമാസത്തിലെ കട്ടിയേറിയ മൂടൽമഞ്ഞുകൊണ്ടു് ദിക്കെങ്ങും പാവോടിച്ചിരുന്നതിനാൽ വഴികളും വസ്തുക്കളും നല്ലതുപോലെ ദൃശ്യമായിരുന്നില്ല. ഒന്നിനുപിറകെ ഒന്നായി തൊഴിലാളികൾ സാവധാനത്തിൽ ചുവടുകൾവച്ചു നീങ്ങിക്കൊണ്ടിരുന്നു. പ്രഭാതത്തിലെ ഇളംവെയിലേറവുള്ള സുഖനിദ്രയെ മോഹിച്ചു് വഴിയരികിൽ ഒരു ശിലാതലത്തെ ഉപസ്തരണമാക്കിക്കൊണ്ടു്, ആ പഴയ വ്യാഘ്രവീരൻ ആണോ എന്നറിഞ്ഞില്ല, ഒരുവൻ 'കണ്ണുംപൂട്ടി' ശയിച്ചിരുന്നു. കഥ അറിയാതെ സഞ്ചരിച്ചിരുന്ന തൊഴിലാളിക

ളിൽ മുമ്പൻ അവിടെ എത്തിയതും, നിദ്രാഭംഗം നേരിട്ട കട്ടവാ ഞെട്ടിയുണന്നു വായുംപൊളിച്ചു ചാടിയതും ഒന്നായി ക്കഴിഞ്ഞു. ആ ഗ്രഹപ്പിഴക്കാരൻ തൊഴിലാളിയുടെ തോളിൽ വിശ്രമിച്ചിരുന്ന ഭാരിച്ച അലവാങ്കിൻെറ കൂത്തു നീണ്ട ഭാഗം അവനറിയാതെതന്നെ കട്ടവായുടെ തൊണ്ടയ്ക്കുള്ളിൽ പ്രവേശിച്ചു. വ്യാഘ്രത്തിൻെറ വ്യഗ്രതമൂലം അലവാങ്കിൻെറ ഒരു ഭാഗം മുഴക്കെ അവൻെറ തൊള്ള ക്കുഴിയുംകഴിഞ്ഞു് പള്ളയിലേക്കു കടന്നു. ഇതിനകം അലച്ച് കേട്ട് തൊഴിലാളിമുമ്പനും അവൻെറ അനുയാത്രികരും മൂർച്ഛിച്ചു നിലംപതിച്ചു. ഒരു പരിപൂർണ്ണനിശ്ശബ്ദത അവിടെ വ്യാപിച്ചു. നേരം വെളുത്തു് അടുത്ത സംഘം തൊഴിലാളികൾ അതുവഴി വരുന്നതുവരെ അവർ അതേ കിടപ്പിൽതന്നെ കിടന്നു. വീഴ്ചയിൽ മുറിവുകൾ പററിയ ചിലരുടെ ശരീരത്തിൽനിന്നും രക്തം ഒലിച്ചുകൊണ്ടിരുന്നു. കട്ടവായും നിണമണിഞ്ഞു് നിശ്ശബ്ദനായി കിടന്നിരുന്നു. അവിടം ആകപ്പാടെ ഒരു കുരുതിക്കളമായി കാണപ്പെട്ടു. ആഗതരായ തൊഴിലാളികൾ ഒററനോട്ടത്തിനു് കാര്യമറിയാതെ അന്ധാളിച്ചു പിറകോട്ടോടി എങ്കിലും, പിന്നീടുള്ള പരീക്ഷണങ്ങൾക്കുശേഷം വീണ്ടും സംഭവസ്ഥലത്തേക്കു മടങ്ങിവന്നു് മൂർച്ഛിച്ചുകിടന്നിരുന്നവരെ എല്ലാം വെള്ളംതളിച്ചും മററു പ്രഥമശുശ്രൂഷകൾ ചെയ്തും സ്വബോധവാന്മാരാക്കി രക്ഷപ്പെടുത്തി. കട്ടവായുടെ കാര്യത്തിൽ ഒരു ഫലവും ഉണ്ടായില്ല. അവൻെറ കർമ്മഫലം അവൻ അനുഭവിച്ചു.

കേട്ട കഥകൾ നിർത്തിയിട്ട് കണ്ട കഥകൾ തുടരാം. അടുത്തദിവസം കാലത്തുള്ള വണ്ടിയിൽ ഞങ്ങൾ ചെങ്കോട്ടയ്ക്കു പുറപ്പെട്ടു. അവിടംമുതൽക്കുള്ള യാത്ര കൂടുതൽ ആഹ്ലാദപ്രദമായിരുന്നു. അസുലഭമായ പ്രകൃതിവിലാസങ്ങൾ നമ്മുടെ നാട്ടിൽ സുലഭങ്ങളാണെങ്കിലും, അതുകളെ ആസ്വദിക്കുവാനുള്ള സഹൃദയത്വം നമുക്കു വളരെ വിരളമാണു്. പട്ടണവാസിയായ ഒരുവൻെറ ചിന്താമണ്ഡലത്തിനതീതമായ ഒരു അൽഭുതലോകത്തിൽക്കൂടിയാണു് അപ്പോൾ വണ്ടി ഓടിയിരുന്നതെന്നു് എനിക്കു് അനുഭൂതമായി. ചക്രവാതത്തിൻെറ വേഗതയിൽ ഉന്നതങ്ങളായ പർവ്വതങ്ങളേയും ചുററിക്കറങ്ങി

"ചടപടകടപട" ധ്വനി മുഴക്കിക്കൊണ്ടു് ആ പുകവണ്ടി പാതാളക്കുഴികൾക്കു മീതേക്കൂടിയുള്ള ചില പാലങ്ങൾ കടന്നപ്പോൾ ഞാൻ ഭയചകിതനായി കണ്ണുംപൂട്ടി ഇരുന്നുകളഞ്ഞു. പാലവും തുരങ്കവും മററും കടന്നു് ഞങ്ങൾ തെന്മലയിൽ എത്തി. അവിടെനിന്നും അല്പം കിഴക്കു് കഴുതയുരുട്ടി എന്നൊരു സ്ഥലമുണ്ടു്. അവിടെ റെയിൽപാത കുറച്ചുദൂരം തുറസ്സായ ഒരു സാനുപ്രദേശത്തിൽ കൂടിയാണു പോകുന്നതു്. ഇരുവശവും നോക്കെത്താത്തദൂരാവരെ ഒന്നിനുപിറകെ ഒന്നായി നിമ്നോന്നതങ്ങളായ പർവ്വതനിരകൾ ഉയർന്നുയർന്നു് ആകാശത്തിൽ ലയിച്ചുചേർന്നിരിക്കുന്നതായി കാണാം. അവിടെ വെള്ളി ഉരുകിവീഴുന്നതുപോലുള്ള വെള്ളച്ചാട്ടങ്ങളും, സുരഭിലകുസുമാലംകൃതങ്ങളായ തരുലതാദികളും, ഹരിതശോഭകലർന്ന പുൽമേട്ടകളും, ഹരിണവർണ്ണമായ കൊട്ടമുടികളും എന്തെല്ലാം വിചിത്രകാഴ്ചകളെയാണു് പ്രകാശിപ്പിച്ചതെന്നു് വിവരിക്കുവാൻ പ്രയാസം. ഞങ്ങൾ അങ്ങനെ ഉല്ലാസമായി ആടിയുലഞ്ഞു പോകുമ്പോൾ ഒരു ഒററയാൻകാട്ടാന മാർഗ്ഗതടസ്സം വരുത്തിക്കൊണ്ടു് റെയിൽവണ്ടിക്കു് അനഭിമുഖമായി നിൽക്കുന്നതു കണ്ടു. വണ്ടിയുടെ ഹുങ്കാരധ്വനിയും ആവി പറപ്പിച്ചുകൊണ്ടുള്ള "വിസിൽ" നാദവും ഒന്നുംതന്നെ അവൻ വകവച്ചില്ല. സർക്കാരിൻെറ ആനയേയും, യാത്രക്കാരുടെ ജീവനേയും കരുതി ഡ്രൈവർ വണ്ടി നിർത്തുകതന്നെ ചെയ്തു. ഒന്നുരണ്ടുപേർ വണ്ടിയിൽനിന്നും ഇറങ്ങി കല്ലുകൾപെറുക്കി ആനയെ എറിഞ്ഞു. അടുത്ത നിമിഷത്തിൽ എന്തു സംഭവിക്കുവാൻ പോകുന്നു എന്നറിയാതെ മററുള്ളവർ ഉൽക്കണ്ഠിതരായി വണ്ടിയിൽത്തന്നെ ഇരുന്നു. ഏറുകൾ കൊണ്ടയുടനെ ഭാഗ്യവശാൽ ആന തിരിഞ്ഞുനോക്കി നിലവിളിച്ചുകൊണ്ടു് അടുത്തുള്ള ഈററക്കാട്ടിലേക്കു് ഓടുകയാണുണ്ടായതു്. അവൻ ഒരു പൊട്ടൻ ആയിരുന്നുവെന്നും, അതിനുശേഷവും ചിലപ്പോഴൊക്കെ അതുപോലെ മാർഗ്ഗനിരോധംചെയ്തു നിന്നിരുന്നു എന്നും, അവസാനം ഒരു മഞ്ഞുദിവസം യാദൃച്ഛികമായി വണ്ടിയുടെ ഇടിയേററു് അവൻ ചരിഞ്ഞുവെന്നും അധികദിവസങ്ങൾ കഴിയുന്നതിനുമുമ്പു് ഞാൻ കേട്ടു.

വണ്ടി അവിടവുംകഴിഞ്ഞു് ആര്യങ്കാവിൽ ചെന്നുചേ ന്നു. പുരാണപ്രസിദ്ധമായ അവിടത്തെ പരിശുദ്ധക്ഷേത്രപരിസരങ്ങളിൽ താടിവേഷക്കാരായ അനവധി സിങ്കള്ളങ്ങൾ പ്രകടിപ്പിച്ചിരുന്ന പ്രണയചേഷ്ടകളും, ഗോഗ്വാവിളികളും എൻെറ സ്മൃതിപഥത്തിൽനിന്നു് ഒരുകാലവും മാഞ്ഞുപോകുന്നതല്ല. പള്ളകളിൽ പിള്ളകളേയും അണച്ചുപിടിച്ചുകൊണ്ടു് ചില കുരങ്ങുകൾ ഉന്നതതരുശിഖരങ്ങൾ ഒന്നൊന്നായി ചാടിക്കടക്കുന്നതു കണ്ടാൽ ആരും വിസ്മയിച്ചുപോകും. മയിലുകളേയും, മാൻപേടകളേയും അവിട്ടത്തെ പാവനവനങ്ങളിൽ ഞങ്ങൾ കണ്ടു. അച്ഛസ്ഫടികസദൃശമായ ആകാശത്തെ കീറുവാനുള്ള വജ്രസൂചികൾപോലെ രണ്ടു ഗംഭീരഗിരിശൃംഗങ്ങൾ അട്ടത്തു പൂർവദിക്കിൽ പ്രത്യക്ഷപ്പെട്ടു. അതുകളെ ലക്ഷ്യമാക്കിക്കൊണ്ടു് ആര്യങ്കാവിൽനിന്നും വണ്ടി പുറപ്പെട്ടു. ഒരു പൂർണ്ണഗർഭിണിയെപ്പോലെ സാവധാനത്തിലാണു് വണ്ടി ആ കയററം കയറിപ്പോയതു്. രണ്ടു കൊട്ടമുടികളുടേയും ഇടയിൽക്കൂടി ഞങ്ങളേയും വഹിച്ചുകൊണ്ടു് ആ നൂതനവാഹനം സഹ്യാദ്രിയുടെ കിഴക്കെ ചരുവിലേക്കു് ഇറങ്ങിയപ്പോൾ താഴെ വറണ്ടുപരന്നു് പല്ലിളിച്ചു കിടന്നിരുന്ന പാണ്ടിദേശം ഞങ്ങൾക്കു ദൃഷ്ടിഗോചരമായി. അവിടമെങ്ങും ഊതിയടിച്ചു വീശിയിരുന്ന ശുഷ്കപവനൻ ഞങ്ങളെ സ്വാഗതം ചെയ്തു.


സ്വേദകണങ്ങൾ പൊഴിച്ച തൊഴിലാളികളുടേയും, സ്വതന്ത്രവിഹാരികളായ വന്യമൃഗങ്ങളുടേയും ചുട്ടരക്തം കൊണ്ടെഴുതിയിട്ടുള്ള ഒരു സമരചരിത്രമാണു് കൊല്ലം-ചെങ്കോട്ട റെയിൽപാതയെന്നു് ഇന്നത്തെ പണ്ഡിതമൂടക്കഭിഷണികൾക്കുള്ളിൽ ഒരു സത്യം ഒളിഞ്ഞുകിടപ്പുണ്ടു്.

## Memoirs of my Forest Life

*K. C.'s 'Vanasmaranakal' Translated into English will be Published in the near Future.*

*These essays, having the flavour of first rate Short Stories, Portray the Serpentine beauty of the Wild life of Kerala, together with the bitter experiences of the Author.....*





വനയക്ഷിയുടെ ഗാനങ്ങൾ